Date of publication: 9 ഒക്ടോബർ 2015
വോള്യം 10 / ലക്കം 4 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## മതനിർമ്മിതികളും സ്ത്രീയും




# സംഘടിത


സംഘടിത|ഒക്ടോബർ 2015 |വോള്യം 10 |ലക്കം 4




**ബുദ്ധമതത്തിലെ ഥേരീജീവിതങ്ങൾ – ആർ.ഷർമ്മിള**

6 മതം മാറാനുള്ളതുകൂടിയാണ്..... - എ.ജി. ഒലീന
9 ചിഹ്നങ്ങളിൽ കുരുങ്ങുന്ന മതേതര ജീവിതം - മൈന ഉമൈബാൻ
18 സ്ത്രൈണത- അധികാരം- മതസമീപനങ്ങൾ - ജിസാജോസ്
26 ഫെമിനിസ്റ്റ് തിയോളജി: വിശകലനവും
വിശദീകരണവും - ആൻസി
34 ഒറ്റത്തിരി - ഇന്ദിര ബാലൻ
35 സ്ത്രീത്വപരികൽപനകൾ :
ഒരു താത്വിക അന്വേഷണം - ബിനീത ജോസഫ്
47 വാർദ്ധക്യപ്രമേയം ലളിതാംബിക
അന്തർജ്ജനത്തിന്റെ കഥകളിൽ - ജയശ്രീ കെ.എ.
52 മലയാള കവിത- വായനയും ദർശനവും
സിംപോസിയം -റിപ്പോർട്ട് - അമ്പിളി സുധീർ
54. വാസ്തവം - ഡോ. ജാൻസി ജോസ്
55 ചിന്തകൾ ബാക്കിയാവുന്നു - കഥ - പ്രിയ വി.പി
57 ആർട്ടിക് സമുദ്രത്തിൽ മഞ്ഞുരുകുമ്പോൾ - സീമ ശ്രീലയം




**മതം എന്ന മൃഗശിക്ഷകൻ – സെറീന**

**സമരചരിത്രത്തിലെ പുതിയ ദിശാബോധം – സാറാ ജോസഫ്**

എഡിറ്റർ : ഷീബ കെ.എം.
മാനേജിംഗ് എഡിറ്റർ : കെ. അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി കെ.എം.
ഗസ്റ്റ് എഡിറ്റർ : ഷർമ്മിള.ആർ
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ,
ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ.
കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത്
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി,
ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ-വൺ ഓഫ്സെറ്റ് ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com

## മുഖപ്രസംഗം



ഷീബ കെ.എം.

**പൊ**മ്പളൈ ഒരുമൈ (പെൺമകൾ ഒട്ട്റുമൈ എന്ന പേർ കൂടുതൽ ഉചിതമെന്നു ചിലർ) മൂന്നാറിൽ തുടങ്ങിവെച്ച ഉജ്ജ്വലസമരം തൊഴിൽ സംഘാടനത്തിൽ കാലാകാലങ്ങളായി സ്ത്രീപക്ഷം ഇല്ലാതെ പോയതിന്റെ പച്ചയായ യാഥാർത്ഥ്യം പൊതുസമൂഹത്തിനു മുന്നിൽ തുറന്നുകാട്ടുന്നു. സ്ത്രീകളുടെ തൊഴിൽസാഹചര്യങ്ങളോ കുറഞ്ഞകൂലിയോ ഒന്നും നാളിതുവരെ തൊഴിൽസമരങ്ങളിൽ ഇടം നേടാതെ പോയതെന്തുകൊണ്ട് എന്ന ചോദ്യം ഇനി അവഗണിക്കാൻ വയ്യാത്തവിധം ഉച്ചത്തിൽ ഉയർത്തപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ തങ്ങളെക്കൂടെ കൂട്ടുമോയെന്ന നിലവിലുള്ള വ്യവസ്ഥാപിത തൊഴിൽസംഘടനകളുടെ അഭ്യർത്ഥന നിരസിക്കാനുള്ള വീറും വിവേകവും സമരപോരാളികൾ കാണിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. ഒന്നുകിൽ തൊഴിൽസംഘടനകൾ സ്വയം സ്ത്രീപക്ഷസമീപനങ്ങൾ വളർത്തിയെടുക്കുക അല്ലെങ്കിൽ സ്ത്രീകളെ സ്വതന്ത്രമായി സംഘടിക്കാനനുവദിക്കുക എന്നുള്ളതേ ഇനി മാർഗ്ഗമായുള്ളൂ.

തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് തുല്യവേതനം എന്നത് ഒരു നിഷേധിക്കപ്പെട്ട അധികാരമായിരുന്നു എപ്പോഴും. പുരുഷനാണ് കുടുംബനാഥനെന്നും അതിനാൽ കുടുംബത്തിനാവശ്യമായ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, ഉല്ലാസം തുടങ്ങിയ ഉപഭോഗ ഭാഗങ്ങൾ (consumption units) ക്കുള്ള നീക്കിയിരിപ്പ് അയാളുടെ വേതനത്തിൽ ഉൾച്ചേർന്നിരിക്കണമെന്നും സ്ത്രീയുടെ വേതനം കുടുംബത്തിന്റെ അധികവരുമാനം മാത്രമാണെന്നും ഗണിക്കപ്പെട്ടതാണ് സ്ത്രീക്കും പുരുഷനും വ്യത്യസ്തവേതനം നൽകുന്നതിന്റെ 'ന്യായം' ആയി കണക്കാക്കപ്പെട്ടത്. 976ൽ നിലവിൽ വന്ന തുല്യവേതനനിയമപ്രകാരം (Equal Remuneration Act) ഒരേ ഉത്തരവാദിത്വവും മികവും അദ്ധ്വാനവും ആവശ്യപ്പെടുന്ന തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് ആൺപെൺഭേദമെന്യേ ഒരേ വേതനത്തിന് അർഹതയുണ്ട് എന്നിരിക്കെ, ഒരേ തൊഴിലിൽ സ്ത്രീകളെയും പുരുഷന്മാരെയും ഒരുമിച്ച് നിയമിക്കാതെയും തൊഴിലുകളിൽ മേൽകീഴ് തരംതിരിവുകൾ കണക്കാക്കിയും കുറഞ്ഞ അദ്ധ്വാനമായി സ്ഥാപിച്ചെടുത്ത തൊഴിലുകളിൽ കുറഞ്ഞ കൂലിക്ക് സ്ത്രീകളെ നിയമിച്ചുമാണ് തൊഴിലുടമകൾ ഈ നിയമത്തെ മറികടക്കാൻ ശ്രമിച്ചത്. തോട്ടം മേഖലയിൽ പണിയെടുക്കുന്നവർ സംഘടിത തൊഴിലാളികളായിട്ടു പോലും ഈ സ്ത്രീവിരുദ്ധത രൂക്ഷമായി അനുഭവിക്കുക തന്നെയായിരുന്നു. മുതലാളിത്തവും ആൺകോയ്മയും രണ്ട് അധികാരപ്രത്യയശാസ്ത്രങ്ങളെന്ന നിലയിൽ കൈകോർത്ത് സ്ത്രീകളുടെ അധ്വാനത്തെ എത്രമേൽ ചൂഷണവിധേയമാക്കുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് മൂന്നാർ.

എഴുത്തിന്റേയും പ്രസിദ്ധീകരണത്തിന്റേയും ലോകം പുരുഷപക്ഷമായി തുടരുന്നു എന്ന് വീണ്ടും തെളിയിച്ചിരിക്കുകയാണ് ശ്രീദേവി എസ്.കർത്തയ്ക്കുണ്ടായ അനുഭവം. ശ്രീദേവിയുടെ സത്യസന്ധതയോ ഇത്തരമൊരു പുസ്തകം വിവർത്തനം ചെയ്തതിന്റെ തെരഞ്ഞെടുപ്പോ അല്ല ഇവിടെ ആദ്യം ചോദ്യം ചെയ്യപ്പെടേണ്ടത്. മറിച്ച്, ഗ്രന്ഥകാരിയായിരുന്നിട്ടു കൂടി ഒരു സ്വാമിയുടെ അഭ്യർത്ഥനയ്ക്ക് മുൻതൂക്കം നൽകി സ്ത്രീയായതിന്റെ പേരിൽ അവരെ മാറ്റി നിർത്താൻ ശ്രമിച്ച ഭ്രാന്താധികാരത്തെ ചെറുത്തുതോൽപിക്കുക തന്നെയാണ്. ഈ വെല്ലുവിളി അവിടെ കൂടിയ പ്രതിഷേധക്കൂട്ടായ്മ വേണ്ടവിധം ഏറ്റെടുത്തതിൽ നമുക്ക് ഏറെ അഭിമാനിക്കുകയും ആഹ്ലാദിക്കുകയും ചെയ്യാം.

മതം ദൈവഭക്തിയുടെ സ്ഥാപനവത്ക്കരിക്കപ്പെട്ട രൂപമായി മാറിയതോടെ കേവലാത്മീയതയുടെ ഇടം എന്നതിനപ്പുറം ഇടനിലക്കാരായി ഉയർന്നുവന്ന പുരോഹിതവർഗ്ഗത്തിന്റെ അധികാരപ്രയോഗങ്ങളുടെ വിളനിലമായി അത് മാറി. സ്ത്രീകൾ അതിന്റെ ഏറ്റവും കടുത്ത ഇരകളായിത്തീരുകയും ചെയ്തു. സ്ത്രീകളെ ഏറ്റവുമധികം ബാധിക്കുന്ന വിവാഹം, വിവാഹമോചനം, ജീവനാംശം, പിന്തുടർച്ചാവകാശം തുടങ്ങിയ കാര്യങ്ങൾ പുരോഹിത വർഗ്ഗത്തിന്റെ തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കപ്പെടുകയാണുണ്ടായത്. ഇതിനുപുറമെ സ്വന്തം ശരീരത്തിന്റെ വിന്യാസങ്ങളിലൂടെയും വസ്ത്രധാരണത്തിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും മതപരിശുദ്ധിയുടെ ചിഹ്നങ്ങളായി വർത്തിക്കാൻ സ്ത്രീകൾ പ്രേരിപ്പിക്കപ്പെടുകയുമുണ്ടായി. മതാനുഭവം ആത്മാവിനെ ശാന്തമാക്കുന്നതിനു പകരം ഒരു ദുരനുഭവമായി മാറി സ്ത്രീകൾക്ക്. സ്ത്രീകളുടെ മതജീവിതം ചർച്ച ചെയ്യുന്ന ഷർമ്മിള സമ്പാദകയായ സംഘടിത വായനക്കാരുടെ മുന്നിൽ സമർപ്പിക്കുന്നു.

## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



ഡോ.ഷർമ്മിള ആർ.

വളരെയേറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒരു വിഷയമാണ് 'മതവും സമൂഹവും'.  എന്നാൽ ഇതിന്നുള്ളിൽത്തന്നെ, സ്ത്രീയെ മതം എങ്ങിനെ നിർമ്മിച്ചെടുക്കുന്നുവെന്നത് സമകാലീനപ്രാധാന്യമേറിയ വിഷയമാണെന്ന് കാണാം. മത നിർമ്മിതമായ/രൂപപ്പെട്ട സമൂഹത്തിന്റെ ചരിത്രം, പ്രാചീനഗണ ഗോത്രചരിത്രം മുതൽക്ക് ഇങ്ങോട്ടുള്ളതാണ്. 'അമ്മദൈവാരാധനയും മാതൃദായക്രമ'വും ഉണ്ടായിരുന്ന സ്ത്രീ നേതൃത്വം നൽകിയ ഒരു സമൂഹത്തിൽ, പതുക്കെ പിതൃദായ ക്രമം എങ്ങിനെ സ്ഥാനം പിടിച്ചുവെന്ന് പ്രാചീനസംസ്ക്കാരങ്ങളുടേയും (ബാബിലോണിയ, മെസപ്പൊട്ടോമിയാ, അസ്സീറിയ, ഈജിപ്ത് തുടങ്ങിയവ) ഗോത്ര/വംശാവലികളുടേയും ചരിത്രം വെളിവാക്കുന്നു. ഇടയവൃത്തിയും കാർഷികവൃത്തിയും ഉപജീവനമായിരുന്ന ഒരു സമൂഹത്തിൽ വ്യാപാരസംസ്ക്കാരം ഉടലെടുത്തതോടെ, സ്വത്തുല്പാദനവും സ്വകാര്യ സ്വത്തവകാശവും നിലവിൽ വന്നു. ബഹുഭാര്യത്വവും ബഹുഭർതൃത്വവും സർവ്വസാധാരണമായിരുന്ന ഗണലൈംഗികജീവിതത്തിൽ, താൻ ഉത്പാദിപ്പിക്കുന്ന സ്വത്തുക്കൾ തന്റേതുമാത്രമായ സന്താനത്തിനു ലഭിക്കണമെങ്കിൽ, സ്ത്രീയെ ഏകപത്നീ സമ്പ്രദായത്തിൽ കൊണ്ടുവരികയല്ലാതെ മറ്റു മാർഗ്ഗമില്ലെന്നായി. പാതിവ്രത്യം വളരെ കർക്കശമായ വ്യവസ്ഥയായി തീരുകയും ചാരിത്ര്യ ശുദ്ധി, കുട്ടികളെ പിതാവിന്റെ സ്വത്തിനവകാശിയാക്കുന്ന നിയമവ്യവസ്ഥയുമായി മാറി. യുഗ്മകുടുംബത്തിൽ നിന്നും ഏകദാമ്പത്യകുടുംബം രൂപപ്പെടുകയും, സ്വത്ത് ക്രയവിക്രയം ചെയ്യുന്ന അംഗമായി പുരുഷൻ നേതൃസ്ഥാനത്തേക്ക് വരികയും, സ്ത്രീ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുകയും വളർത്തുകയും വീട്ടുജോലികൾ ചെയ്യുന്നവളുമായി മാറി. സ്ത്രീപുരുഷസമത്വം അടിമ/ഉടമ ബന്ധത്തിന് വഴിമാറി. "മാതൃദായത്തിന്റെ പതനം പെൺജാതിയുടെ ആകെത്തന്നെയുള്ള ലോകചരിത്രപ്രധാനമായൊരു പരാജയമായിരുന്നു." എന്ന് മാതൃദായത്തിന്റെ അട്ടിമറിയെക്കുറിച്ച് ഏംഗൽസ് പറയുന്നു.

സെമറ്റിക് മതങ്ങളുടെ ആധിപത്യവും, ആര്യസംസ്ക്കാരത്തിലൂടെ ഉരുത്തിരിഞ്ഞ വേദോപനിഷദ് കാലഘട്ടവും സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തിന് വിലകൽപ്പിച്ചില്ലയെന്ന് മാത്രമല്ല; സ്ത്രീയെ എങ്ങനെയൊരു കൈമാറ്റ വസ്തു/ ലൈംഗികവസ്തു /ഉപഭോഗ വസ്തു തുടങ്ങിയവ മാത്രമായി ഒതുക്കിയെന്നതിനും നിരവധി മതഗ്രന്ഥങ്ങൾ സാക്ഷിയായി.

മതം ആത്യന്തികമായി മനുഷ്യരെ പല തട്ടുകളിലാക്കുന്നതോടൊപ്പം, ഓരോ തട്ടിലും മേലാൾ/കീഴാൾ വിഭാഗങ്ങളായി മനുഷ്യകുലത്തെ വിന്യസിക്കുകയും ചെയ്യുന്നു. എല്ലാ പ്രബലമതങ്ങളും ഈ ഒരർത്ഥത്തിൽ സവർണ്ണ സമൂഹത്തെയാണ് സംരക്ഷിക്കുന്നത്. താഴെത്തട്ടിലേക്ക് അടിച്ചമർത്തപ്പെട്ട/മുഖ്യധാരയിൽ നിന്ന് അരികിലേക്ക് തള്ളിമാറ്റപ്പെട്ട സ്ത്രീ/ ദളിത്വിഭാഗങ്ങളാണ് മതങ്ങളുടെ കർശനമായ ചട്ടക്കൂടിൽ സ്വയം ഒതുങ്ങിപ്പോകുന്നത്. ആചാരങ്ങളും അനുഷ്ഠാനങ്ങളും വസ്ത്രധാരണത്തിലുള്ള അനുശാസനങ്ങളും കൊണ്ട് സ്ത്രീയെ ഒരു 'ശരീരം' മാത്രമായി നിർവ്വചിക്കുന്നതിൽ മതങ്ങൾ വഹിക്കുന്ന പങ്ക് ഭീതിദായകമാണ്. മനുഷ്യന്റെ സ്വതന്ത്രചിന്തകൾക്കുമേൽ കൂച്ചുവിലങ്ങിടുകയും ദൈവഭയമെന്ന  മുൾമുനയിൽ നിർത്തി പുണ്യ/പാപങ്ങളുടെ ഒരു പരമ്പര തന്നെ തീർത്ത് സ്ത്രീയെ പുറത്തു കടക്കാനാവാത്ത വിധം ഏറ്റവും ഉള്ളിലെ തടവറയിലാക്കുകയാണ് മതങ്ങൾ ചെയ്തത്. മതത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിൽ മതം അതിന്റെ പുരുഷകേന്ദ്രിതമായ അധീശത്വം സ്ഥാപിച്ചു. സ്ഥാപിതവത്ക്കരിക്കപ്പെട്ട ഒരു വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ വിധേയമായ വർഗ്ഗം/മതത്തിന്റെ വാർപ്പുമൂശയാൽ വാർക്കപ്പെട്ടവൾ എന്ന നിലയിൽ സ്ത്രീവർഗ്ഗം നേരിടുന്ന വിവിധ സാമൂഹിക-സാംസ്കാരിക-താത്വികപ്രശ്നങ്ങളുടെ വിശകലനമാണ് ഇത്തവണ 'സംഘടിത' സമർപ്പിക്കുന്നത്.


# മതം മാറാനുള്ളതുകൂടിയാണ്.....



എ.ജി. ഒലീന

**ഒന്ന് : മനുഷ്യകുലം ഒരു ജാതി**

മനുഷ്യൻ ഒരു ജാതി അതാണു നമ്മുടെ മതം എന്നു പറഞ്ഞത് ശ്രീനാരായണനാണ്. മതം ഓരോരുത്തരുടെയും ഇഷ്ടം പോലെയായിരിക്കും. അച്ഛന്റെ മതമല്ലായിരിക്കും മകന് ഇഷ്ടം. എല്ലാവർക്കും എല്ലാ മതവും പഠിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കണം. പഠിച്ച ശേഷം അവർ ഇഷ്ടപ്പെട്ടത് സ്വീകരിക്കണം. ഒരു മതക്കാരന്റെ മകനായതുകൊണ്ടു മാത്രം അയാൾ ആ മതക്കാരനാകരുത്. ഒരു മതത്തിൽ വിശ്വാസമില്ലാതെ വന്നാൽ ആ മതത്തിൽ നിന്നു മാറാനും ഒരു മതത്തിലും പെടാതെ ജീവിക്കാനും സ്വാതന്ത്ര്യം വേണം എന്നും അദ്ദേഹം പറയുന്നുണ്ട്. മതം ഇഷ്ടം പോലെ പറയുവാനും ഇല്ലെന്നു പറയുവാനുമുള്ള സ്വാതന്ത്ര്യം വേണമെന്നും ശ്രീനാരായണ ഗുരു പറഞ്ഞിട്ട് ഏറെക്കാലം കഴിഞ്ഞിരിക്കുന്നു. മതചിന്തയും മതസംബന്ധിയായ ആചാരങ്ങളും ഒരു ജനതയുടെ സാംസ്കാരിക ജീവിതത്തെയും സാമൂഹ്യ ജീവിതത്തെപ്പോലും നിർണ്ണായകമായി സ്വാധീനിക്കുന്ന ഒരു കാലത്താണ് ഇപ്പോൾ നമ്മൾ ജീവിക്കുന്നത്. ജാതിഭേദവും മതദ്വേഷവുമില്ലാതെ സോദരത്വേന മനുഷ്യർ വാഴുന്ന മാതൃകാ സ്ഥാനങ്ങളെ സ്വപ്നം കണ്ട മനുഷ്യസമുദായം ജാതി-മത സ്പർദ്ധയുടെ യുദ്ധക്കെടുതികൾ എത്രയോ അനുഭവിച്ചു കഴിഞ്ഞു. ഒരു മതം മറ്റൊന്നിനെതിരായിരിക്കുന്നിടത്തോളം ഒരു മതവും സത്യസന്ധമായിരിക്കുകയില്ലെന്നും ബർട്രാന്റ് റസ്സൽ പറയുമ്പോൾ ശാസ്ത്രം പോലെ മതം എന്ന വ്യവഹാരത്തിന് ഏകതാനത ഇല്ലെന്നു കൂടിയാണ് അർത്ഥമാക്കേണ്ടത്. മതങ്ങളും മതഗ്രന്ഥങ്ങളും മനുഷ്യ നിർമ്മിതമായിരിക്കെ സ്വാഭാവികമായി അതിന്റെയൊക്കെ മേൽക്കൈ പുരുഷന് തന്നെയായിരിക്കും. അതിനാൽ അത്തരം വ്യവഹാരങ്ങൾക്കുള്ളിൽ സ്ത്രീകൾ അസ്വതന്ത്രരും അടിമകളും പാപത്തിന്റെ ഉറവിടങ്ങളുമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. മതഗ്രന്ഥങ്ങളിലൊക്കെത്തന്നെ




സ്ത്രീയുടെ രണ്ടാംതരം പൗരത്വത്തിന്റെ സൂചനകൾ നിരവധിയാണ്. മനുഷ്യരാശിയുടെ പുരോഗതിക്കൊപ്പം മതങ്ങളും മതഗ്രന്ഥങ്ങളും നിർമ്മിച്ച് വിതരണം ചെയ്ത ആശയലോകത്തിന് പരിവർത്തനങ്ങളുണ്ടായെങ്കിലും സ്ത്രീകളുടെ അവസ്ഥ ഒരു ഘട്ടത്തിലും ചൂഷണത്തിൽ നിന്നും മുക്തമായിരുന്നില്ല; മുക്തമായിട്ടില്ല. പൗരോഹിത ചൂഷണങ്ങളും ധാർമ്മികാധഃപതനവും മനുഷ്യദൈവങ്ങളും ആത്മീയവാദികളുമൊക്കെ സ്ത്രീ വർഗ്ഗത്തെ ചൂഷണത്തിനുള്ള ഉപാധിയായിത്തന്നെയാണ് പരിഗണിക്കുന്നത്.

**രണ്ട്: മതവും സ്ത്രീയും**

മതങ്ങൾ മനുഷ്യവർഗത്തെ ജാതികളും ഉപജാതികളുമായി തിരിച്ചു. കൂടാതെ, നൂറ്റാണ്ടുകളായി എല്ലാ വിഭാഗങ്ങളിലെയും സ്ത്രീകളെ അടിമകളായി-മാനസികമായും സാംസ്കാരികമായും-മാറ്റിത്തീർക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക പുരോഗതിയും വ്യവസായ പുരോഗതിയും ഒക്കെ കൈവരിച്ചു എന്നു അവകാശപ്പെടുന്ന വർത്തമാനകാലം പോലും ഈ പരാമർശത്തിൽ നിന്നും മുക്തമല്ല എന്നതാണ് യാഥാർത്ഥ്യം. വ്യക്തിഗാത്രവും സമൂഹഗാത്രവും ഒരുപോലെ പേറുന്ന മതചിന്തനങ്ങൾ, ഈ അടിമത്തത്തിന്റെ പ്രത്യക്ഷ സൂചനകൾ മാത്രമല്ല; ഒരു സമൂഹത്തെ ബാധിച്ചിരിക്കുന്ന സാംസ്കാരിക അടിമത്തത്തിന്റെ സൂചനകൾ കൂടിയാണ്. മതപരമായ ആന്ധ്യത്തിലേക്ക് ഒരു സമൂഹത്തെ ആനയിക്കുവാനുള്ള പ്രധാന ഉപാധി സാംസ്കാരിക മുദ്രകൾ തന്നെയാണ്. താരതമ്യേന മെച്ചപ്പെട്ട സാമൂഹ്യാവസ്ഥകൊണ്ട് നിർവചിക്കപ്പെട്ടിട്ടുള്ള സ്ത്രീപദവിയുള്ള നാടാണ് നമ്മുടേത്. പക്ഷേ, സ്ത്രീയേ നിനക്കും മതത്തിനും തമ്മിലെന്ത് എന്ന ചോദ്യത്തിന് കേരള സ്ത്രീയിൽ നിന്നും ലഭിക്കുന്ന ഉത്തരം അതിസങ്കീർണമായിരിക്കും. മതചിഹ്നങ്ങൾ തീർത്ത സാംസ്കാരിക ബോധത്തിന്റെ തടവറയിലാണ് ബഹുഭൂരിപക്ഷവും കേരളസ്ത്രീകൾ. അതാകട്ടെ, സമൂഹത്തിന്റെ എല്ലാ ശ്രേണീവ്യവസ്ഥകൾക്കും അതീതമാണുതാനും. അക്ഷരാഭ്യാസമില്ലാത്തവർ മുതൽ ഉന്നത വിദ്യാഭ്യാസം നേടിയവർ വരെ ഈ ചിഹ്നങ്ങളുടെ തടവറയ്ക്കുള്ളിലാണ്. ഒടുവിൽ കേരളത്തിൽ നടന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പ് അതിലെ ഒരു സുപ്രധാന തീരുമാനം കൊണ്ടു വിപ്ലവകരമായിരുന്നു എന്നു നമുക്കൊക്കെ അറിയാം. 50% സംവരണത്തിലൂടെ ഒരു വലിയ വിഭാഗം സ്ത്രീകൾ പഞ്ചായത്തു ഭരണസംവിധാന ക്രമത്തിൽ പങ്കാളിത്തം നേടിയെടുക്കുകയായിരുന്നു. രാഷ്ട്രനിർമ്മാണപ്രക്രിയയിലുള്ള ഈ പങ്കാളിത്തം ഏറെ ശ്രദ്ധപിടിച്ചു പറ്റുമ്പോഴും അതിനുള്ളിലൂടെ പ്രക്ഷേപിക്കപ്പെട്ട ചില പ്രതിലോമതകൾ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. തെരഞ്ഞെടുപ്പിന്റെ പ്രചാരണ വേളയിൽ കേരളത്തിന്റെ തെരുവുകളിലൂടെ സഞ്ചരിക്കുന്ന ഒരു യാത്രികനോ യാത്രികയ്ക്കോ ചുവരുകളിൽ തെളിഞ്ഞ നിര

മതങ്ങൾ മനുഷ്യവർഗത്തെ ജാതികളും ഉപജാതികളുമായി തിരിച്ചു. കൂടാതെ, നൂറ്റാണ്ടുകളായി എല്ലാ വിഭാഗങ്ങളിലെയും സ്ത്രീകളെ അടിമകളായി-മാനസികമായും സാംസ്കാരികമായും-മാറ്റിത്തീർക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക പുരോഗതിയും വ്യവസായ പുരോഗതിയും ഒക്കെ കൈവരിച്ചു എന്നു അവകാശപ്പെടുന്ന വർത്തമാനകാലംപോലും ഈ പരാമർശത്തിൽ നിന്നും മുക്തമല്ല എന്നതാണ് യാഥാർത്ഥ്യം.



വധി ചിത്രങ്ങൾ കാണാതെ പോകാനാവില്ല. പക്ഷേ ആ ചിത്രപാഠങ്ങൾ തരുന്ന പാഠങ്ങൾ അത്ര ആരോഗ്യകരമല്ലെന്നതാണ് യാഥാർത്ഥ്യം ചുവരുകളിൽ തെളിഞ്ഞുകണ്ട സ്ത്രീകളുടെ ചിത്രങ്ങളൊക്കെയും കൃത്യമായി മത-ജാതി ചിഹ്നങ്ങൾകൊണ്ടു സമ്പന്നമായിരുന്നു. മതവും ജാതിയും ഓരോ ചിത്രങ്ങളും അവയെ സാക്ഷാത്കരിക്കുന്ന ചിഹ്നങ്ങളിലൂടെ വിളിച്ചു പറഞ്ഞുകൊണ്ടേയിരുന്നു. ഇത് നമ്മുടെ സാംസ്കാരിക ജീവിതത്തിന്റെ സങ്കീർണതയുടെ മുഖമാണ്. മിക്കപ്പോഴും പുരുഷശരീരം ഇത്തരം ഭാരങ്ങളിൽ നിന്നും മുക്തമാണെന്നതും ഓർക്കേണ്ടതുണ്ട്. സമൂഹത്തിന്റെ സൂക്ഷ്മശരീരത്തിൽ പോലും മതചിഹ്നങ്ങൾ പ്രസാരണം നടത്തുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. ശരീരം പേറുന്ന ഈ ചിഹ്നങ്ങൾ പക്ഷേ കൂടുതൽ ആഴത്തിൽ സ്വാധീനിക്കുന്നതു നമ്മുടെ സാംസ്കാരിക ജീവിതത്തെയാണ്. പെണ്ണുടലുകളെ തടവറയാക്കുന്ന അധീശാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ പ്രധാന പ്രയോക്താക്കൾ മതവും മതകീയശക്തികളുമാണെന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. ഒരു തെരഞ്ഞെടുപ്പ് വേളയിൽ, ജനാധിപത്യ പ്രക്രിയയ്ക്കിടയിൽ തെളിയുന്ന 'ചിത്രപാഠങ്ങൾ' സമൂഹശരീരത്തെ ബാധിച്ചിരിക്കുന്ന അടിമത്തത്തിന്റെ പ്രത്യക്ഷ സൂചനകളാണ്.

സമൂഹത്തിന്റെ സൂക്ഷ്മശരീരത്തിൽ പോലും മതചിഹ്നങ്ങൾ പ്രസാരണം നടത്തുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. ശരീരം പേറുന്ന ഈ ചിഹ്നങ്ങൾ പക്ഷേ കൂടുതൽ ആഴത്തിൽ സ്വാധീനിക്കുന്നതു നമ്മുടെ സാംസ്കാരിക ജീവിതത്തെയാണ്. പെണ്ണുടലുകളെ തടവറയാക്കുന്ന അധീശാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ പ്രധാന പ്രയോക്താക്കൾ മതവും മതകീയശക്തികളുമാണെന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്.

**മൂന്ന്: മതം മാറാൻ കൂടിയുള്ളതാണ്.**

ഈയടുത്ത് എന്റെയൊരു വിദ്യാർത്ഥിനിയുടെ അനുഭവത്തിൽ ഇടപെടാൻ ഇടയായി. ക്രൈസ്തവമതത്തിൽ ജനിച്ച പെൺകുട്ടി ഹിന്ദുമതക്കാരനെ വിവാഹം കഴിക്കുന്നു. ഏറെക്കാലത്തെ പ്രണയത്തിനൊടുവിലെ വിവാഹം ഏറെക്കഴിയും മുൻപ് പരാജയപ്പെടുന്നു. രണ്ടാളും വേർപിരിയുന്നു. ഹിന്ദുവായി മാറിയ പെൺകുട്ടി ഒരു ക്രിസ്തുമത വിശ്വാസിയെ വീണ്ടും വിവാഹം കഴിക്കുന്നു. അപ്പോൾ അവൾ ഹിന്ദുവാകണോ അവൾ മടങ്ങി ക്രൈസ്തവ മതത്തിലേക്കു പോകണോ എന്നതായി തർക്കം. ഒന്നു പറയട്ടെ കുട്ടികൾക്കു പ്രശ്നമൊന്നുമില്ല. 'കുടുംബ'ത്തിലെ കാരണവന്മാക്കാണു പ്രശ്നം. ഇവിടെ കോട്ടുകോയിക്കൽ വേലായുധനോട് ശ്രീനാരായണ ഗുരു പറഞ്ഞതോർക്കാം. "മനുഷ്യൻ നന്നാകുമ്പോൾ മതം മാറി. മത്സ്യമാംസം ഉപയോഗിക്കുന്നവർ അതു മാറ്റുമ്പോൾ അവന്റെ ആ മതം മാറി. ആ മാറ്റമാണ് മാറ്റം. അതാണ് നല്ലത്. ലൗകിക സ്വാതന്ത്ര്യത്തിന് മതം മാറുന്നത് കൊള്ളാമെന്നു ചിലർ പറയുന്നു." അദ്ദേഹം തുടരുന്നു. "മതം എന്ന വാക്കിന്റെ നാനാർത്ഥമാണ് ഭ്രമത്തെ ഉണ്ടാക്കുന്നത്. എല്ലാ മതങ്ങളുടെയും ഉദ്ദേശ്യം ഒന്നു തന്നെ. നദികൾ സമുദ്രത്തിൽ ചേർന്നാൽ പിന്നെ തിരക്കുഴിയെന്നും നടുക്കടൽ എന്നുമുണ്ടോ" (ശ്രീനാരായണഗുരു. വൈഖരി, 178)

വാസ്തവത്തിൽ ശ്രീനാരായണൻ പ്രയോഗിച്ച രണ്ടു രൂപകങ്ങൾ 'തിരക്കുഴി', 'നടുക്കടൽ' രണ്ടും പ്രശ്നവൽക്കരിക്കപ്പെടേണ്ടതുണ്ട്. മതവും സ്ത്രീയും തമ്മിലുള്ള ബന്ധത്തിന്റെ വെളിച്ചത്തിൽ ഈ രൂപകങ്ങൾ കൂടുതൽ അർത്ഥപൂർണമാവുകയാണ്. ഇവിടെ കേരളത്തിൽ ശ്രദ്ധേയമായ ചില മത മാറ്റങ്ങൾ ഓർക്കുകയാണ്. മാധവിക്കുട്ടിയും ബാലചന്ദ്രൻ ചുള്ളിക്കാടും പുനത്തിൽ കുഞ്ഞബ്ദുള്ളയും നടത്തിയ മതപരിവർത്തനം. പക്ഷേ മാധവിക്കുട്ടിയോടായിരുന്നു മതതീവ്രവാദികളുടെയും വിശ്വാസികളുടെയും രോഷം മുഴുവനും. എഴുത്തച്ഛൻ പുരസ്കാരവും മാധവിക്കുട്ടിയുടെ (കമലസുരയ്യ) പേരു ചേർത്തു പറയാൻ പോലും സാധ്യമല്ലാത്തവിധം നമ്മുടെ 'മതരോഷം' അണപൊട്ടിയൊഴുകിയതു മറക്കാറായിട്ടില്ല മലയാളി. അപ്പോഴും 'മതം' ഇതിത്രയേ ഉള്ളൂവെന്നു കാട്ടിത്തന്ന മാധവിക്കുട്ടിക്കു നന്ദി; മറ്റെല്ലാറ്റിനുമുപരി.

**വാൽക്കഷ്ണം**

"തൃശൂർ പൂരം
വെടിക്കെട്ടു കഴിഞ്ഞപ്പോൾ
മതഭീകരൻ പറഞ്ഞു.
വിഡ്ഢികൾ
ഇത്രയും മരുന്നു
പാഴിൽക്കളഞ്ഞുവല്ലോ."
പൂരം- കുരീപ്പുഴ ശ്രീകുമാർ ○

*ഡോ.എ.ജി.ഒലീന അസോസിയേറ്റ് പ്രൊഫസർ, മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം*

കവർസ്റ്റോറി



# ചിഹ്നങ്ങളിൽ കുരുങ്ങുന്ന മതേതര ജീവിതം



മൈന ഉമൈബാൻ

മതേതരജീവിതം സ്ത്രീയ്ക്ക് സാധ്യമാകുമോ എന്ന ചോദ്യം മുതിർന്നു തുടങ്ങിയപ്പോൾ മുതൽ കുറച്ചൊന്നുമല്ല എന്നെ അലട്ടാൻ തുടങ്ങിയത്. അതിനു ചില കാരണങ്ങളുമുണ്ടായിരുന്നു. മുത്തച്ഛന്റെ അനിയൻ ഒരു തികഞ്ഞ കമ്മ്യൂണിസ്റ്റായിരുന്നു. അദ്ദേഹം ഒരു മലയോരപ്രദേശത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ഓരോതുള്ളി വിയർപ്പിലുമായിരുന്നു കൃഷിഭൂമി വളർന്നു വന്നത്. എന്തുകൊണ്ടും ഇണങ്ങുന്ന ഭാര്യയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അവരെ മാതൃകാദമ്പതികളായി അയൽക്കാർ കണ്ടിരുന്നു. അവർക്ക് നാലു പെൺമക്കളായിരുന്നു. ഏതെങ്കിലും മതത്തിൽ കുരുക്കാതെ അവരെ മാനവിക മൂല്യത്തിൽ, പരിഷ്കൃത ലോകത്തിനിണങ്ങും വിധം വളർത്തണമെന്ന് അവർ ആഗ്ര

ഹിച്ചു. മത വിദ്യാഭ്യാസം നടത്തുകയോ മതപരമായ ഒരുചടങ്ങും നടത്തുകയോ ആ വീട്ടിൽ ചെയ്തിട്ടില്ലായിരുന്നു. കരുണ, സ്നേഹം, സൗഹൃദമനോഭാവം, സഹായ മനസ്ക്കത തുടങ്ങിയ മൂല്യങ്ങൾ അവർ ജീവിതത്തിൽ പകർത്തി. അക്കാര്യത്തിൽ ഉച്ചനീചത്വങ്ങളൊന്നും അവരിലുണ്ടായിരുന്നില്ല. പക്ഷേ, മുതിർന്നപ്പോൾ അവർക്ക് വിവാഹക്കമ്പോളത്തിൽ മാർക്കറ്റുണ്ടാകാൻ, തൊട്ടു താഴെയും പെൺമക്കളായിരുന്നതുകൊണ്ട് അവരുടെ ഭാവിയും സുരക്ഷിതമാക്കുവാൻ അവരോരുത്തർക്കും മതത്തെ പുൽകേണ്ടി വന്നു. പുൽകുക എന്നു പറഞ്ഞാൽ മാതാപിതാക്കൾ ഒരിക്കൽ ഉപേക്ഷിച്ചിട്ട വേഷം അവരെടുത്ത് അണിയുകയേ വേണ്ടിയിരുന്നുള്ളു. ആ വീട്ടിലെ ഒരേയൊരു ആണായ ചെച്ചാ മരണം വരെ താനൊരു കമ്മ്യൂണിസ്റ്റായിരിക്കുമെന്ന് ഇടയ്ക്കിടെ ഉറക്കെ പ്രഖ്യാപിക്കുമായിരുന്നു. താനൊരിക്കലും വിശ്വാസമർപ്പിക്കാത്ത മതം മരണത്തിലും വന്നുപോകരുത് എന്ന് അദ്ദേഹം ശഠിച്ചു. തന്റെ വിയർപ്പു വീണു കുതിർന്ന മണ്ണിൽ അന്ത്യവിശ്രമം കൊള്ളണമെന്നും തന്റെ ശരീരം വളർന്നു വരുന്ന മരങ്ങൾക്ക് വളമായി തീരണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ഇതിനകം വിധവയായിക്കഴിഞ്ഞ മൂത്ത മകളോട് അദ്ദേഹം അതേച്ചൊല്ലി നിരന്തരം വഴക്കടിച്ചു. മകൾ അതിനെ മതപരമായല്ല നേരിട്ടത്, തങ്ങൾ പെൺകുട്ടികളാണ്, അനിയത്തിമാരുടെ ജീവിതം സുരക്ഷിതമാകണം എന്നു പറഞ്ഞുകൊണ്ടാണ്. എന്തായാലും ജീവിതം മുഴുവൻ മതരഹിതനായി ജീവിച്ചൊരാൾ മരണത്തിൽ മതമുള്ളവനായി!

പുരുഷൻ ഈശ്വരവിശ്വാസിയോ, നിരീശ്വരനോ, മതേതരനോ എന്നൊന്നുമറിയാൻ പ്രത്യക്ഷത്തിൽ മാർഗ്ഗമൊന്നുമില്ല.

പുരുഷവേഷത്തിലേക്കും ചിഹ്നത്തിലേക്കും നോക്കൂ. പാന്റ്സ്, ഷർട്ട്, കൂടിവന്നാൽ ടൈയും കോട്ടും. ബർമുഡയും ടീ ഷർട്ടുമായാലും ഇതിന്റെയൊക്കെ വകഭേദം തന്നെ. എന്നാൽ സ്ത്രീയെ നോക്കൂ. മതേതരയായി ജീവിക്കാൻ അവൾക്ക് വേഷമോ ചിഹ്നങ്ങളോ ഉണ്ടോ? ഉണ്ടെങ്കിൽ തന്നെ ആരു സമ്മതിച്ചു തരും? ലോകത്തിന്റെ മാറ്റത്തെ യുക്തിപൂർവ്വം സമീപിക്കാൻ അത്ര എളുപ്പമല്ല. എളുപ്പമല്ലാഞ്ഞിട്ടല്ല, നമ്മുടെ മനസ്സ് അതിന് സമ്മതിക്കുന്നില്ലെന്നു വേണം പറയാൻ. എന്നാലോ യുക്തിയേക്കാളേറെ വിശ്വാസത്തെ മുറുകെ പിടിക്കാൻ എളുപ്പമാണ്.

അവന് സാർവ്വലൗകികമായി ഒരേവേഷം, ചിഹ്നങ്ങളും കുറവ്. നാനാത്വത്തിൽ ഏകത്വം എന്നു പറയുന്നത് ഇതാണ് ഇതാണ് എന്നുറക്കെ പറയാൻ തോന്നാറുണ്ട്. ഏതു ജാതിയിലോ മതത്തിലോ പിറക്കട്ടെ, സവർണ്ണനോ അവർണ്ണനോ ആയ്ക്കൊള്ളട്ടെ, പുരുഷൻ എന്ന മേൽവിലാസമുള്ളവരെ വേഷത്തിന്റെ ഏകത്വമുള്ളതുകൊണ്ട് ഏതു വിഭാഗത്തിൽ പെടുന്നു എന്ന് തിരിച്ചറിയാൻ പ്രയാസമാണ്. സന്യാസിമാരെയോ പുരോഹിതന്മാരെയോ അതുപോലെ ന്യൂനപക്ഷം ഒഴിച്ച്..അത് സ്ത്രീയ്ക്കുമേൽ പുരുഷൻ നേടിയ വിജയമാണ്. അതുകൊണ്ട് ഏതു വിഭാഗത്തിൽ പെടുന്നവരായാലും അധികാരദണ്ഡുപയോഗിച്ച്, ലക്ഷ്മണരേഖ വരച്ച് അതിലപ്പുറം പോകരുത് എന്നു പറയാം. പോവുകയുമില്ല. അതിനപ്പുറം ഒരുവൾക്കു പോകാനാവുന്നുവെങ്കിൽ അവൾ തീർച്ചയായും മതേതരയാണ്.

പുരുഷവേഷത്തിലേക്കും ചിഹ്നത്തിലേക്കും നോക്കൂ. പാന്റ്സ്, ഷർട്ട്, കൂടിവന്നാൽ ടൈയും കോട്ടും. ബർമുഡയും ടീ ഷർട്ടുമായാലും ഇതിന്റെയൊക്കെ വകഭേദം തന്നെ.

എന്നാൽ സ്ത്രീയെ നോക്കൂ. മതേതരയായി ജീവിക്കാൻ അവൾക്ക് വേഷമോ ചിഹ്നങ്ങളോ ഉണ്ടോ? ഉണ്ടെങ്കിൽ തന്നെ ആരു സമ്മതിച്ചു തരും?

ലോകത്തിന്റെ മാറ്റത്തെ യുക്തിപൂർവ്വം സമീപിക്കാൻ അത്ര എളുപ്പമല്ല. എളുപ്പമല്ലാഞ്ഞിട്ടല്ല, നമ്മുടെ മനസ്സ് അതിന് സമ്മതിക്കുന്നില്ലെന്നു വേണം പറയാൻ. എന്നാലോ യുക്തിയേക്കാളേറെ വിശ്വാസത്തെ മുറുകെ പിടിക്കാൻ എളുപ്പമാണ്.

ഭർത്താവ് കമ്മ്യൂണിസ്റ്റായതുകൊണ്ട് ഞാനും കമ്മ്യൂണിസ്റ്റാണ്, അച്ഛൻ കോൺഗ്രസ് ആയതുകൊണ്ട് ഞാനും

കോൺഗ്രസ്സ് ആണ്. ഇതാണ് പൊതുവേ സ്ത്രീയുടെ രീതി. മറിച്ചു ചിന്തിക്കുന്ന സ്ത്രീകളില്ലെന്നല്ല, പക്ഷേ ഭൂരിപക്ഷം പേർക്കും അതു സാധ്യമല്ല. അച്ഛനും മകനും ഭർത്താവുമൊക്കെ സ്ത്രീയുടെ നാഥനാണ്, രക്ഷാകർത്താവാണ്. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന് മനുസ്മൃതിയിൽ തെളിച്ചു പറഞ്ഞുവെന്നേയുള്ളൂ. എല്ലാ മതത്തിലും സ്ത്രീയെ സംബന്ധിക്കുന്ന കാര്യങ്ങൾ ഒരേപോലെയാണ്. അതുകൊണ്ടാണ് അവളും പുരുഷനും അല്ലെങ്കിൽ അവളും അധികാരവും തമ്മിൽ അടിമ-ഉടമ ബന്ധം മാത്രമുണ്ടാകുന്നത്. ഈ അലിഖിത നിയമത്തിനു പുറത്തുകടക്കാനുള്ള വളർച്ചയൊന്നും സ്ത്രീ നേടിയിട്ടില്ല ഇന്നും.

എന്നിൽ നിന്നു വിട്ട് അവൾ മറ്റൊരു വ്യക്തിയാണെന്നും അവൾക്ക് അവളുടേതായ ചിന്തകളും കാഴ്ചപ്പാടുകളുമുണ്ടെന്നും ഏറിയ ആണും വിചാരിക്കുന്നില്ല. പെണ്ണ് അത്രപോലും. നൂറ്റാണ്ടുകളായി അടിമയായി കിടന്നിരുന്നവൾ പെട്ടെന്നൊരുദിവസം സ്വാതന്ത്ര്യത്തിലേക്ക് എടുത്തു ചാടും എന്നും പ്രതീക്ഷിക്കാൻ വയ്യ. അങ്ങനൊരു സ്വാതന്ത്ര്യം കിട്ടിയാൽ പോലും അവളെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളുണ്ടാകും.

ആധുനിക കാലത്ത് വിവാഹമോചനങ്ങൾ കൂടുന്നു എന്നു പല കണക്കുകളും സൂചിപ്പിക്കുന്നു. സ്ത്രീകൾ സ്വത്വബോധമുള്ളവരായി മാറുന്നതിന്റെ മറുവശമാണിതെന്ന് ചിലരെങ്കിലും ചിന്തിക്കുന്നു. പക്ഷേ, സാമ്പത്തികം, തൊഴിൽ, സാമൂഹികമായി മറ്റു വിഷയങ്ങളുമൊക്കെയാണ് കാരണമായി ചൂണ്ടിക്കാട്ടുന്നത്. അവിടെയും മത വിശ്വാസവുമായി ബന്ധപ്പെട്ട് അത്ര പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നില്ലെന്നു വേണം കരുതാൻ.

> സ്ത്രീയെ സംബന്ധിച്ച് മതേതരജീവിതം ചിഹ്നങ്ങളും വേഷങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. മതം ആവശ്യപ്പെടുന്ന ചില ചിഹ്നങ്ങളുണ്ട് മിക്ക മതങ്ങൾക്കും. മതപൗരോഹിത്യമോ സാമൂഹികക്രമമോ ഒക്കെ അടിച്ചേൽപിക്കുന്ന ചില വേഷങ്ങളും ചിഹ്നങ്ങളും. അതുകൊണ്ടുതന്നെ മതേതരയ്ക്ക് ആഗോളതലത്തിൽ ഒരൊറ്റ വേഷമില്ല. അവളുടെ വേഷം കണ്ട് ഏതു മതത്തിൽ നിന്ന്, ഏതു നാട്ടിൽ നിന്ന് എന്ന് വേഗം തിരിച്ചറിയുന്നു. അതു പുരുഷനുണ്ടാവുന്നില്ല.

സ്ത്രീയെ സംബന്ധിച്ച് മതേതരജീവിതം ചിഹ്നങ്ങളും വേഷങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. മതം ആവശ്യപ്പെടുന്ന ചില ചിഹ്നങ്ങളുണ്ട് മിക്ക മതങ്ങൾക്കും. മതപൗരോഹിത്യമോ സാമൂഹികക്രമമോ ഒക്കെ അടിച്ചേൽപിക്കുന്ന ചില വേഷങ്ങളും ചിഹ്നങ്ങളും. അതുകൊണ്ടുതന്നെ മതേതരയ്ക്ക് ആഗോളതലത്തിൽ ഒരൊറ്റ വേഷമില്ല. അവളുടെ വേഷം കണ്ട് ഏതു മതത്തിൽ നിന്ന്, ഏതു നാട്ടിൽ നിന്ന് എന്ന് വേഗം തിരിച്ചറിയുന്നു. അതു പുരുഷനുണ്ടാവുന്നില്ല.

പർദ്ദയെ ചിലർ മതവസ്ത്രമാക്കി മാറ്റിയപ്പോൾ ചിലർ വാദിച്ചത് ആഗോളമുസ്ലീം സ്ത്രീയുടെ ഐഡന്റിററിക്കുവേണ്ടിയാണ് ഈ വേഷം സ്വീകരിക്കുന്നത് എന്നാണ്. ഇതു പറയുന്നവർ എവിടെനിന്നോ വാക്കുകൾ കടമെടുക്കുകയാണ്. കേട്ടു പറയുകയാണ്. ഈ ആഗോളസ്വത്വം പുരുഷനില്ലേ? താരതമ്യേന പുറത്തിറങ്ങാത്ത സ്ത്രീയ്ക്ക് ആഗോളസ്വത്വം വെളിവാക്കാൻ ഒരേ രീതിയിലുള്ള വസ്ത്രം വേണം. എന്നാൽ പാശ്ചാത്യവേഷം സ്വീകരിക്കുന്ന പുരുഷനും മതസ്വത്വത്തിനുവേണ്ടി അങ്ങനൊരു വേഷം സ്വീകരിക്കേണ്ടേ? യൂണിഫോം ഒറ്റക്കൂട്ടർക്കായി ഒതുക്കിയതിന്റെ യുക്തി എത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല.

താലി, സിന്ദൂരം, മിഞ്ചി, ആഭരണങ്ങൾ, പർദ്ദ തുടങ്ങി ഒട്ടനവധി ചിഹ്നങ്ങളിലൂടെയാണ് അവളുടെ സഞ്ചാരം. മതമാണ് താലിയെ വിശുദ്ധമാക്കുന്നത്, സീമന്തരേഖയിലെ സിന്ദൂരത്തെ വിശുദ്ധമാക്കുന്നത്, ആഭരണങ്ങളെ, വേഷത്തെയൊക്കെ ഇങ്ങനെ വിശുദ്ധമാക്കി മാറ്റുന്നതിലൂടെ അവളെ ചിന്തിക്കുന്നവളിൽ നിന്ന് വിലക്കുന്നു. ചില വിശ്വാസങ്ങളിൽ കുരുക്കുന്നു. ഭർത്താവിന്റെയെങ്കിലും അനുമതിയില്ലാതെ ഇവയൊന്നും ഉപേക്ഷിക്കാൻ ഒരുവൾക്ക് കഴിയില്ല. ഉള്ള് മതേതരമായിരുന്നാലും ഒ

രുവൾക്ക് അത്രവേഗം പുറമേക്ക് മതേതരമാകാൻ കഴിയില്ല. അവൾ ചിഹ്നങ്ങളുടെ പിടിയിൽ അമർന്നു പോകുന്നു. എന്നാൽ പുരഷനാകട്ടെ മതേതരനോ മതവിശ്വാസിയോ അവിശ്വാസിയോ ഒക്കെയാവാം. ചിഹ്നങ്ങളില്ല. വേഷത്തിലും വൈവിധ്യമില്ല. ഒന്നും ബാധകമല്ല. അതുകൊണ്ടു തന്നെ മതചിഹ്നങ്ങളെയും ആചാരങ്ങളെയും മുഴുവൻ സംരക്ഷിക്കേണ്ടവൾ അവളാകുന്നു. പുരുഷൻ ആഗോള പുരുഷന്റെ പ്രതീകവും സ്ത്രീ പലപ്പോഴും ആഗോള 'മത' സ്ത്രീയുടെ പ്രതീകവുമാകുന്നു.

ഇനി മതരഹിതയോ, മറ്റു മതങ്ങളുടെ സത്തയെക്കൂടി ഉൾക്കൊണ്ടുകൂടി ജീവിക്കുന്നവളോ, മതം ഉള്ളിലാണു വേണ്ടത് പുറമേക്കല്ല വേണ്ടത് എന്നൊക്കെ വാദിക്കുന്നവളോ ആകട്ടെ അവർക്കും ഇവിടെ വേഷവും ചിഹ്നവും ഒഴിവാകുന്നില്ല. തലയിൽ തട്ടമിടാത്ത ഒരു മുസ്ലീം നാമധാരിയെ കണ്ടാൽ അവൾ ചേട്ടത്തിയെപ്പോലെയും ഹിന്ദുക്കളെപ്പോലെയുമാണ്. ചൂടിൽ നിന്നോ, തണുപ്പിൽ നിന്നോ രക്ഷപ്പെടാൻ തലയിലേക്കൊരു കഷ്ണം വലിച്ചിട്ടാലോ അവൾ മാപ്ലച്ചിയുമായി! പുരുഷനവിടെയും സ്വതന്ത്രൻ!

രണ്ടു മതത്തിൽപ്പെട്ടവർ വിവാഹം കഴിക്കാൻ തീരുമാനിച്ചാൽ എപ്പോഴും അവരവരുടെ വിശ്വാസത്തിൽ ജീവിക്കുന്നവരുടെ എണ്ണം കുറവാണ്. ഒരാളുടെ മതത്തെ പുൽകുകയാണ് പതിവ്. അതാണ് ശരിയെന്ന് സമൂഹം പറഞ്ഞുവെയ്ക്കുന്നുമുണ്ട്. അത് പലപ്പോഴും ആണിന്റെ മതത്തിലേക്കായിരിക്കും. അധികാരം ആണിനർഹതപ്പെട്ടതാണെങ്കിൽ വിശ്വാസത്തെ സംബന്ധിച്ചും അങ്ങനെ തന്നെ. സ്ത്രീയാണ് കീഴടങ്ങേണ്ടത്. ഒരു പുരുഷനോടുള്ള പ്രണയത്തിൽ ഇന്നലെവരെ വിശ്വസിച്ച എല്ലാത്തിനേയും തള്ളിക്കളഞ്ഞുകൊണ്ട് അവൻ വിശ്വസിച്ച എല്ലാത്തിനോടും പൊരുത്തപ്പെടുക. മക്കളെ ഒറ്റമതത്തിൽ വളർത്താനുള്ള എളുപ്പവും അതാണെന്നാണ് വെപ്പ്.

രണ്ടു മതത്തിൽപ്പെട്ടവർ വിവാഹം കഴിക്കാൻ തീരുമാനിച്ചാൽ എപ്പോഴും അവരവരുടെ വിശ്വാസത്തിൽ ജീവിക്കുന്നവരുടെ എണ്ണം കുറവാണ്. ഒരാളുടെ മതത്തെ പുൽകുകയാണ് പതിവ്. അതാണ് ശരിയെന്ന് സമൂഹം പറഞ്ഞുവെയ്ക്കുന്നുമുണ്ട്. അത് പലപ്പോഴും ആണിന്റെ മതത്തിലേക്കായിരിക്കും. അധികാരം ആണിനർഹതപ്പെട്ടതാണെങ്കിൽ വിശ്വാസത്തെ സംബന്ധിച്ചും അങ്ങനെ തന്നെ. സ്ത്രീയാണ് കീഴടങ്ങേണ്ടത്. ഒരു പുരുഷനോടുള്ള പ്രണയത്തിൽ ഇന്നലെവരെ വിശ്വസിച്ച എല്ലാത്തിനേയും തള്ളിക്കളഞ്ഞുകൊണ്ട് അവൻ വിശ്വസിച്ച എല്ലാത്തിനോടും പൊരുത്തപ്പെടുക. മക്കളെ ഒറ്റമതത്തിൽ വളർത്താനുള്ള എളുപ്പവും അതാണെന്നാണ് വെപ്പ്. സെമറ്റിക് മതങ്ങൾക്ക് പക്ഷേ, അവരിലേക്ക് ആകർഷിക്കാനാണ് താത്പര്യം. രണ്ടു സെമറ്റിക് മതങ്ങളായാലും ശക്തി ആർക്കോ അതിനനുസരിച്ചിരിക്കും കാര്യങ്ങൾ. ചുരുക്കത്തിൽ മതരഹിത, മതേതര, നീരീശ്വര ജീവിതം സ്ത്രീയെ സംബന്ധിച്ച് അത്ര എളുപ്പമല്ല. അല്ലെങ്കിൽ അവളെപ്പോഴും അവളുടെ വേഷത്തെപ്പറ്റി ഉത്തരം പറഞ്ഞുകൊണ്ടു നടക്കേണ്ടി വരുന്നു, ചിഹ്നങ്ങൾ ഉപേക്ഷിച്ചതിനെപ്പറ്റി പറയേണ്ടി വരുന്നു. മറ്റൊരു മതത്തെ പുൽകിയതല്ല എന്നു പറയേണ്ടി വരുന്നു. ദുസ്സഹമാണ് ചോദ്യങ്ങളും ഉത്തരം കണ്ടെത്തലും. അപ്പോൾ ഒരുവൾ എന്തു തന്നെ ആയിരുന്നാലും പിറന്ന മതത്തിൽ തന്നെയാണെന്ന് വേഷം കെട്ടേണ്ടി വരുന്നു. പലപ്പോഴും മനസ്സില്ലാമനസ്സോടെ ..അല്ലെങ്കിലും അധികാര കേന്ദ്രീകൃതമായിരിക്കുന്ന ഒരുലോകത്ത്, മതങ്ങളാൽ നിബിഡമായിരിക്കുന്ന ഒരു ലോകത്ത്, ചിന്തകളെ വിലങ്ങിടുന്ന ഒരു ലോകത്ത് ഒരുവൾക്ക് അത്രയ്ക്കൊന്നും സ്വതന്ത്രയായിരിക്കാൻ പറ്റില്ല.

അങ്ങനെ സ്വതന്ത്രയായിരിക്കുന്ന ഒരുവളെ കണ്ടെത്തുമ്പോഴൊക്കെ എനിക്കവരോട് ആരാധന തോന്നാറുണ്ട്. മതേതരയായിരിക്കാൻ ചിഹ്നങ്ങൾ ഒഴിവാക്കുന്നവരെ കാണുമ്പോഴും. പുറത്തേക്ക് മതചിഹ്നങ്ങളൊന്നും കാണിക്കാത്തവളെ കാണുമ്പോഴും. കാരണം അവർ കുറച്ചെങ്കിലും ധീരകളാണ്. ഏറെപ്പേരെ പേടിക്കുന്നില്ലെന്ന് തോന്നാറുണ്ട്. താരതമ്യേന സ്വ

തന്ത്രകളുമാണവർ. അവർ സമൂഹത്തിന്റെ പൊതു സ്വഭാവങ്ങളോട് കലഹിക്കുന്നവരാണ്. അവരോടൊപ്പം ചേരുകയാണ് ഇന്നിന്റെ ആവശ്യമെന്ന് കരുതുന്നു. ആകുലമായ കാലത്തെ പ്രതീക്ഷയും അവരിലാണ്.

ഇന്ന മതത്തിന്റെ എന്നു തോന്നിക്കുന്ന നാമധാരികൾ ചിഹ്നങ്ങളുപേക്ഷിച്ചാൽ ഭീഷണികളും വെടിയുണ്ടകളും കല്ലേറുകളും വന്നെന്നുമിരിക്കും. ഒരു സ്ത്രീജീവിതം എത്ര പൊല്ലാപ്പു നിറഞ്ഞതാണ്! പക്ഷേ, അതിലുണ്ടൊരു ആനന്ദം. കീഴടങ്ങുമ്പോഴല്ല, പൊരുതി നേടുമ്പോഴാണ് ആനന്ദം കൂടുതൽ. ബുദ്ധിജീവികൾ, അവിശ്വാസികൾ, മതേതരർ തുടങ്ങിയ പലരും മരണശേഷം എന്ത് എന്ന് മുമ്പേ ആലോചിച്ചു വെയ്ക്കാറുണ്ട്. കേരളത്തിൽ തന്നെ പല ഉദാഹരണങ്ങൾ കണ്ടിട്ടുണ്ട്. മൃതദേഹം മെഡിക്കൽ കോളേജിനും മറ്റും സംഭാവന ചെയ്യുന്നവർ. കുട്ടികൾ കീറി മുറിച്ച് പഠിക്കട്ടെ! പക്ഷേ, എന്തുകൊണ്ടോ ഇതുവരെ ഇങ്ങനെശരീരം സംഭാവന ചെയ്യുന്നത് ഉറക്കെ പ്രഖ്യാപിച്ചവരൊക്കെ ആണുങ്ങളായിരുന്നു. അനാഥശവങ്ങൾ കിട്ടേണ്ടിവരും ഒരു പെൺശവത്തിനുവേണ്ടി! അവൾ എവിടെയൊക്കെയോ ബന്ധിതയാണ്. ജീവിതത്തിൽ ചിലപ്പോൾ ഒറ്റപ്പെട്ടാലും അവളെ സുരക്ഷിതയായി ഭസ്മീകരിക്കാനോ മണ്ണിലേക്കുവെയ്ക്കാനോ ആളുകളുണ്ടാവും. ചാവുന്നവർക്ക് ചാവാം. പക്ഷേ, ജീവിച്ചിരിക്കുന്നവർക്കല്ലേ ചീഞ്ഞുനാറുന്നതിന്റെ ദുർഗന്ധം ശ്വസിക്കേണ്ടിവരുന്നത് എന്ന് ന്യായം കേൾക്കാം. അവൾ നിശ്ശബ്ദയാവും. മരണത്തെ പറഞ്ഞാണ് പലപ്പോഴും അവിശ്വാസിയെ വിശ്വാസിയാക്കുന്നത്. ജീവിച്ചിരിക്കുന്നവർ ചുമക്കേണ്ടി വരുന്ന ദുർഗന്ധത്തെപ്പേടിച്ച്. ഇനിയും സമൂഹമധ്യത്തിൽ ജീവിക്കേണ്ട ബന്ധുക്കളെയോർത്ത്..

ജീവിതത്തിൽ ചിലപ്പോൾ ഒറ്റപ്പെട്ടാലും അവളെ സുരക്ഷിതയായി ഭസ്മീകരിക്കാനോ മണ്ണിലേക്കുവെയ്ക്കാനോ ആളുകളുണ്ടാവും. ചാവുന്നവർക്ക് ചാവാം. പക്ഷേ, ജീവിച്ചിരിക്കുന്നവർക്കല്ലേ ചീഞ്ഞുനാറുന്നതിന്റെ ദുർഗന്ധം ശ്വസിക്കേണ്ടിവരുന്നത് എന്ന് ന്യായം കേൾക്കാം. അവൾ നിശ്ശബ്ദയാവും. മരണത്തെ പറഞ്ഞാണ് പലപ്പോഴും അവിശ്വാസിയെ വിശ്വാസിയാക്കുന്നത്. ജീവിച്ചിരിക്കുന്നവർ ചുമക്കേണ്ടി വരുന്ന ദുർഗന്ധത്തെപ്പേടിച്ച്. ഇനിയും സമൂഹമധ്യത്തിൽ ജീവിക്കേണ്ട ബന്ധുക്കളെയോർത്ത്..

തീർച്ചയായും ഞാനൊരു നിരീശ്വരവാദിയല്ല. എന്റെ ജീനുകൾ വിവിധ മതങ്ങളുടെ സംഗമസ്ഥലമാണ്. ഉൾക്കൊണ്ടതത്രയും മതേതര മൂല്യങ്ങളാണ്. ആത്മാവ് സ്വതന്ത്രമാകുമ്പോൾ നഷ്ടപ്പെടുന്ന ശരീരത്തെയോർത്ത് പേടിക്കുന്നില്ല. പക്ഷേ, ദുർഗന്ധത്തെപ്പറ്റിപ്പറഞ്ഞു പേടിപ്പിക്കുന്നവർക്കു മുന്നിൽ, നാളെയും ജീവിക്കേണ്ടവരെപ്പറ്റി ഓർമ്മപ്പെടുത്തുന്നവർക്കു മുന്നിൽ ആരെന്റെ ശരീരത്തെ ഏറ്റെടുക്കും?

*മൈന ഉമൈബാൻ അസിസ്റ്റന്റ് പ്രൊഫസർ, മമ്പാട് എം.ഇ.എസ്. കോളേജ്, നിലമ്പൂർ*



എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 200/-രൂപ | DD No............... |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs.....................................DD/MO അയക്കുന്നു. എന്ന്.................................................


മേൽവിലാസം..............................................................................................................

..............................................................................................................പിൻ...............................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370





ആർ.ഷർമ്മിള

# ബുദ്ധമതത്തിലെ ഥേരീജീവിതങ്ങൾ

പ്രാചീന സംസ്ക്കാരത്തിൽ അല്ലെങ്കിൽ പ്രാചീനസാമൂഹ്യാവസ്ഥയിൽ സ്ത്രീകൾക്കുണ്ടായിരുന്ന നിർണ്ണായകസ്ഥാനം/സ്ത്രീകളുടെ അവസ്ഥ/സ്ത്രീകൾക്ക് മാത്രമായി നിർവ്വചിക്കപ്പെട്ടിരുന്ന ഇടങ്ങൾ എന്നിവ പരിശോധിക്കണമെങ്കിൽ, വേദോപനിഷത്തുക്കൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ, ബുദ്ധ-ജൈനമത ഗ്രന്ഥങ്ങൾ, സാഹിത്യകൃതികൾ എന്നിവ പരിശോധിക്കേണ്ടതുണ്ട്. ഈ ഗ്രന്ഥപഠനങ്ങളുടെ വിശകലനത്തിൽ സ്ത്രീ-പുരുഷസമത്വം പ്രാചീന ഭാരതത്തിൽ നിലനിന്നിരുന്നുവെന്നും; അങ്ങനെയല്ല സ്ത്രീകളുടെ അവസ്ഥ പരിതാപകരമായിരുന്നുവെന്നും വിഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്. സ്ത്രീവാദപക്ഷത്തു നിന്നുകൊണ്ടുള്ള മഹാഗ്രന്ഥങ്ങളുടെ പുനർവായനയിൽ ആദ്യത്തെ അഭിപ്രായത്തിന് കഴമ്പില്ല എന്നുകാണാം. വിവിധ മതങ്ങളുടെ കഥാസന്ദർഭങ്ങളും മന്ത്രവ്യാഖ്യാനങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ അക്കാലത്തെ സാമൂഹ്യചരിത്രം ലഭ്യമാകുന്നതാണ്. ആദിമഗണഗോത്രവ്യവസ്ഥയിൽ, മാതൃദായ ക്രമത്തിലൂടെ സ്ത്രീകൾക്കുണ്ടായിരുന്ന അപ്രമാദിത്വത്തിന് പിന്നീട് വന്ന പിതൃദായവ്യവസ്ഥ തടമിടുകയും സെമറ്റിക് മതങ്ങളുടെ ആവിർഭാവത്തോടെ ലൈംഗികാധിഷ്ഠിതമായ വിലക്കുകൾ സ്ത്രീകൾക്കുമേൽ കൂച്ചുവിലങ്ങിടുകയും ചെയ്തു. ഇടയവൃത്തിയിലും കാർഷികവൃത്തിയിലും വ്യാപരിച്ചിരുന്ന ഒരു ജനത വ്യാപാരസംസ്കൃതിയിലേക്കും സ്വകാര്യസ്വത്തുല്പാദനത്തിലേക്കും വഴിമാറിയതോടെ സ്ത്രീ പുരുഷന്റെ ചൊൽപ്പടിക്ക് നിൽക്കുന്നവളായി മാറി.

ഉപനിഷദ്കാലഘട്ടത്തിൽ തത്വചിന്താപാണ്ഡിത്യത്തിൽ അഗ്രഗണ്യകളായ ബ്രഹ്മവാദി

നികൾക്ക് പോലും പുരുഷ മേൽക്കോയ്മയെ മറികടക്കുവാൻ സാധിക്കുന്നില്ല. എന്നാൽ ബുദ്ധമതകാലഘട്ടത്തിലെ ഥേരിമാർ കുറേക്കൂടി ആത്മനിഷ്ഠാനുഭവങ്ങളിലൂടെ കടന്ന് സംഘാംഗങ്ങളായി മാറുകയായിരുന്നവെന്ന് ഥേരീഗാഥകളിൽ നിന്ന് വ്യക്തമാകും.

'ബുദ്ധമതമാണ് ഗോത്രങ്ങളെ ഏകീകരിച്ച ആദ്യത്തെ സംഘടിതമതമെന്നും അതിലുൾച്ചേർന്ന ഗോത്രങ്ങളിലെ സ്ത്രീപ്രാമാണ്യം ബുദ്ധമതത്തെ സ്വാധീനിച്ചിട്ടുണ്ടെന്നും' ഡോ.പി.സോമൻ ചൂണ്ടിക്കാണിക്കുന്നുണ്ട് (മാർക്സിസം, ലൈംഗികത, സ്ത്രീപക്ഷം പേ.268). സ്ത്രീകൾക്ക് പ്രാമാണ്യമുണ്ടായിരുന്ന ഗണ-ഗോത്രങ്ങളുടെ തകർച്ചയെ തുടർന്നുണ്ടായ പൊതു-സാമൂഹ്യവ്യവസ്ഥയിൽ ഈ ഉന്നതലിംഗപദവി താറുമാറാക്കപ്പെടുകയാണുണ്ടായത്. ജന്മിത്ത-രാജഭരണങ്ങൾ, തൊഴിൽ- സാമൂഹ്യമേഖലകളിലെ സ്ത്രീപ്രാതിനിധ്യത്തെയും പ്രാമുഖ്യത്തേയും തികച്ചും ഒഴിവാക്കിത്തുടങ്ങി. എന്നാൽ ഈ വിവേചനത്തെ നിരാകരിച്ചുകൊണ്ട്, ചാതുർവർണ്യവ്യവസ്ഥകളിലും അതിനു പുറമെയുള്ള കീഴ്ജാതിക്കാരിലും നിലനിന്നിരുന്ന വ്യത്യസ്തകളേയും അനീതികളേയും കാറ്റിൽപ്പറത്തി ബുദ്ധമതം തീർത്ത കൂടാരത്തിലേക്ക് ഗണികകളും രാജകുമാരിമാരും സുന്ദരികളും വിരൂപകളും ഒന്നിച്ചെത്തിയത് യാദൃച്ഛികമല്ല. ആധ്യാത്മിക ജീവിതം പുരുഷനുമാത്രമായിട്ടുള്ളതല്ലെന്ന് ബുദ്ധമതം അംഗീകരിച്ചു. ജ്ഞാനവൃദ്ധന്മാരായ ബുദ്ധഭിക്ഷുക്കൾ സ്ഥവിരന്മാർ എന്നറിയപ്പെട്ടു. ഇതിന്റെ സ്ത്രീപദമാവാം ഥേരികൾ (എം.ലീലാവതി, ഭാരതസ്ത്രീ .പുറം.205 ).

ത്രിപീഠകങ്ങളിൽ സുത്തപീഠകത്തിലാണ് ഥേരീഗാഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. എഴുപത്തിമൂന്ന് ഥേരീഗാഥകളാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ബർമ്മീസിലും സിംഹളീസിലുമാണ് ഥേരീഗാഥകൾ ആദ്യം രചിക്കപ്പെട്ടത്. 1883ൽ ഇവയുടെ തർജ്ജമ ജർമ്മൻഭാഷയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. റൈസ് ഡേവിസ്, കെ.ആർ.നോർമാൻ, സൂസൻ മൂർക്കോട്ട് തുടങ്ങിയവരുടെ ഇംഗ്ലീഷ് തർജ്ജമകളും ഇപ്പോൾ ലഭ്യമാണ്.

ചാതുർവർണ്യവ്യവസ്ഥക്കെതിരെ ശ്രീബുദ്ധന്റെ ആഹ്വാനം, വിവിധ ശ്രേണികളിലെ സ്ത്രീസമൂഹങ്ങൾക്കിടയിൽ വൻചലനമാണുളവാക്കിയത്. ബുദ്ധമതാനുകരണത്തിന്റെ ഭാഗമായാണ് കന്യാസ്ത്രീമഠങ്ങൾ ഉണ്ടായതെന്ന് പറയാം (എം.ലീലാവതി, ഭാരതസ്ത്രീ, പുറം.205). എന്നാൽ ക്രിസ്തുവിന്റെ 'വധൂപദവി' സങ്കൽപം ബുദ്ധമതത്തിൽ ഇല്ലയെന്നും കാണാം.

ഥേരീഗാഥയിൽ ഏറ്റവും നീണ്ടകൃതി സുമേധയുടേതാണ്. എഴുപത്തഞ്ച് ഗാനങ്ങളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. മിക്ക ഥേരീഗാഥകളിലും കാണുന്ന സ്ത്രീജീവിതങ്ങൾ അന്നത്തെ സമൂഹത്തിന്റെ നേർകാഴ്ചകളാകുന്നു. സൗന്ദര്യത്തിലും ഉന്നതവിദ്യാഭ്യാസത്തിലും മുൻപന്തിയിൽ നിൽക്കുന്ന രാജകുമാരിയാണ് സുമേധ. രാജാവായ അതികർത്തൻ ഈ ഗുണങ്ങളിൽ ആകൃഷ്ടനായി സുമേധയോട്



വിവാഹാഭ്യർത്ഥന നടത്തുന്നു. ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട കാര്യം, 'വിവാഹം' എന്ന വ്യവസ്ഥാപനത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുമ്പോൾ ഏറ്റവും നല്ല വസ്തു/ ചരക്കിനുണ്ടാകേണ്ട ഗുണങ്ങൾ അന്നുമിന്നും സമൂഹം അനുശാസിക്കുന്നതിൽ മാറ്റമൊന്നും വന്നിട്ടില്ലയെന്നു കാണാം.

'സൗന്ദര്യം, വാക്ചാതുര്യം, വിദ്യാഭ്യാസം, സമ്പത്ത് എന്നിവ ഉദാഹരണങ്ങൾ. സുമേധ, രാജാവിന്റെ വിവാഹാഭ്യർത്ഥന നിരസിക്കുകയും ലൗകീകവിരക്തിയാൽ കുടുംബജീവിതം ഉപേക്ഷിച്ച് സംഘത്തിൽ ചേരുകയും ചെയ്യുന്നു.

ഇതിൽ നിന്ന് വ്യത്യസ്ഥമാണ് ഋഷീദാസിയുടെ കഥ. 46 ഗാനങ്ങളാണിതിലുള്ളത്. ഭർതൃഗൃഹത്തിൽ അക്കാലത്ത് വധു അനുഷ്ഠിക്കേണ്ടിയിരുന്ന (ഇക്കാലത്തും പതിവ്രതയിൽ നമ്മൾ ചാർത്തിക്കൊടുക്കുന്ന) എല്ലാ ഗുണങ്ങളുമുണ്ടായിട്ടും ഋഷീദാസിയെ ഭർത്താവ് ഉപേക്ഷിക്കുന്നു. ഉപേക്ഷിക്കപ്പെട്ടവളായി സ്വഗൃഹത്തിലെത്തിയതിനെത്തുടർന്ന്, വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി വീണ്ടും വിവാഹിതയാവേണ്ടിവന്നുവെങ്കിലും സമാന അനുഭവത്താൽ സ്വഗൃഹത്തിലേക്കു തന്നെ മടങ്ങുന്നു. സ്ത്രീയുടെ അഭിപ്രായസ്വാതന്ത്ര്യങ്ങൾക്കോ തീരുമാനങ്ങൾക്കോ സമൂഹം പ്രാധാന്യം കൽപിച്ചിരുന്നില്ല എന്നു കാണാം. തുടർന്ന് ജീവിതവിരക്തി വന്ന ഋഷീദാസി ഭിക്ഷുണിയാകുന്നതാണ് ഈ ഥേരീഗാഥയുടെ ഇതിവൃത്തം.

ശരീരമെന്ന സ്വത്വത്തിൽ നിന്നും വിമുക്തിനേടാൻ ശ്രമിക്കുന്ന മറ്റൊരു ഭിക്ഷുണിയാണ് ശുഭ. ഒരു പൂന്തോപ്പിലൂടെ നടന്നുപോവുമ്പോൾ ജീവകൻ എന്ന കാമാസക്തൻ ശുഭയിൽ ആകൃഷ്ടനായി അവളെ വശീകരിക്കാൻ ശ്രമിക്കുകയും, ലൈംഗികബന്ധത്തിന് നിർബന്ധിക്കുകയും ചെയ്യുന്നു. താൻ ഒരു സന്യാസിനിയാണെന്നും ഈ നശ്വരശരീരത്തിൽ തനിക്ക് വിശ്വാസമില്ലെന്നും ശുഭ പലവട്ടം പറഞ്ഞെങ്കിലും ജീവകൻ വിശ്വസിക്കുന്നില്ല. ഒടുവിൽ ശുഭ തന്റെ കണ്ണുകൾ പറിച്ചെടുത്ത് 'ഇതാ നീ പാടിപ്പുകഴ്ത്തിയ കണ്ണുകൾ, എടുത്തുകൊള്ളൂ' എന്ന് പറഞ്ഞ് അവനെ തളർത്തിക്കളയുന്നു. ശുഭ പിന്നീട് ബുദ്ധന്റെ അടുത്തെത്തി ആന്തരികസത്യദർശനത്താൽ വിളങ്ങുന്നു. തന്നെ ശരീരം മാത്രമായി അല്ലെങ്കിൽ ലൈംഗികവസ്തുവോ/ഉപഭോഗ വസ്തുവോ മാത്രമായി കാണുന്ന വ്യവസ്ഥക്കെതിരെയുള്ള പ്രതികരണമാണ് ശുഭയിലൂടെ പ്രകടമാകുന്നത്.

ശരീരമെന്ന സ്വത്വത്തിൽ നിന്നും വിമുക്തിനേടാൻ ശ്രമിക്കുന്ന മറ്റൊരു ഭിക്ഷുണിയാണ് ശുഭ. ഒരു പൂന്തോപ്പിലൂടെ നടന്നുപോവുമ്പോൾ ജീവകൻ എന്ന കാമാസക്തൻ ശുഭയിൽ ആകൃഷ്ടനായി അവളെ വശീകരിക്കാൻ ശ്രമിക്കുകയും, ലൈംഗിക ബന്ധത്തിന് നിർബന്ധിക്കുകയും ചെയ്യുന്നു. താൻ ഒരു സന്ന്യാസിനിയാണെന്നും ഈ നശ്വര ശരീരത്തിൽ തനിക്ക് വിശ്വാസമില്ലെന്നും ശുഭ പലവട്ടം പറഞ്ഞെങ്കിലും ജീവകൻ വിശ്വസിക്കുന്നില്ല. ഒടുവിൽ ശുഭ തന്റെ കണ്ണുകൾ പറിച്ചെടുത്ത് 'ഇതാ നീ പാടിപ്പുകഴ്ത്തിയ കണ്ണുകൾ, എടുത്തുകൊള്ളൂ' എന്ന് പറഞ്ഞ് അവനെ തളർത്തിക്കളയുന്നു.

ഥേരീഗാഥകളിൽ ഇങ്ങനെ ചിന്തോദ്ദീപകവും രസകരവുമായ നിരവധി ഉദാഹരണങ്ങൾ കാണാം.

തന്നെ അപായപ്പെടുത്താൻ ശ്രമിക്കുന്ന ദുരാഗ്രഹിയായ ഭർത്താവിനെ സൂത്രത്തിൽ കാലപുരിക്കയക്കുകയാണ് ഭദ്രകുണ്ഡലകേശിയെന്ന സമ്പന്ന യുവതി. മോഷണക്കുറ്റത്തിന് രാജാവിനാൽ വധശിക്ഷക്ക് വിധിക്കപ്പെട്ട അയാളെ തന്റെ പ്രണയം ഒന്നുകൊണ്ട് മാത്രം അവൾ രക്ഷപ്പെടുത്തുന്നു. സമ്പന്നനായ പിതാവിനോട് കരഞ്ഞ് കേണപേക്ഷിച്ചാണ് അവൾ അയാളെ ശിക്ഷവിമുക്തനാക്കി ഭർത്താവായി സ്വീകരിക്കുന്നത്. എന്നാൽ ദുരാഗ്രഹിയും ക്രൂരനുമായ അയാൾക്ക് അവളെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. പണവും സ്വർണ്ണവും മാത്രമാണയാളുടെ ലക്ഷ്യം. ഇത് മനസ്സിലാക്കിയ അവൾ അയാളെ സൂത്രത്തിൽ അപായപ്പെടുത്തുന്നു; സ്വജീവനരക്ഷക്കായി മാത്രം. കാര്യസാധനത്തിനായി മാത്രം തന്നെ ഉപയോഗപ്പെടുത്തുന്ന ഒരു വ്യവസ്ഥയോടുള്ള പ്രതികാരമാണ് ഭദ്രകുണ്ഡലകേശിയിൽ കാണാവുന്നത്. ഈ സംഭവത്തോടെ ആകെ മനം മടുത്ത അവൾ സർവ്വസംഗപരിത്യാഗിയായി ബൗദ്ധ സംഘത്തിൽ ഥേരിയായി മാറുന്നു.

ഉത്പലവർണ്ണയെന്ന ഥേരി

യുടെ കഥ ഇതിലും ദയനീയമാണ്. മകളുടെ ഭർത്താവായ പുരുഷനെ ആ ബന്ധം അറിയാതെ വിവാഹം കഴിക്കേണ്ടി വരുന്നു. ചെറുപ്പത്തിൽ തന്നെ വിട്ടു പോയ മകളാണ് തന്റെ സപത്നിയെന്ന് ഭർതൃഗൃഹത്തിലെത്തിയപ്പോൾ മാത്രമാണ് അവൾ മനസ്സിലാക്കുന്നത്. ഇതോടെ തീരാദുഃഖത്തിലായ ഉത്പലവർണ്ണ ലൗകീകവിരക്തിയാൽ ഥേരിയായി മാറുന്നു.

ഉബ്ബിരിയെന്ന അതിസുന്ദരിക്ക് തന്റെ സൗന്ദര്യം കൊണ്ട് മാത്രം രാജ്ഞിപട്ടം കിട്ടുകയും, എന്നാൽ ഏകമകളുടെ ദേഹവിയോഗം താങ്ങാനാവാതെ ഭൗതികലോകവിരക്തിയാൽ സംഘത്തിൽ ചേരുകയും ചെയ്യുന്നു.

ഇതുപോലുള്ള ജീവിതദുഃഖങ്ങൾ കൊണ്ടല്ലാതെ ബൗദ്ധസൂക്തങ്ങളിൽ ആകൃഷ്ടരായി ആത്മീയതയുടെ വഴിയെ സംഘത്തിലെത്തിച്ചേർന്നവർ നിരവധിയാണ്. ചിത്ര, ഉത്തമ, പുന്ന, തിസ, ധീര, മിത്ര, ഭദ്ര, ഉപസാമ, മുക്ത, ധർമ്മതൃഷ്ണ, നുമത, ധർമ്മശുക്ത, സോമ തുടങ്ങി നിരവധിപേരുടെ വിവരണങ്ങൾ ഥേരീഗാഥകളിൽ കാണാം. (ഡോ.എം.ലീലാവതി, ഭാരതസ്ത്രീ, പുറം. 210). വിധവകളും ബ്രാഹ്മണസ്ത്രീകളും ജാതിവ്യവസ്ഥക്കകത്ത് വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന പതിതകളും 'ബുദ്ധം ശരണം ഗഛാമി' മന്ത്രവുമായി ഇഴുകി ചേരുകയായിരുന്നു. അരുതുകളും വിലക്കുകളും കൊണ്ട് കലുഷിതമായ ഒരു സാമൂഹ്യ സാഹചര്യത്തിൽ നിന്ന് പരിഹാരം തേടി അവർ ബൗദ്ധസൂക്തങ്ങളിൽ അഭയം പ്രാപിച്ചു. ഈ സ്ത്രീകഥാപാത്രങ്ങൾ, മലയാളസാഹിത്യകൃതികളിലെ പല ഉത്കൃഷ്ടരചനകൾക്കും നിദാനമായി, പ്രഭാവം ചൊരിഞ്ഞു നിന്നു. കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയും കരുണയും ഉദാഹരണം. മാതംഗി എന്ന ചണ്ഡാലബാലികയുടെ കഥയാണ് പ്രസിദ്ധമായ 'ചണ്ഡാലഭിക്ഷുകി' എന്ന കാവ്യം

ഉപനിഷദ്കാലഘട്ടത്തിൽ നിന്ന് വിഭിന്നമായി മന്ത്രങ്ങളും വ്യാഖ്യാനങ്ങളുമില്ലാത്ത ലളിതസുന്ദരമായ ആര്യസത്യങ്ങളും നിർവ്വാണത്തിലേക്കുള്ള മാർഗ്ഗമായി അഷ്ഠാംഗമാർഗ്ഗങ്ങളും ബൗദ്ധസൂക്തങ്ങളായി സാധാരണജനങ്ങളിലേക്കെത്തിയപ്പോൾ, സമൂഹത്തിൽ അതുളവാക്കിയ ചലനങ്ങൾ അഭൂതപൂർവ്വമായിരുന്നു.

പുണ്യശാലിനീ നീ
പകർന്നീടുമീ
തണ്ണീർതന്നുടെയോരോ
കണികയും
അന്തമറ്റ സുകൃതഹാരങ്ങൾ
നി-
ന്നന്തരാത്മാവിലർപ്പിക്കുന്നു
ണ്ടാവാം.

എന്ന് കുമാരനാശാൻ ഹൃദയം തൊട്ട് പാടിയപ്പോൾ ആ തെളിനീരിലൂടെ കുത്തിയൊഴുകിയത്, സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കേരളത്തിലെ ദുഷിച്ചു നാറിയ ജാതി വ്യവസ്ഥയായിരുന്നു.

കെ. സച്ചിദാനന്ദൻ 'ബോധവതി' എന്ന കവിതയിൽ ചണ്ഡാലഭിക്ഷുകി പകർന്ന കുളിർതണ്ണീരിനെക്കുറിച്ച് ഇങ്ങനെ പറയുന്നു;

'ഏഴുകടലുമതിലേക്കൊഴുകി
യെൻ
ജാതിയിലേക്കാണ്ടുപോയി'

തികഞ്ഞ ആത്മവിശ്വാസവും പുതിയ ഉൾക്കാഴ്ചയും പകരുകയാണീ വരികൾ. ചവിട്ടിയമർത്തുന്ന ഏതൊരു വ്യവസ്ഥയ്ക്കുമെതിരെ സഹനമല്ല; സമരമാണ് ആവശ്യമെന്നും ബോധവതി ഉദ്ബോധിപ്പിക്കുന്നു.

ഉപനിഷദ്കാലഘട്ടത്തിൽ നിന്ന് വിഭിന്നമായി മന്ത്രങ്ങളും വ്യാഖ്യാനങ്ങളുമില്ലാത്ത ലളിതസുന്ദരമായ ആര്യസത്യങ്ങളും നിർവ്വാണത്തിലേക്കുള്ള മാർഗ്ഗമായി അഷ്ഠാംഗമാർഗ്ഗങ്ങളും ബൗദ്ധസൂക്തങ്ങളായി സാധാരണജനങ്ങളിലേക്കെത്തിയപ്പോൾ, സമൂഹത്തിൽ അതുളവാക്കിയ ചലനങ്ങൾ അഭൂതപൂർവ്വമായിരുന്നു.

നിഷ്പക്ഷമോ അതല്ലാതെ ഒരു സ്ത്രീവാദപക്ഷമോ ആയ വായനയിൽ ഉപനിഷദ്കാലഘട്ടത്തിലെ സ്ത്രീകളേക്കാൾ ബുദ്ധമതകാലഘട്ടത്തിലെ സ്ത്രീകൾക്ക് പ്രാധാന്യം ലഭിച്ചിരുന്നുവെന്ന് കാണാം. ഉപനിഷത്തുക്കളിൽ ഏറെയും കൊട്ടിഘോഷിക്കപ്പെട്ട സ്ത്രീകഥാപാത്രങ്ങളായിരുന്നുവെങ്കിൽ (ഗാർഗ്ഗി, മൈത്രേയി തുടങ്ങിയവർ ഉദാഹരണം) പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിലൂടെ സഞ്ചരിച്ച് ഭൗതികവിരക്തിവരികയും അവർ തന്നെ തെരഞ്ഞെടുത്ത വഴിയിലേക്കുവരാൻ ആർജ്ജവം കാണിച്ചവരുമായിരുന്നു ഥേരികൾ. ബൗദ്ധസൂക്തങ്ങൾ സ്ത്രീജനങ്ങളെ ഹഠാദാകർഷിച്ചിരുന്നുവെങ്കിലും, മതം എന്ന ചട്ടക്കൂടിലേക്കൊതുങ്ങിയപ്പോൾ, ബുദ്ധദർശനം മറ്റെല്ലാ മതം പോലെ തന്നെ പുരുഷകേന്ദ്രിതമായിത്തീർന്നു.

സ്ത്രീകളുടെ മേൽ പല വിധത്തിലുള്ള നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടു. അറുപതു വയസ്സു കഴിഞ്ഞ ഭിക്ഷുണി പോലും തന്നേക്കാൾ വളരെ ചെറുപ്പമുള്ള, അപ്പോൾ മാത്രം സംഘത്തിൽ പ്രവേശിച്ച ഭിക്ഷു

വിനെ വണങ്ങണമെന്നത് ഇതിനൊരുദാഹരണം മാത്രം. തിരിച്ച് ഭിക്ഷുണിയെ ഭിക്ഷു വണങ്ങേണ്ടതില്ല. സ്ത്രീശരീരമുള്ളവർക്ക് നിർവാണം സാദ്ധ്യമല്ലെന്നും; അവർ അടുത്ത ജന്മം പുരുഷജന്മമെടുത്താൽ മാത്രമേ നിർവ്വാണം പ്രാപിക്കുകയുള്ളൂവെന്നും പറയുന്നു. സംഘത്തിൽ സ്ത്രീകളുടെ അഭിപ്രായസ്വാതന്ത്ര്യത്തിനും ചലനസ്വാതന്ത്ര്യത്തിനും പുരുഷകേന്ദ്രിതമായ വിലക്കുകളുണ്ടായി.

ബുദ്ധന്റെ നിർവ്വാണശേഷം, ബൗദ്ധദർശനം, ബുദ്ധമതമായി സ്ഥാപിതവൽക്കരിക്കപ്പെട്ടതോടെയാണ് ഇത്തരം മാറ്റങ്ങൾ ഉണ്ടായതെന്ന് കാണാൻ പ്രയാസമില്ല. ബൗദ്ധതത്വങ്ങളെ സ്വാംശീകരിക്കുകയും മതത്തിന്റേതായ രീതിയിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നതിനിടെ, മാതൃദായക്രമത്തിൽ നിന്ന് പിതൃദായക്രമത്തിലേക്കുള്ള സമൂഹത്തിന്റെ വഴിയേ ബുദ്ധമതത്തിനും സഞ്ചരിക്കേണ്ടതായി വന്നു. ചാതുർവർണ്യവ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചെങ്കിലും നിലവിലുള്ള ആൺകോയ്മവ്യവസ്ഥയോട് സന്ധിയില്ലാ സമരം ചെയ്യുന്നതിനു പകരം; സഹനത്തിന്റെയും വിരക്തിയുടെയും വഴിയിലൂടെയായിരുന്നു ബുദ്ധമതകാലഘട്ടത്തിലെ സ്ത്രീകൾ സഞ്ചരിച്ചിരുന്നത് എന്ന് ഥേരീഗാഥകൾ വ്യക്തമാക്കുന്നു.

വളരെ ദുഷ്കരമായ ജീവിതസാഹചര്യങ്ങളിലൂടെ തങ്ങളെ വിരക്തിയുടെ വഴിയിലെത്തിച്ച ആൺകോയ്മയുടെ പ്രതീകങ്ങൾക്കെതിരെ അവർ കലഹിക്കുന്നില്ല; പകരം ജീവിതദുഃഖങ്ങളെ അംഗീകരിക്കുകയും ദുഃഖകാരണത്തിനും ദുഃഖനിരോധനത്തിനും മാർഗ്ഗങ്ങൾക്കും പിറകേ ആത്മീയതയുടെ വഴി സ്വീകരിക്കുകയുമാണ് ഇവർ ചെയ്തത്. സ്വയം ഉൾവലിഞ്ഞ് സംഘത്തിൽ ചേർന്നവർക്ക് പിതൃകേന്ദ്രിതമായ സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീകൾക്ക് അനുകൂലമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞില്ല. മതത്തിന്റേയും ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും 'അരുതു'കളിൽപ്പെട്ടുഴറുന്ന സ്ത്രീസമൂഹത്തിന് മൂവായിരം വർഷങ്ങൾ അപ്പുറവും ഇപ്പുറവും വലിയ വ്യതിയാനങ്ങൾ ഒന്നും സംഭവിച്ചിട്ടില്ലയെന്നും കാണാം.


*1.Bharatha sthree Dr. M. Leelavathi, Guruvayoor devaswam publications. Guruvayoor, 2009.*

*2. Meeting The Great Bliss Queen: Buddhists, Feminists, And The Art Of The Self by Anne C. Klein ,Snow lion, London*

*3. Being a Buddhist Nun: The Struggle for Enlightenment in the Himalayas, Kim Gutschov, Harvard University Press, Hardcover, 2004*

*4.The Bhikshuni Patimokha of the six Schools. Chatsumarn kabil Singh (transl), Sri Sad Guru Publications, delhi- 1998.*



*ഡോ. ഷർമ്മിള കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അസി. പ്രൊഫസറാണ്.*



**കെ.ആർ.രാഗി**


# പെൺസിനിമോത്സവം 2015

കേരളത്തിലെ സിനിമോത്സവങ്ങളെ വിലയിരുത്തി നോക്കുമ്പോൾ ഒഴിച്ചുനിർത്താൻ പറ്റാത്ത ഒന്നായിരുന്നു തിരുവനന്തപുരത്ത് സെപ്തംബർ 23 മുതൽ 27 വരെ നടന്ന പെൺസിനിമോത്സവം. സിനിമയിലൂടെ എങ്ങനെയാണ് സ്ത്രീസ്വത്വബോധവും സ്വാതന്ത്ര്യവും ആവിഷ്കരിക്കപ്പെടുന്നത് എന്ന അന്വേഷണത്തിലാണ് 2011ൽ ആദ്യമായി കേരളത്തിൽ ഫീമെയിൽ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കാൻ തുടങ്ങിയത്. 2010 ൽ സ്ഥാപിതമായ കേരള സ്ത്രീ പഠനകേന്ദ്രമാണ് ഇതിന്  ചുക്കാൻ പിടിക്കുന്നത്. സ്തീകൾ നിർമ്മിക്കുന്ന സിനിമയും സ്ത്രീകളെ പ്രതിപാദിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സിനിമകൾ,ഡോക്യുമെന്ററികൾ,ഡോക്യുഫിക്ഷനുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡോക്യുമെന്ററി വിഭാഗത്തിൽ മത്സരവും സംഘടിപ്പിക്കാറുണ്ട്.സെപ്തംബർ 23 ന് ഉദ്ഘാടനം ചെയ്ത ഉത്സവത്തിൽ ശ്രീമതി കവിയൂർ പൊന്നമ്മയ്ക്ക് പി.കെ റോസിപുരസ്ക്കാരവും നൽകി.

ദേശീയതലത്തിലും അന്തർദേശീയതലത്തിലും ശ്രദ്ധേയമായ സിനിമകളായിരുന്നു പ്രദർശിപ്പിച്ചത് .നീലന്റെ 'അമ്മ', പി പത്മരാജന്റെ 'തിങ്കളാഴ്ച നല്ല ദിവസം',ഗിരീഷ് കാസറവള്ളിയുടെ 'ഗുലാബി ടാക്കീസ്'. റിതുപർണോഘോഷിന്റെ 'ബാരിവാലി" എന്നിവ ഇന്ത്യയിൽ നിന്നുള്ള സിനിമകളായിരുന്നുവെങ്കിൽ നിർമ്മാണതലത്തിൽ ഉറച്ച സ്ത്രീ സാന്നിദ്ധ്യം അറിയിച്ചത് അന്താരാഷ്ട്ര സിനിമകളായിരുന്നു. മാർത്താ മെസാറസിന്റെ ഹംഗേറിയൻ ചിത്രമായ 'അഡോപ്ഷൻ' വളരെ പ്രസക്തിയുള്ളതും ഒരുപാട് ചർച്ചകൾക്ക് വഴിവെയ്ക്കുന്നതും ആയിരുന്നു.ഇറാനിയൻ സിനിമ പ്രവർത്തകരായ സമീറ മക്മൽബഫ്,മാർസി മെഷ്കിനിയുടെയും.,ഫ്രഞ്ച് സിനിമയിലെ സജീവ സ്ത്രീ സാന്നിദ്ധ്യമായ ആഗ്നസ് വർദ,ഐറിഷ് സംവിധായകരായ ജുനെറ്റ വിൽസൺ,ഇസ്രായേൽ സംവിധായകരായ ജൂലിയാനോ മെർഖമീസ്,ഡാനിയൽ ഡാനിയൽ,ഇറാൻ റിക്ലീസ്,സെനഗലിൽ നിന്നുള്ള ഒസ്മാനേസിംബനേ,യു.എസ്.എ യിൽ നിന്നുള്ള ജോർജ് സ്റ്റീവൻസ് എന്നിവരുടെ ചിത്രങ്ങളും പ്രദർശനത്തിലുണ്ടായിരുന്നു.


*കെ.ആർ.രാഗി അസിസ്റ്റന്റ് പ്രൊഫസർ, ഗവ.ബ്രണ്ണൻ കോളേജ്, തലശ്ശേരി*



# സ്ത്രൈണത – അധികാരം – മതസമീപനങ്ങൾ



ജിസാജോസ്

**പ്രാ**ക്തന സമൂഹങ്ങളിലെ സ്വതന്ത്രവും സ്വച്ഛവുമായിരുന്ന സ്ത്രൈണതയെ, സ്ത്രൈണലൈംഗികതയെ, നിയന്ത്രിക്കാനും സ്ത്രീകളുടെ ലൈംഗികകീഴായ്മയെ സ്ഥാപനവത്ക്കരിക്കാനുമുള്ള ശ്രമങ്ങളാണ് പിൽക്കാലത്തെ മതഗ്രന്ഥങ്ങളും മതാധിഷ്ഠിത കഥാസാഹിത്യവും നടത്തിയത്. രൂപപ്പെട്ടുവരുന്ന വർഗ്ഗ-മത – ജാതി വ്യവസ്ഥകളിൽ സ്ത്രീശക്തിയെ പരിമിതപ്പെടുത്തേണ്ടതും പുരുഷാധികാരത്തിനു വഴിപ്പെടുത്തേണ്ടതും അനിവാര്യമായിരുന്നു. പുരുഷ കേന്ദ്രിതമായ സാമൂഹിക- രാഷ്ട്രീയ ക്രമങ്ങളെ സംരക്ഷിക്കാനും നിലനിർത്താനും അതു കൂടിയേ തീരു. സ്ത്രീകൾ സംരക്ഷിക്കപ്പെടേണ്ടവരും അവരുടെ ലൈംഗികത കർക്കശമായി നിരീക്ഷിക്കപ്പെടേണ്ടതുമായി മാറി. സ്ത്രീയുടെ രണ്ടാം കിടപൗരത്വം / പുരുഷനോടുള്ള ആശ്രിതത്വം സ്ഥാപിക്കുന്ന മിത്തുകൾ എല്ലാ മതങ്ങളുടെയും ആധികാരിക സത്യങ്ങൾ തന്നെയായി ആഘോഷിക്കപ്പെട്ടു. ബൃഹദാരണ്യകോപനിഷത്തിൽ, ഏകാകിയായ പ്രജാപതി കൂട്ടിനാഗ്രഹിക്കുകയും, ഗാഢമായി ആലിംഗനം ചെയ്യുന്ന സ്ത്രീ പുരുഷന്മാരുടെ പരിരംഭണത്തോടു കൂടിയവനായിത്തീരുകയും ചെയ്തു. അങ്ങനെ വലുതായിത്തീർന്ന ശരീരത്തെ അവൻ രണ്ടായി ഭാഗിച്ചു. അതു പതിയും പത്നിയുമായിത്തീർന്നു. സമാനമാണ് ക്രിസ്തു മതത്തിലെയും ഇസ്ലാം മതത്തിലെയും

ഉൽപത്തികഥ. പുരുഷന്റെ വാരിയെല്ലുകളിലൊന്ന് ഊരിയെടുത്ത് അതിനെ സ്ത്രീയാക്കി മാറ്റി പുരുഷനെ അനുസരിച്ചു കഴിയാൻ അവളെ നിയോഗിക്കുകയാണു ദൈവം. പുരുഷന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്ന് എടുക്കപ്പെട്ടതു കൊണ്ട് നാരി. ദൈവം പുരുഷനെ പ്പോലെത്തന്നെ സൃഷ്ടിക്കുകയും പുരുഷനു കീഴടങ്ങി ജീവിക്കാൻ തയ്യാറാവാത്തതുകൊണ്ട് നശിപ്പിക്കുകയും ചെയ്ത ആദിമാതാവായ ലിലിത്തിന്റെ കഥ വിശുദ്ധ ഗ്രന്ഥങ്ങൾ തമസ്കരിക്കുന്നു.

പുരുഷന്റെ ബഹുമാന്യത/ സാമൂഹിക പദവി പരിരക്ഷിക്കുകയെന്നത് സ്ത്രീയുടെ ഉത്തരവാദിത്തമായി മാറുന്നു. സ്ത്രൈണ ലൈംഗികത കർക്കശമായി നിരീക്ഷിക്കപ്പെടേണ്ടതും നിയന്ത്രിക്കപ്പെടേണ്ടതുമാണെന്ന് മതാധിഷ്ഠിത വ്യവഹാരങ്ങളുടെ ആരംഭ കാലം മുതല്ക്കേ സ്ഥാപിക്കപ്പെടുന്നുണ്ട്. മതഗ്രന്ഥങ്ങളും സാഹിത്യവും ഇക്കാര്യത്തിൽ ബദ്ധശ്രദ്ധവുമാണ്. കന്യകാത്വം, പാതിവ്രത്യം പോലുള്ള അവസ്ഥകൾക്ക് നൽകുന്ന അമിത പ്രാധാന്യം, അതിലൂടെ സ്ത്രീകൾക്കു ലബ്ധമാവുന്ന സാമൂഹികാംഗീകാരത്തിന്റെ മോഹവലയം എന്നിവയിലൂടെ ഈ ആണധികാര സൂചകങ്ങൾക്കുള്ള സമ്മതി സ്ത്രീകളിൽ നിന്നു നേടിയെടുക്കുന്നു. അങ്ങനെ പൊതു സമ്മതി നിർമ്മിച്ചെടുക്കാൻ കഴിയാത്തിടത്ത് മർദ്ദനോപകരണങ്ങളിലൂടെയും സ്ത്രൈണ ലൈംഗികതയെ അടിച്ചമർത്തുന്നു.

പുരുഷന്റെ ബഹുമാന്യത/ സാമൂഹിക പദവി പരിരക്ഷിക്കുകയെന്നത് സ്ത്രീയുടെ ഉത്തരവാദിത്തമായി മാറുന്നു. സ്ത്രൈണ ലൈംഗികത കർക്കശമായി നിരീക്ഷിക്കപ്പെടേണ്ടതും നിയന്ത്രിക്കപ്പെടേണ്ടതുമാണെന്ന് മതാധിഷ്ഠിത വ്യവഹാരങ്ങളുടെ ആരംഭ കാലം മുതല്ക്കേ സ്ഥാപിക്കപ്പെടുന്നുണ്ട്. മതഗ്രന്ഥങ്ങളും സാഹിത്യവും ഇക്കാര്യത്തിൽ ബദ്ധശ്രദ്ധവുമാണ്. കന്യകാത്വം, പാതിവ്രത്യം പോലുള്ള അവസ്ഥകൾക്ക് നൽകുന്ന അമിത പ്രാധാന്യം, അതിലൂടെ സ്ത്രീകൾക്കു ലബ്ധമാവുന്ന സാമൂഹികാംഗീകാരത്തിന്റെ മോഹവലയം എന്നിവയിലൂടെ ഈ ആണധികാര സൂചകങ്ങൾക്കുള്ള സമ്മതി സ്ത്രീകളിൽ നിന്നു നേടിയെടുക്കുന്നു.

ബി സി 5 മുതൽ 3 വരെ നൂറ്റാണ്ടുകൾക്കിടക്കുണ്ടായ ആപസ്തംബ ധർമ്മ സൂത്രത്തിൽ പരപുരുഷന്മാർ ഭാര്യക്കടുത്ത് പോകുന്നില്ലെന്നും അത്തരം വിത്തുകൾ അവളിൽ പതിക്കുന്നില്ലെന്നും ഉറപ്പു വരുത്തേണ്ടതു ഭർത്താക്കന്മാരുടെ കടമയെന്നു രേഖപ്പെടുത്തിയിരിക്കുന്നു. പുരുഷന്റെ വംശശുദ്ധി, സ്ത്രീയുടെ, ലൈംഗികമായ അച്ചടക്കത്തിലധിഷ്ഠിതമാണെന്നതു കൊണ്ടു തന്നെ പാതിവ്രത്യനിഷ്ഠയുടെ കാര്യത്തിൽ എല്ലാ മതങ്ങളും കർക്കശസമീപനം പുലർത്തുന്നു. ശാരീരികമായ അവസ്ഥയെന്നതിലുപരി സാംസ്കാരികമായ അനിവാര്യതയായി സ്ഥാപിതമാവുന്നു കന്യകാത്വം. വിവാഹം കഴിക്കേണ്ടതു കന്യകയെന്നുറപ്പുള്ള പെൺകുട്ടിയെയാവണമെന്നു വേദങ്ങൾ അനുശാസിക്കുന്നു. പാതിവ്രത്യം അവളുടെ ജീവിത വ്രതം തന്നെയാണ്. ഋഗ്വേദത്തിൽ അഗ്നിയെ പതിവ്രതയായ സ്ത്രീയോടാണുപമിക്കുന്നത്. പാണിഗ്രഹണത്തിനു ശേഷം പുരുഷൻ സ്ത്രീയിൽ നിന്നു പ്രതീക്ഷിക്കുന്നത് മരണം വരെയുള്ള വ്യക്തിത്വ നിരാസവും സമർപ്പണവുമാണെന്ന് അഥർവ്വ വേദം. സ്ത്രീകൾ പാതിവ്രത്യത്തിന്റെ പുണ്യഗന്ധമുള്ളവരായിരിക്കണമെന്നും വേദങ്ങൾ പറയുന്നു. ബൈബിൾ ഉത്തര കാനോനിക ഗ്രന്ഥങ്ങളിലുൾപ്പെട്ട പുസ്തകമായ സൂസന്നയും പാതിവ്രത്യത്തിന്റെ മാഹാത്മ്യം ഉദ്ഘോഷിക്കുന്നു. യേവാക്കിമിന്റെ ഭാര്യയും അത്യന്ത സുന്ദരിയും ദൈവഭയമുള്ളവളുമായ സൂസന്നയിൽ ആസക്തരായ രണ്ടു ന്യായാധിപന്മാർ അവളെ ചതിയിലകപ്പെടുത്തി, തങ്ങൾക്കു വഴങ്ങാൻ അവർ നിർബന്ധിച്ചു. അവർക്കു കീഴടങ്ങി, കർത്താവിന്റെ മുമ്പിൽ പാപിനിയാവുന്നതിലും നല്ലത് അവരുടെ ചതിക്കിരയാവുന്നതാണെന്നു സൂസന്ന തീരുമാനിക്കുന്നു. സൂസന്നക്കെതിരെ അവിഹിതവേഴ്ച ആരോപിച്ച് അവളെ വിചാരണ ചെയ്ത് വധിക്കാനായിരുന്നു ന്യായാധിപന്മാരുടെ തീരുമാനം. സൂസന്നയുടെ പാതിവ്രത്യശക്തിയും ഈശ്വരവിശ്വാസവും കൊണ്ട് ദൈവം തന്നെ നേരിട്ടിടപ്പെട്ട് അവളെ രക്ഷിക്കുകയും ന്യായാധിപന്മാരെ ശിക്ഷിക്കുകയും



ചെയ്തു. പതിവ്രതയായ സൂസന്ന ലജ്ജാകരമായ യാതൊന്നും ചെയ്തിട്ടില്ലെന്നറിഞ്ഞ് ജനം അവളെ സ്തുതിച്ചു.

സംഖ്യാപുസ്തകത്തിൽ കളങ്കിതയെന്നു സംശയിക്കപ്പെടുന്ന സ്ത്രീയുടെ പാപം തെളിയിക്കാനുള്ള മാർഗ്ഗം ദൈവം മോശയ്ക്കരുളി ചെയ്യുന്നുണ്ട്. സവിശേഷമായ അനുഷ്ഠാനങ്ങൾക്കു ശേഷം അവളെക്കൊണ്ട് കയ്പുവെള്ളം കുടിപ്പിക്കുക, അവൾ കളങ്കിതയും ഭർത്താവിനോട് അവിശ്വസ്തത കാട്ടിയിട്ടുള്ളവളും ആണെങ്കിൽ പുരോഹിതൻ ആ ജലം കുടിപ്പിച്ചു കഴിയുമ്പോൾ അവൾക്കു കടുത്ത വേദന ഉണ്ടാവും. അവളുടെ ഉടൽ വീർക്കും, തുട ക്ഷയിക്കും. അവൾ സ്വജനങ്ങളുടെയിടയിൽ ഒരു ശാപമായിത്തീരുകയും ചെയ്യും. അവൾ നിർമ്മലയാണെങ്കിലോ അവളുടെ നിരപരാധിത്വം തെളിയും, അവൾക്കു സന്താന സൗഭാഗ്യം ഉണ്ടാവുകയും ചെയ്യും. ഭാര്യ കളങ്കിതയായെന്നു ഭർത്താവിനു സംശയം തോന്നിയാലും ഈ നടപടികൾക്കൊക്കെ അവളെ വിധേയയാക്കണം. പുരുഷൻ ദോഷവിമുക്തനാകും, സ്ത്രീയാവട്ടെ തന്റെ കുറ്റം പേറണം എന്ന് വിശുദ്ധ ഗ്രന്ഥം അസന്ദിഗ്ധമായി സ്ഥാപിക്കുന്നു. പത്നിമാർ പുരുഷന്റെ കൃഷി ഭൂമിയാണെന്നും അവനിഷ്ടപ്പെട്ട വിധം അവിടെ ചെല്ലാമെന്നും പറയുന്ന ഇസ്ലാംമതവും സ്ത്രീയുടെ ചാരിത്ര്യത്തിലും പാതിവ്രത്യ ശുദ്ധിയിലും പ്രത്യേക ശ്രദ്ധ പുലർത്തുന്നു.

പുരുഷന്റെ വംശശുദ്ധി- പിതൃപരമ്പരയുടെ ശുദ്ധിക്കു വേണ്ടി സ്ത്രീയെ നിയന്ത്രിക്കാനുള്ള എളുപ്പ വഴിയാണ് മാതൃത്വത്തെ മഹത്വൽക്കരിക്കുകയെന്നത്. എല്ലാ മതങ്ങളും മാതൃത്വത്തെ ആദർശവൽക്കരിക്കുകയും സ്ത്രീയുടെ പ്രഥമവും പ്രധാനവുമായ ധർമ്മമായി അതിനെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. സ്ത്രീകൾ സൃഷ്ടിക്കപ്പെടുന്നതു തന്നെ ജന്മം നൽകുക എന്ന കടമ നിർവ്വഹിക്കാനാണെന്നു മനുസ്മൃതി. വൈദിക സാഹിത്യത്തിലുടനീളം മാതൃത്വത്തെ സ്ഥാപനവൽക്കരിക്കുന്ന അനേകം സൂക്തങ്ങളുണ്ട്. ചോറു വെച്ചൊരുക്കി ഉറങ്ങുന്ന കുട്ടികളെ അമ്മ വിളിച്ചുണർത്തുന്നതു പോലെ എല്ലാം ഉണ്ടാക്കുന്നവളാകയാൽ മാതാവായ ഭൂമി തുടങ്ങി മാതൃധർമ്മത്തിന്റെ വിശിഷ്ടതകളെ ഉയർത്തിക്കാട്ടുകയും അതിനു പിന്നിലുള്ള അധ്വാനവും ശാരീരികക്ലേശങ്ങളും വിസ്മരിപ്പിക്കുകയും ചെയ്യുന്ന പ്രത്യയശാസ്ത്രമാണു മതങ്ങളുടേത്. നീ മക്കളെ നൊന്തു പെറും, എന്നാലും ഭർത്താവിനെ നീ കാമിക്കും. അയാൾ നിന്നെ ഭരിക്കുകയും ചെയ്യും. എന്നു

സ്ത്രീകൾ സൃഷ്ടിക്കപ്പെടുന്നതു തന്നെ ജന്മം നൽകുക എന്ന കടമ നിർവ്വഹിക്കാനാണെന്നു മനുസ്മൃതി. വൈദിക സാഹിത്യത്തിലുടനീളം മാതൃത്വത്തെ സ്ഥാപനവൽക്കരിക്കുന്ന അനേകം സൂക്തങ്ങളുണ്ട്. ചോറു വെച്ചൊരുക്കി ഉറങ്ങുന്ന കുട്ടികളെ അമ്മ വിളിച്ചുണർത്തുന്നതു പോലെ എല്ലാം ഉണ്ടാക്കുന്നവളാകയാൽ മാതാവായ ഭൂമി തുടങ്ങി മാതൃധർമ്മത്തിന്റെ വിശിഷ്ടതകളെ ഉയർത്തിക്കാട്ടുകയും അതിനു പിന്നിലുള്ള അധ്വാനവും ശാരീരികക്ലേശങ്ങളും വിസ്മരിപ്പിക്കുകയും ചെയ്യുന്ന പ്രത്യയശാസ്ത്രമാണു മതങ്ങളുടേത്.


സ്ത്രീകളുടെ ഭൂഷണം സ്വർണാഭരണങ്ങളും വിശിഷ്ടവസ്ത്രങ്ങളുമല്ല, ബാഹ്യമോടികളൊന്നുമല്ല. സൗമ്യതയും ശാന്തതയുമാണ് അവളുടെ ആഭരണം. അവകൊണ്ട് സ്വയം അലങ്കരിച്ച് ഭർത്താക്കന്മാർക്കു വിധേയരാവുന്ന സ്ത്രീകളെ വിശുദ്ധ സ്ത്രീകളെന്നാണു വിശേഷിപ്പിക്കുന്നത്. ദുർബലകളാണെങ്കിലും ജീവന്റെ കൃപയിൽ കൂട്ടവകാശികളായതിനാൽ, പ്രാർത്ഥനകൾ തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി, സ്ത്രീകളെ ബഹുമാനിക്കണമെന്നാണ് പുരുഷന്മാർക്കുള്ള നിർദ്ദേശം.

സ്ത്രീയെ ശപിക്കുന്ന ദൈവത്തെയാണു ക്രിസ്തുമതത്തിൽ കാണാനാവുന്നത്.

സ്ത്രീകളുടെ ലൈംഗിക സ്വഭാവങ്ങളെ രൂപപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും നിയതമായ പ്രത്യയശാസ്ത്രങ്ങളുടെ തന്ത്രപൂർവ്വമായ ഇടപെടലുകളാണുള്ളത്. സ്ത്രീകളെ നിയന്ത്രിക്കുന്നതിനും അച്ചടക്കമുള്ളവരാക്കുന്നതിനും മതം/പുരുഷൻ/രാഷ്ട്രീയം തുടങ്ങിയ സാമൂഹിക ഘടകങ്ങൾക്ക് പൂർണ്ണാധികാരം ലഭിക്കുന്നു. ഹൈന്ദവ-ക്രൈസ്തവ-ഇസ്ലാം മതങ്ങൾ, ഒരു പോലെ പതിവ്രതാധർമ്മവും സ്ത്രീയുടെ വിശ്വസ്തതയും അവളുടെ സ്വത്വം തന്നെയായി രൂപാന്തരപ്പെടുത്തി. പുരുഷാധിപത്യ വ്യവസ്ഥയുടെ കാര്യക്ഷമമായ ഈ പ്രത്യയശാസ്ത്രം വ്യത്യസ്ത മതങ്ങൾ ഏറ്റക്കുറച്ചിലുകളില്ലാതെ ദൈവകല്പനയായോ പ്രവാചക നിശ്ചയമായോ സ്ഥിതീകരിക്കുകയും ചെയ്യുന്നു. മോക്ഷത്തിനും പരലോക സുഖത്തിനും പാതിവ്രത്യം, ഭർത്തൃശുശ്രൂഷ തുടങ്ങിയ ധർമ്മങ്ങളനുഷ്ഠിച്ചേ മതിയാവൂ. ഇഹലോകത്തിൽ മാന്യതയും അംഗീകാരവും ലഭിക്കണമെങ്കിലും സ്ത്രീ ഈ ധർമ്മങ്ങളിൽ ബദ്ധശ്രദ്ധയായിരിക്കണം. ചെറിയ പാളിച്ചകൾക്കു വലിയ വില കൊടുക്കേണ്ടിവരും. ഹിന്ദു-ക്രൈസ്തവ മിത്തോളജികളിൽ സഹനശീലവും ധാർമ്മികബോധവുമുള്ള അനേകം മാതൃകകളുണ്ട്. അവയില്ലാത്ത ചീത്ത സ്ത്രീകളുടെ പ്രതിനിധികളും. പ്രത്യയശാസ്ത്രപരവും നിയമപരവുമായ തലങ്ങളിൽ സമൂഹഘടനയിലൊട്ടാകെ സ്ത്രൈണതയെ തീക്ഷ്ണമായ വിലക്കുകൾക്കകത്തു മെരുക്കിയെടുക്കാനുള്ള താത്ത്വികപരികല്പനകൾ എല്ലാ മതങ്ങളും പിന്തുടരുന്നു.

“ഭാര്യമാരേ, നിങ്ങൾ ഭർത്താക്കൻമാർക്കു വിധേയരായിരിക്കുക” എന്നു പത്രോസിന്റെ സുവിശേഷം അനുശാസിക്കുന്നു. സ്ത്രീകളുടെ ഭൂഷണം സ്വർണാഭരണങ്ങളും വിശിഷ്ടവസ്ത്രങ്ങളുമല്ല, ബാഹ്യമോടികളൊന്നുമല്ല. സൗമ്യതയും ശാന്തതയുമാണ് അവളുടെ ആഭരണം. അവകൊണ്ട് സ്വയം അലങ്കരിച്ച് ഭർത്താക്കന്മാർക്കു വിധേയരാവുന്ന സ്ത്രീകളെ വിശുദ്ധ സ്ത്രീകളെന്നാണു വിശേഷിപ്പിക്കുന്നത്. ദുർബലകളാണെങ്കിലും ജീവന്റെ കൃപയിൽ കൂട്ടവകാശികളായതിനാൽ, പ്രാർത്ഥനകൾ തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി, സ്ത്രീകളെ ബഹുമാനിക്കണമെന്നാണ് പുരുഷന്മാർക്കുള്ള നിർദ്ദേശം.

സ്ത്രീകൾക്കു മേൽ കഠിന നിയന്ത്രണങ്ങൾ അടിച്ചേല്പിക്കുന്നതിൽ എല്ലാക്കാലത്തും എല്ലാ മതങ്ങളും ശ്രദ്ധിച്ചിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസം, വിവാഹം പോലുള്ള നിർണ്ണായകകാര്യങ്ങളിലുള്ള അഭി



പ്രായസ്വാതന്ത്ര്യം, പൗരാവകാശം തുടങ്ങിയവയെല്ലാം തീരുമാനിച്ചിരുന്നത് ഓരോ കാലത്തും മതങ്ങളായിരുന്നുവെന്നു കാണാം. ജാതി വ്യവസ്ഥയെയും മതാചാരങ്ങളെയും രൂപപ്പെടുത്തുന്നതിൽ, ഓരോ പ്രദേശത്തെയും ജനങ്ങളുടെ സാമൂഹിക നിലവാരം, ഉല്പാദന സമ്പ്രദായങ്ങൾ, ഭൂമിശാസ്ത്രം തുടങ്ങിയവയ്ക്കു പങ്കുണ്ടെങ്കിലും, ഈ അടിസ്ഥാനപരമായ വൈരുദ്ധ്യങ്ങളെയെല്ലാം മറികടക്കുന്ന ഏകതാനത സ്ത്രീകളോടുള്ള സമീപനത്തിൽ എല്ലാ മതങ്ങളും പിന്തുടരുന്നതു കാണാം. കാലദേശഭേദങ്ങൾക്കതീതമായ സമാനതയാണത്. രാഷ്ട്രീയവും സാമൂഹികവും ആയ പുരുഷാധികാരകേന്ദ്രീകരണത്തെ സഫലമാക്കുന്നതിനുള്ള സൂക്ഷ്മവും താത്ത്വികവുമായ അടിത്തറ സൃഷ്ടിക്കുകയാണ് മതദർശനവും സാഹിത്യവും ചെയ്തുകൊണ്ടിരിക്കുന്നത്. പരസ്പര ബന്ധിതങ്ങളായ മതവും പുരുഷാധികാരവും ചേർന്നാണ് സാമൂഹികവ്യവസ്ഥയുടെ രൂപരേഖ നിർമ്മിക്കുന്നതെന്നതുകൊണ്ട് സ്വാഭാവികമായും സ്ത്രീയുടെ കീഴായ്മ – അനായാസമായി സ്ഥാപിതമാവുന്നു. ബൗദ്ധികമായും ശാരീരികമായും വൈകാരികമായും മാത്രമല്ല അവൾ രണ്ടാം തരക്കാരിയാവുന്നത്. ധാർമ്മികബോധത്തിന്റെ കാര്യത്തിലും സ്ത്രീ ദുർബലയാണ്. അതുകൊണ്ടാണ് അവൾ സദാ നിരീക്ഷിക്കപ്പെടേണ്ടവളാവുന്നത്. സത്രീപുരുഷന്മാരെ രൂപപ്പെടുത്തിയപ്പോൾത്തന്നെ സ്ത്രീകൾ ചഞ്ചലചിത്തരും പാപതൽപരരുമാണെന്നു മഹാഭാരതം പറയുന്നു. ആർത്തിപ്പശുക്കൾ പുത്തൻ മേച്ചിൽപ്പുറം തേടുന്നതു പോലെയാണ് സ്ത്രീകൾ വേഴ്ചക്കു വേണ്ടി അലയുന്നതെന്നു ജാതകകഥ.

രാഷ്ട്രീയവും സാമൂഹികവും ആയ പുരുഷാധികാരകേന്ദ്രീകരണത്തെ സഫലമാക്കുന്നതിനുള്ള സൂക്ഷ്മവും താത്ത്വികവുമായ അടിത്തറ സൃഷ്ടിക്കുകയാണ് മതദർശനവും സാഹിത്യവും ചെയ്തുകൊണ്ടിരിക്കുന്നത്. പരസ്പര ബന്ധിതങ്ങളായ മതവും പുരുഷാധികാരവും ചേർന്നാണ് സാമൂഹികവ്യവസ്ഥയുടെ രൂപരേഖ നിർമ്മിക്കുന്നതെന്നതുകൊണ്ട് സ്വാഭാവികമായും സ്ത്രീയുടെ കീഴായ്മ – അനായാസമായി സ്ഥാപിതമാവുന്നു. ബൗദ്ധികമായും ശാരീരികമായും വൈകാരികമായും മാത്രമല്ല അവൾ രണ്ടാം തരക്കാരിയാവുന്നത്. ധാർമ്മികബോധത്തിന്റെ കാര്യത്തിലും സ്ത്രീ ദുർബലയാണ്. അതുകൊണ്ടാണ് അവൾ സദാ നിരീക്ഷിക്കപ്പെടേണ്ടവളാവുന്നത്.

ബൈബിളിൽ വെളിപാടിന്റെ പുസ്തകത്തിൽ ജേസബേൽ എന്ന പ്രവാചകയെക്കുറിച്ചു പറയുന്നുണ്ട്. സഭയെയും പുരോഹിതന്മാരെയും യുക്തിസഹമായി വിമർശിച്ച അവൾ ശിക്ഷിക്കപ്പെടുകയാണ്. വ്യാജ പ്രവാചകയെന്നു മുദ്ര കുത്തപ്പെട്ട അവളെ ആട്ടിൻ തോലണിഞ്ഞ ചെന്നായയായി വിശേഷിപ്പിക്കുന്നു. ലൈംഗികഅരാജകത്വം, അസന്മാർഗ്ഗിക പ്രവൃത്തികൾക്കുള്ള പ്രേരണ, വിഗ്രഹങ്ങൾക്കു സമർപ്പിച്ച നിവേദ്യം ഭുജിക്കാൻ നിർബന്ധിക്കുക തുടങ്ങിയ പ്രവൃത്തികളാണ് അവൾ ജനങ്ങളെ പഠിപ്പിക്കുന്നത്. അനുതപിക്കാനവസരം നൽകിയെങ്കിലും അവളതുപയോഗപ്പെടുത്തുന്നില്ല.


അവളെ ഞാൻ രോഗശയ്യയിൽ വീഴ്ത്തും, അവളുടെ മക്കളെ ഞാൻ മരണം കൊണ്ടു ശിക്ഷിക്കും എന്നാണു ദൈവവചനം. ആധിപത്യ പ്രത്യയശാസ്ത്രം, അതിനെ ചോദ്യം ചെയ്യുന്നവരെ നിഷ്ക്രിയരാക്കും. അവർ സ്ത്രീകളാവുമ്പോൾ ശിക്ഷയുടെ കാഠിന്യം ഏറുന്നു. ആധിപത്യത്തെ നിശ്ശബ്ദം അംഗീകരിക്കുകയും പുനരുദ്പാദിപ്പിക്കുകയും ചെയ്യേണ്ടവരാണ് സ്ത്രീവർഗ്ഗം. ജെസബേലിന്റെ യുക്തികളും ചോദ്യങ്ങളും പുരുഷാധികാര വ്യവസ്ഥകൾക്കെതിരെയുള്ള പ്രതിവായനകളാണ്. പുരുഷൻ സ്ഥാപിച്ച ആധികാരികതകളെ തകർക്കാനുള്ള സ്ത്രീയുടെ ശ്രമം പരാജയപ്പെടുകയും അവൾ നിത്യമായി ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു.

അഞ്ചിലധികം പ്രവാചകകളെ ബൈബിൾ പരിചയപ്പെടുത്തുന്നുണ്ട്. ഇസ്രയേലിന്റെ അമ്മ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന ദബോറ വളരെക്കാലം അവിടെ ന്യായം നടത്തിയിരുന്നു. യുദ്ധവേളകളിൽ അവൾ രാജാവിനെ അനുഗമിച്ചിരുന്നു. മറിയം, ഏശയ്യയുടെ ഭാര്യ,

> സ്ത്രീകൾ പുരുഷന്റേതല്ലാത്ത വാക്കുകളിൽ സംസാരിക്കുകയും ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത് ആധിപത്യ ഘടനകളെ നിരന്തരം അസ്വസ്ഥരാക്കുന്നുണ്ട്. വിശുദ്ധരുടെ എല്ലാ സഭകളിലും സ്ത്രീകൾ മൗനം പാലിക്കണം, കാരണം സംസാരിക്കാൻ അവർക്ക് അനുവാദമില്ല. നിയമം അനുശാസിക്കുന്നതു പോലെ അവർ വിധേയരായിരിക്കണം. അവർക്ക് എന്തെങ്കിലും അറിയണമെന്നുണ്ടെങ്കിൽ വീട്ടിൽ വെച്ച് ഭർത്താക്കന്മാരോട് ചോദിക്കട്ടെ. സഭയിൽ സ്ത്രീകൾ സംസാരിക്കുന്നതു ലജ്ജാകരമാണ്. പൗലോസിന്റെ സുവിശേഷത്തിൽ സ്ത്രീകൾ പൊതുവിടങ്ങളിൽ മൗനം പാലിക്കേണ്ടതിന്റെ ആവശ്യകത രേഖപ്പെടുത്തിയിരിക്കുന്നു.

ഹൽദ, നോദിയ തുടങ്ങിയ പ്രവാചക വനിതകൾ വേറെയും. പുരുഷനിർമ്മിതമായ സാമൂഹിക-രാഷ്ട്രീയഘടനകളെ പിൻപറ്റി സുരക്ഷിതമായി ന്യായനിർവ്വഹണം നടത്തിയിരുന്നതു കൊണ്ടാണ് ഇവർ പരിമിതമായെങ്കിലും അംഗീകരിക്കപ്പെടുന്നത്. ജ്ഞാനത്തിൻമേലുള്ള പരമാധികാരം എല്ലായ്പ്പോഴും പുരുഷൻമാർക്കായിരിക്കും. എതിർചോദ്യങ്ങൾ ഉന്നയിച്ചാൽ, ജ്ഞാനമണ്ഡലത്തിൽ നിന്നു മാത്രമല്ല, സാമൂഹ്യരംഗത്തു നിന്നു തന്നെ അതിനിന്ദ്യമായി അവർ തുടച്ചു നീക്കപ്പെടുന്നു. മഹാപണ്ഡിതനായ യാജ്ഞവൽക്യനുമായി സംവദിക്കുന്ന ഗാർഗിയുടെ കഥയും ശ്രദ്ധേയമാണ്. വിദഗ്ദ്ധമായും പണ്ഡിതോചിതമായും യാജ്ഞവൽക്യനുമായി വാദപ്രതിവാദത്തിലേർപ്പെട്ട ഗാർഗിയുടെ ചോദ്യങ്ങൾക്കു മുമ്പിൽ പതറിപ്പോയ യാജ്ഞവൽക്യൻ, പുരുഷന്റെ/അധികാരിയുടെ അഹങ്കാരത്തോടെ, ഇനിയും നിന്റെ ചോദ്യങ്ങൾ തുടർന്നാൽ നിന്റെ തല പൊട്ടിച്ചിതറിപ്പോകും എന്നു അവളെ ഭീഷണിപ്പെടുത്തുകയും അവൾ നിശ്ശബ്ദയാവുകയും ചെയ്തു. ബലപ്രയോഗത്തിലൂടെ, ഭീഷണികളിലൂടെ സ്ത്രീകളെ ശബ്ദമില്ലാത്തവരാക്കുന്നത് എല്ലാക്കാലത്തും ആധിപത്യ പ്രത്യയശാസ്ത്രത്തിന്റെ സ്വഭാവമാണ്. അവരുടെ പ്രതിരോധ ശ്രമങ്ങൾ അനുനയിക്കപ്പെടുന്നു. ഭീഷണികൾക്കു മുമ്പിൽ മെരുങ്ങാത്ത ജെസബലിനെപ്പോലുള്ളവർ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെടുകയും, അനുകരിക്കരുതാത്ത മാതൃക എന്ന നിലയിൽ സമൂഹത്തിന്റെ സാംസ്കാരിക ബോധത്തിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു.

സ്ത്രീകൾ പുരുഷന്റേതല്ലാത്ത വാക്കുകളിൽ സംസാരിക്കുകയും ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത് ആധിപത്യ ഘടനകളെ നിരന്തരം അസ്വസ്ഥരാക്കുന്നുണ്ട്. വിശുദ്ധരുടെ എല്ലാ സഭകളിലും സ്ത്രീകൾ മൗനം പാലിക്കണം, കാരണം സംസാരിക്കാൻ അവർക്ക് അനുവാദമില്ല. നിയമം അനുശാസിക്കുന്നതു പോലെ അവർ വിധേയരായിരിക്കണം. അവർക്ക് എന്തെങ്കിലും അറിയണമെന്നുണ്ടെങ്കിൽ വീട്ടിൽ വെച്ച് ഭർത്താക്കന്മാരോട് ചോദിക്കട്ടെ. സഭയിൽ സ്ത്രീകൾ സംസാരിക്കുന്നതു ലജ്ജാകരമാണ്. പൗലോസിന്റെ സുവിശേഷത്തിൽ സ്ത്രീകൾ പൊതുവിടങ്ങളിൽ മൗനം പാലിക്കേണ്ടതിന്റെ ആവശ്യകത രേഖപ്പെടുത്തിയിരിക്കുന്നു. വിവേകമില്ലാത്തവളും അനവസരത്തിൽ സഭകളിൽ സംസാരിക്കുന്നവരുമായ സത്രീകളെ ശിക്ഷിക്കേണ്ടതാണെന്നും വേദപുസ്തകം പറയുന്നു. വാരിയെല്ലിൽ നിന്നു സൃഷ്ടിച്ചതു കൊണ്ട് സ്ത്രീയുടെ, വാരിയെല്ലു പോലുള്ള മാനസിക വക്രത ഒരിക്കലും ശരിപ്പെടി



ല്ലെന്നും നരകവാസികളധി കവും പുരുഷനോട് അനുസര ണക്കേടു കാണിച്ച സ്ത്രീകളാ ണെന്നും ഇസ്ലാംമതം. പുരു ഷൻ, സ്ത്രീയിൽ നിന്നല്ല, സ്ത്രീ പുരുഷനിൽ നിന്നാണ് ഉണ്ടായത്. പുരുഷൻ സൃഷ്ടി ക്കപ്പെട്ടത് സ്ത്രീക്കു വേണ്ടിയ ല്ല, സ്ത്രീ സൃഷ്ടിക്കപ്പെട്ടത് പുരുഷനു വേണ്ടിയാണ്, എന്ന വസ്തുതയെ എല്ലാ മതങ്ങളും രൂഢമായി സ്ഥാപിച്ചിരിക്കുന്നു. ജൈന–ബുദ്ധ മതങ്ങളും സ്ത്രീയുടെ രണ്ടാംകിട സാമൂ ഹിക പദവിയെ നിലനിർത്തുന്ന പ്രമാണങ്ങൾ സുലഭമായി ഉല്പാദിപ്പിച്ചിരുന്നു. വികാര ങ്ങൾക്ക് വഴിപ്പെടുന്നവരും അസൂയാലുക്കളും എളുപ്പത്തിൽ വഴി പിഴയ്ക്കുന്നവരുമായ സ്ത്രീകൾക്ക്, പ്രവേശനമനുവ ദിച്ചാൽ വിഹാരങ്ങൾ നശിച്ചു പോകുമെന്നാണ് ശ്രീബുദ്ധൻ വിശ്വസിച്ചിരുന്നത്. മുപ്പതു വർഷം പഠിച്ച സന്യാസിനിയെ ഉപദേശിക്കാൻ കേവലം മൂന്നു വർഷം പഠിച്ച സന്യാസിക്ക് അർഹതയുണ്ടെന്നു ജൈനമ തം.

മതഘടനകളുടെ കേന്ദ്ര സ്ഥാനത്തുള്ളതു പുരുഷനും, അതിന്റെ വ്യവസ്ഥകളെയും ആചാരങ്ങളെയും ചിട്ടപ്പെടുത്തു ന്നത് ആണധികാരത്തിന്റെ പ്രത്യയശാസ്ത്രവുമാണെന്നതു കൊണ്ടു തന്നെ പ്രാചീനകാലം മുതൽ വർത്തമാനകാലം വരെ മതസമീപനങ്ങൾ അങ്ങേയറ്റം സ്ത്രീവിരുദ്ധമാണെന്നു കാ ണാം. വിശുദ്ധ പുസ്തകങ്ങ ളിലെ എഴുതപ്പെട്ടതും എഴുത പ്പെടാത്തവയുമായ രേഖകൾ കർക്കശമായി പിന്തുടരാൻ പുതിയ കാലവും സ്ത്രീകളോ ടാവശ്യപ്പെടുന്നു. സ്ത്രീകളുടെ ശാരീരികാവസ്ഥകൾ, ഗാർഹിക ചുമതലകൾ, സാമൂഹിക ഇട പെടലുകൾ, വിവാഹം, മാതൃത്വം പോലുള്ള ഉത്തരവാ ദിത്വങ്ങൾ വസ്ത്രധാരണം തുട ങ്ങിയവയിലെല്ലാം മതത്തിന്റെ ചിഹ്നങ്ങൾ പ്രകടമാണ്. അവ യെല്ലാം സ്ത്രീയുടെ വിധേയത്വ ത്തിന്റെ കൂടി അടയാളങ്ങളുമാ ണ്. വിശുദ്ധ ബലിയർപ്പിക്കുക പോലുള്ള അവകാശങ്ങൾ എല്ലാക്കാലത്തും സ്ത്രീകൾക്കു നിഷേധിക്കപ്പെടുന്നു.

സ്ത്രീ പുരുഷസമത്വ ത്തിന്റെ പ്രബലവും പ്രധാനവു മായ കാരണങ്ങളിലൊന്ന് പുരു ഷാധിപത്യത്തിലൂന്നിയ മതാചാ രങ്ങളാണ്. മത–ജാതി വ്യവസ്ഥ കൾ അങ്ങേയറ്റം ലിംഗവൽക്ക രിക്കപ്പെട്ടിരിക്കുന്നതുകൊണ്ടുത ന്നെ, അവ അത്രത്തോളം സ്ത്രീവിരുദ്ധവുമാണ്. പല പ്പോഴും ഹിംസാത്മക സ്വഭാവം പ്രദർശിപ്പിക്കുന്ന മതസമീപന ങ്ങൾ സ്ത്രീകളെ അതിന്റെ കേന്ദ്രസ്ഥലികളിൽ നിന്നു ആട്ടി യകറ്റാനുള്ള ഉപാധികളും പരി കല്പനകളും അനായാസം സൃഷ്ടിച്ചെടുക്കുന്നു. മറ്റേതു സ്ഥാപനത്തെക്കാളും സമർത്ഥ മായി, സ്ത്രീയുടെ സാമൂഹിക പദവിയെ ഇകഴ്ത്തിക്കെട്ടാനുള്ള താത്ത്വിക സങ്കല്പനങ്ങൾ പ്രച രിപ്പിക്കുന്നതു മതങ്ങളാണ്. വൈകാരികമായും വൈചാരിക മായും, മാനസികമായും ശാരീ രികമായും സ്ത്രീ വിരുദ്ധമായ മതനിഷ്ഠകളെ നിശ്ശബ്ദം അനു സരിക്കേണ്ടി വരികയാണ് സ്ത്രീകൾക്ക്. സ്വത്വത്തെയും ആത്മബോധത്തെയും നിഹനി ക്കുന്ന ക്രൂരമായ അനുഷ്ഠാന ങ്ങളും ആചാരങ്ങളും ചോദ്യങ്ങ ളില്ലാതെ അവൾ പിന്തുടരുന്നു. സ്ത്രീ പക്ഷത്തു നിന്ന് ഇവയെ പുനർവായിക്കാനോ അഴിച്ചു പണിയാനോ ഉള്ള ഏതു ശ്രമ വും നിന്ദ്യമായി തകർക്കപ്പെടു മെന്നതും യാഥാർത്ഥ്യം. ○

*ഡോ.ജിസാ ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, ഗവ.ബ്രണ്ണൻ കോളേജ്, തലശ്ശേരി*

# പ്രായപൂർത്തിയാകാത്ത ഭാര്യയുമായുള്ള ലൈംഗികബന്ധം ബലാത്സംഗമല്ലേ?

15 നും 18നും മദ്ധ്യേ പ്രായമുള്ള ഭാര്യയുമായുള്ള ലൈംഗികവേഴ്ച ബലാത്സംഗമല്ല എന്ന് നിരീക്ഷിക്കുകയാണ് സുപ്രീംകോടതി. പ്രായപൂർ ത്തിയാകാത്ത ഭാര്യയുമായി ലൈംഗികബന്ധത്തിലേർപ്പെട്ട ഭർത്താവ് എ ങ്ങനെയാണ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ ബലാത്സംഗത്തിന്റെ നിർവ ചനത്തിൽ നിന്നും രക്ഷപ്പെടുന്നതെന്ന് കാണിച്ച് ഇൻഡിപെൻഡന്റ് നോ ട്ട് എന്ന സംഘടന സമർപ്പിച്ച കേസ്സിലായിരുന്നു ഈ സുപ്രധാന നിരീ ക്ഷണം. ശിശുസംരക്ഷണനിയമത്തിന്റെ പരിധിയിലും വരുന്നതാകുന്നു ഈ ബന്ധം എന്നതും ശ്രദ്ധേയമാണ്.

കടപ്പാട് : ദി ഹിന്ദു

കവർസ്റ്റോറി



# ഫെമിനിസ്റ്റ് തിയോളജി: വിശകലനവും വിശദീകരണവും



ആൻസി

പുരുഷാധിപത്യത്തെ നിരാകരിച്ചുകൊണ്ട് സ്ത്രീയുടെ അനുഭവത്തിന്/അനുഭവതലത്തിന് ഊന്നൽ നൽകിക്കൊണ്ട് ദൈവികഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുന്ന രീതിശാസ്ത്രമാണ് ഫെമിനിസ്റ്റ് തിയോളജി. പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുകയും നിരാകരിക്കുകയും പുനർനിർണയിക്കുകയും ചെയ്യുക എന്ന നിലപാടാണ്, സമീപനരീതിയാണ് ഫെമിനിസ്റ്റ് തിയോളജിയുടെ അടിത്തറ.

തിയോളജി എന്നു പറയുന്നത് ദൈവശാസ്ത്രപഠനമാണ്. തിയോളജി എന്ന വാക്കിൽത്തന്നെ സ്ത്രീപുരുഷ വേർതിരിവുണ്ട്. തിയോളജി എന്ന വാക്കിലെ 'തിയോ' (theo) എന്ന വാക്ക് പുരുഷരൂപമാണ്.അതിനാൽ സ്ത്രീവാദികൾ പരിഗണിക്കുന്നത് 'തിയ' (thea) എന്ന സ്ത്രീരൂപത്തെയാണ്. അപ്രകാരം തിയോളജി (theology) എന്ന വാക്കിനെ (thealogy) തിയാളജി എന്ന് അവർ വ്യവച്ഛേദിക്കുന്നു.

ഫെമിനിസ്റ്റ് തിയോളജി ചിന്താഗതിക്കാർ ബൈബിളിനെ ഒരു പുരുഷാധിപത്യപാഠമായാണ് പരിഗണിക്കുന്നത്. അതിനാൽ തന്നെ അവർ ബൈബിളിനെ മാരകമായ വിഷം കലർന്ന



ഒന്നായാണ് വിലയിരുത്തുന്നത്. എല്ലാ സ്ത്രീവാദികളും എതിർക്കുന്ന,പരിവർത്തിപ്പിക്കുന്ന ഒരാശയമാണ് സെക്സിസം (സ്ത്രീപുരുഷലിംഗഭേദം)

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്ത്രീവാദചിന്താഗതികളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ടും അതിന്റെ സ്വാധീനത്താലും രൂപപ്പെട്ടുവന്ന ഒരു തിയോളജിശാഖയാണ് ഫെമിനിസ്റ്റ് തിയോളജി. എലിസബത്ത് കാന്റി സ്റ്റാൻട്ടന്റെ 1895 ൽ പ്രസിദ്ധീകരിച്ച ദ വുമൺസ് ബൈബിൾ എന്ന പുസ്തകം ഫെമിനിസ്റ്റ് തിയോളജിക്കാരെയും സ്വാധീനിച്ചു. ഈ പുസ്തകം സ്ത്രീകളുടെ തുല്യാവകാശത്തിനുവേണ്ടി വാദിച്ചു. വിദ്യാഭ്യാസം, തൊഴിൽ, നിയമം എന്നിങ്ങനെ എല്ലാമേഖലകളിലും തുല്യതവേണമെന്നു പറയുന്നതിനൊപ്പം ചർച്ചിലും (പള്ളി) അതിന്റെ അവകാശങ്ങളിലും തുല്യത വേണമെന്ന് ഈ പുസ്തകത്തിൽ എലിസബത്ത് ആവശ്യപ്പെട്ടു.

വത്തിക്കാൻ ചർച്ചിലും അതിന്റെ സെക്ഷനുകളിലും സ്ത്രീകളെ നിയമാനുസൃതമായോ ആധികാരികമായോ നിയമിച്ചിരുന്നില്ല. ഇതിന്റെ കാരണം സ്ത്രീപുരുഷലിംഗഭേദവും പുരുഷാധിപത്യവ്യവസ്ഥിതിയുമായിരുന്നു. ഇതിനെ പുനർനിർമ്മിക്കണമെന്ന് ഫെമിനിസ്റ്റ് തിയോളജിസ്റ്റുകൾ ആവശ്യപ്പെട്ടു. സ്വീകരിച്ചിരിക്കുന്ന സമീപനരീതിയുടെ വ്യത്യസ്തതയുടെ അടിസ്ഥാനത്തിൽ തിയോളജിഫെമിനിസ്റ്റുകളെ അഞ്ചായി തരം തിരിക്കാം.

ഇവാഞ്ചലിക്കൽ ഫെമിനിസ്റ്റ്സ്. (Evangelical Feminists)

ബിബ്ലിക്കൽ ഫെമിനിസ്റ്റ്സ്. (Biblical Feminists). പോസ്റ്റ് ബിബ്ലിക്കൽ ഫെമിനിസ്റ്റ്സ്. (Post-biblical feminists)

ഗോഡസ് ഫെമിനിസ്റ്റ്സ്. (Goddess Feminists)

വിക്കാ ഫെമിനിസ്റ്റ്സ്. (Wicca Feminists)

ബൈബിളിന്റെ ആധികാരികതയെ അംഗീകരിക്കുന്ന ഇവർ ചരിത്രപരമായ സത്യമായും അതിനെ കണക്കാക്കുന്നു. ബൈബിളിലെ ഭാഷാപരമായ വേർതിരിവിനെയാണ് ഇവർ വിമർശിക്കുന്നത്. ലിംഗപരമായ സമത്വം (gender netural) ഉള്ള ഭാഷമാത്രമേ ബൈബിളിന്റെ വിവർത്തനങ്ങളിൽ ഉപയോഗിക്കാവൂ എന്ന പക്ഷക്കാരാണിവർ. ത്രിത്വത്തിലെ സമർപ്പണം (subordination) സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ ബാധകമാണെന്ന് ഇവർ വാദിച്ചു. സ്ത്രീയ്ക്കും പുരുഷനും ഇടയിലുള്ള ഉണ്ടാക്കിയെടുക്കപ്പെട്ടിട്ടുള്ള അധികാരശ്രേണിയെ ഇവർ നിരാകരിക്കുന്നു.


ദൈവത്തിനുമുമ്പിലും മനുഷ്യരുടെ മുൻപിലും എല്ലാവർക്കും ഒരേ തുല്യതയായിരിക്കണം വേണ്ടത് എന്നതാണ് ഇവരുടെ തത്ത്വസംഹിത.

**ബിബ്ലിക്കൽ ഫെമിനിസ്റ്റ്സ് (Biblical Feminists)**

ഇവർ ബൈബിളിനെ ഒരു പാഠമായി ഉപാദനസാമഗ്രിയായി കണക്കാക്കുന്നു. ബൈബിളിനുള്ളിൽ കാണപ്പെടുന്ന അധികാരത്തെയും, നിയമസംഹിതയേയും ഇവർ നിരാകരിക്കുന്നു. നിയമത്തിനുള്ളിലെ നിയമത്തെ പരാമർശിക്കുമ്പോൾ ഇവർ ലിബറൽ ഫെമിനിസ്റ്റ് ചായ്വാണ് സ്വീകരിക്കുന്നത്. യഥാസ്ഥിതികമായ ക്രിസ്ത്യൻ പാരമ്പര്യത്തെ വിമർശിക്കുന്ന ഇവർ അതിനകത്തുനിന്നു കൊണ്ടുതന്നെ അതിനെ പുനർനിർണ്ണയിക്കാനും നിർമ്മിക്കാനുമാണ് ശ്രമിക്കുന്നത്.

**പോസ്റ്റ് ബിബ്ലിക്കൽ ഫെമിനിസ്റ്റ്സ് (Post Biblical Feminists)**

ഇവർ ബൈബിളിന്റെ പ്രാമാണികതയെ ആധാരികതയെ പൂർണ്ണമായും നിരാകരിക്കുന്നു. അത്യന്തം വിഷമലിനമായ പുരുഷാധിപത്യത്തിന്റെ മൂല്യങ്ങൾ സംവഹിക്കുന്ന ഒന്നായാണ് ബൈബിളിനെ ഇവർ വിലയിരുത്തുന്നത്. പാരമ്പര്യമായ ക്രിസ്ത്യൻ ആചാരങ്ങളും മൂല്യങ്ങളും തിരുത്താനാവാത്തവിധം ഉറച്ചതാണെന്നു ഇവർ കണ്ടെത്തി. അതിനാൽ മുഖ്യധാരാ ക്രൈസ്തവതയെ പൂർണ്ണമായും നിരാകരിക്കുന്നു ഇവർ. പുരുഷാധിപത്യമൂല്യത്തി ലധിഷ്ഠിതമായ ദൈവം അച്ഛനാണ് എന്ന ആശയമാണ് പാരമ്പര്യവാദത്തിൽ



ഉള്ളതെന്നും അതിനാൽത്തന്നെ ആ ആശയം നിരാകരിക്കേണ്ടതാണെന്നും ഇവർ വാദിക്കുന്നു. പുരുഷാധിപത്യപരമായ ക്രൈസ്തവതയുടെ, തിരുത്താൻകഴിയാത്ത വിധത്തിലുള്ള ലിംഗപരമായ അസമത്വത്തിന്റെ പുനർനിർണ്ണയനവും നിരാസവുമാണ് പോസ്റ്റ് ബിബ്ലിക്കൽ ഫെമിനിസത്തിന്റെ കാതൽ.

**ഗോഡസ് ഫെമിനിസ്റ്റ്സ് (Goddes Feminists)**

അവരവരുടെ സ്വന്തം രീതിയിലുള്ള ആചാരപരമായ ചടങ്ങുകളോടെ അവനവനിലുള്ള ദിവ്യത്വത്തെ ആഘോഷിക്കുന്നവരാണ് ഇവർ.

ഇവർ ഒരു ദൈവസങ്കൽപമായി മുന്നോട്ടുവെയ്ക്കുന്നത് ഗയാസങ്കൽപമാണ്. (Gaia - the Spirit that animates the natural world) 1970 കളിൽ പാഗനിസത്തെ ആത്മീയതയായി പരിഗണിച്ചവരാണിവർ. മനുഷ്യവർഗ്ഗത്തിന്റെ സുവർണ്ണ വർഷങ്ങൾ (Golden Age) എന്നു വിളിക്കപ്പെടുന്ന മാതൃദായക്രമത്തിലുള്ള മതത്തെയും ആചാരവിശ്വാസങ്ങളെയുമാണ് ഇവർ പിന്തുടരുന്നത്. ഇത്തരം ചിന്താപദ്ധതി അവർക്കു ലഭിച്ചത് ജർമ്മൻ റൊമാന്റിക് നരവംശശാസ്ത്രജ്ഞൻമാരുടെ സിദ്ധാന്തങ്ങളിൽ നിന്നായിരുന്നു. അവരുടെ സങ്കൽപനപ്രകാരം മാതൃദായക്രമമാണ് പുരുഷാധിപത്യത്തിനുമുമ്പ് സാർവത്രികമായി കണ്ടുവന്ന മതം.

**വിക്കാ ഫെമിനിസ്റ്റ്സ് (Wicca Feminists)**

വിക്കാഫെമിനിസം ഗോഡസ് ഫെമിനിസത്തിന്റെ തന്നെ ഒരു ഉപവിഭാഗമാണ്. വിക്കാ ഒരു യൂറോപ്യൻ മതമാണ് എന്നു പറയാം. ഇതിൽ സ്ത്രീ/പുരുഷ ദേവതകളെ ആരാധിക്കുന്നു. ക്രൈസ്തവതയുടെ നേർവിപരീതമാണ് വിക്കാഫെമിനിസം. അവർ പിശാചിനെയാണ് (Devil worship) ആരാധിക്കുന്നത്. സൂസന്ന, ഇ.ബുഡിപെസ്റ്റിന്റെ അഭിപ്രായത്തിൽ ഒരു ദുർമന്ത്രവാദി (Witch craft) പുരുഷനോ സ്ത്രീയോ ആകട്ടെ അവർ ഇഹലോകത്തെ മാത്രമേ പരിഗണിക്കുന്നുള്ളൂ. അതായത് ഭൂമിയിൽ മാത്രമേ ജീവിതമുള്ളൂ എന്നു കരുതുന്നവരാണ്.ഇവർ. മാത്രമല്ല ദൈവം എന്ന ശക്തി സങ്കൽപത്തിനുപകരം തന്നിൽതന്നെ ദൈവികാംശം/ ദിവ്യത്വം ഉണ്ടെന്നു കരുതുന്നവരാണ് ഇവർ.

***പ്രമുഖ ഫെമിനിസ്റ്റ് തിയോളജിവക്താക്കളും, അവരുടെ വീക്ഷണകോണുകളും:***

**മേരി ഡാലി (Mary Daly)**

മേരി ഡാലി ഒരു പോസ്റ്റ് ബിബ്ലിക്കൽ ഫെമിനിസ്റ്റ് തിയോളജിയനാണ്. സാമ്പ്രദായികക്രിസ്ത്യൻ ചിന്താഗതിയെ ഇവർ നിശിതമായി വിമർശിച്ചു. 1965 ൽ വത്തിക്കാനിൽ സ്ത്രീകളുടെ തുല്യത ഉന്നയിക്കാൻ മേരി ഡാലി പോയെങ്കിലും ചർച്ചിന്റെ ഭാഗത്തുനിന്ന് അനുകൂലമായ പ്രതികരണമുണ്ടായില്ല. ഇതിനേതുടർന്ന് അവർ രചിച്ച പുസ്തകമാണ് ദ ചർച്ച് ആന്റ് ദ സെക്കന്റ് സെക്സ്. ( the church and the second sex) ഈ പുസ്തകം ഫെമിനിസ്റ്റ് തിയോളജിശാഖയെ ഒന്നാകെ സ്വാധീനിച്ചു. ഈ പുസ്തകത്തിൽ മുഖ്യധാര ക്രൈസ്തവതയുടെ പൂർണ്ണമായ നിരാകരണം നടന്നു. Beyond God the Father എന്ന പുസ്തകത്തിൽ ദൈവം അച്ഛനാണ് എന്ന ആശയത്തെ, പ്രതീകത്തെ മനുഷ്യന്റെ ഭാവന നിർമ്മിച്ച ഒന്നാണെന്നും ദൈവം പുരുഷനാണെങ്കിൽ പുരുഷൻ ദൈവവുമാണ്. എന്ന അവസ്ഥവരുമെന്നും അവർ വാദിച്ചു. If Gof is male hten the male is God ദൈവം എന്ന ആശയത്തിന്റെ വിശദീകരണം ഇഹലോകപരലോക ജീവിതത്തിന്റെ ഉടമസ്ഥനും പാപങ്ങളുടെ വിധികർത്താവുമായ ആരാധനാപാത്രം എന്നാണെന്നും അത്തരത്തിലുള്ള ദൈവസങ്കൽപം അതിനിഷ്ഠൂരവും ഘാതകവുമായ ഒന്നാണെന്നും അവർ വാദിച്ചു.

ഇത്തരത്തിലുള്ള ഒരു ദൈവസങ്കൽപത്തെ ഒഴിവാക്കേണ്ടതാണെന്നും അവരവരുടെ ദേവതയ്ക്ക് പേരിടാനും അവരവരുടെ ദേവതയുടെ സ്വഭാവം നിർണയിക്കാനുമുള്ള അവകാശം അവരവർക്കുള്ളതാണെന്നും ഡാലി സമർത്ഥിക്കുന്നു.

മേരി ഡാലി ഒരു പോസ്റ്റ് ബിബ്ലിക്കൽ ഫെമിനിസ്റ്റ് തിയോളജിയനാണ്. സാമ്പ്രദായികക്രിസ്ത്യൻ ചിന്താഗതിയെ ഇവർ നിശിതമായി വിമർശിച്ചു. 1965 ൽ വത്തിക്കാനിൽ സ്ത്രീകളുടെ തുല്യത ഉന്നയിക്കാൻ മേരി ഡാലി പോയെങ്കിലും ചർച്ചിന്റെ ഭാഗത്തുനിന്ന് അനുകൂലമായ പ്രതികരണമുണ്ടായില്ല. ഇതിനേതുടർന്ന് അവർ രചിച്ച പുസ്തകമാണ് ദ ചർച്ച് ആന്റ് ദ സെക്കന്റ് സെക്സ്.

ആദ്യ രണ്ടുപുസ്തകങ്ങളിലെ ആശയത്തെ ഒന്നുകൂടി വികസിപ്പിക്കുകയാണ് Gy Ecology : The Meta ethic of Radical, എന്ന പുസ്തകത്തിൽ. ഇതിൽ ദൈവം എന്ന സംജ്ഞയെ തന്നെ പൂർണ്ണമായും ഒഴിവാക്കുന്നു. കാരണം അതൊരിക്കലും പുരുഷാധിപത്യത്തിൽനിന്ന് പുരുഷഭാവനയിൽനിന്ന് വിമുക്തമല്ല എന്നുള്ളതാണ്. മേരിഡാലിയുടെ തന്നെ മറ്റൊരു പുസ്തകമായ Pure Lust: Elemental Feminist Philosophy എന്ന പുസ്തകത്തിൽ സ്ത്രീകളോട് ലിംഗാർച്ചനപരമായി അതിപാവനമായി കല്പിക്കുന്ന വ്യക്തിയെയോ വസ്തുക്കളെയോ അവഗണിക്കാൻ ആവശ്യപ്പെടുന്നു. കാരണം അത് ഉത്പാദനേന്ദ്രിയപരതയിൽ അധിഷ്ഠിതമാണ്.

ക്രിസ്തുവിന്റെ അവതാരം/ മൂർത്തീകരണം എന്ന ആശയം സ്ത്രീകളുടെയും വസ്തുക്കളുടെയും മേലുള്ള നിയമസാധുതയുള്ള പ്രതീകാത്മകമായ ബലാത്ക്കാരമായാണ് മേരി ഡാലി അപനിർമ്മിക്കുന്നത്.

**ഹാംപ്സൺ (Naphne Hampson)**

പരമ്പരാഗതമായ ക്രൈസ്തവതയുടെ പ്രത്യേകതകളെ പുരുഷാധിപത്യസ്വഭാവത്തെ നിരാകരിക്കുന്ന ഒരു തിയോളജിഫെമിനിസ്റ്റാണ് ഹാംപ്സൺ. ക്രിസ്ത്യൻ മിത്തുകളെക്കുറിച്ച് ഹാംപ്സൺ വിലയിരുത്തുന്നത് ഇപ്രകാരമാണ്.

ക്രിസ്ത്യൻ മിത്തുകൾ ഒരിക്കലും പക്ഷപാതിത്വരഹിതമല്ല. അത് വളരെയധികം അപകടം പിടിച്ചതും ബുദ്ധിപൂർവ്വവുമായ പുരുഷനിർമ്മിതമായ സംസ്കാരത്തിന്റെ പ്രതിഫലനമാണ്. പുരുഷാധിപത്യമൂല്യങ്ങളെ/ ലോകത്തെ മാത്രം

പ്രതിഫലിപ്പിക്കുന്ന മിത്തുകളിൽ പുരുഷനുമാത്രമേ അവന്റെ വഴികൾ കണ്ടെത്താൻ കഴിയൂ. സ്വത്വനിർണയം സാധ്യമാകൂ.

ഹാംപ്സൺന്റെ അഭിപ്രായത്തിൽ ക്രൈസ്തവത എന്നാൽ സന്മാർഗ്ഗികതയല്ല. മറിച്ച് തിരുത്താൻ കഴിയാത്തവിധത്തിലുള്ള ലിംഗപരമായ അസമത്വമാണ്.

**റോസ് മേരി റാഡ്ഫോർഡ് റൂഥർ (Rose Mary Rad Ford Ruether)**

കത്തോലിക്കാസഭയുടെ ഗർഭധാനപ്രതിരോധന സമീപനത്തിനെതിരെ വിമർശനമുയർത്തിയ ഫെമിനിസ്റ്റാണ് റോസ്മേരി റാഡ്ഫോർഡ് റൂഥർ. 1960 കളിൽ കത്തോലിക്കാസഭയുടെ ഗർഭധാനപ്രതിരോധ ത്തിനെതിരെയുള്ള നയം ദാരിദ്ര്യം നിറഞ്ഞ മെക്സിക്കോ പോലുള്ള രാജ്യത്ത് ദൂരവ്യാപകമായ ഫലമുളവാക്കുമെന്ന് മനസ്സിലാക്കിയ റൂഥർ അതിനെതിരെ പ്രവർത്തിച്ചു. മാത്രമല്ല തുടർന്ന് ക്രൈസ്തവതയുടെ ലിംഗപരമായഅസമത്വ ത്തിനെതിരെ തിരിയുകയും ചെയ്തു.

റൂഥറുടെ Human Hope coforonts എന്ന പുസ്തകത്തിൽ ക്രൈസ്തവ പാരമ്പര്യത്തെ, നിശിതമായി വിമർശിക്കുന്നു. ജൂതർ, കറുത്തവർ, സ്ത്രീ, ലാറ്റിൻ അമേരിക്കൻ എന്നിങ്ങനെയുള്ള ക്രൈസ്തവതയുടെ വേർതിരിവിനെ, സഭയുടെ നിലപാടുകളെ പുനർനിർമ്മിക്കുകയും ക്രൈസ്തവതയെ നിരന്തരം ചോദ്യം ചെയ്യുകയും ചെയ്തു.

മേരി ഡാലി ക്രൈസ്തവതയെ പൂർണ്ണമായും നിരാകരിച്ചപ്പോൾ റൂഥർ

കത്തോലിക്കാസഭയുടെ ഗർഭധാനപ്രതിരോധന സമീപനത്തിനെതിരെ വിമർശനമുയർത്തിയ ഫെമിനിസ്റ്റാണ് റോസ്മേരി റാഡ്ഫോർഡ് റൂഥർ. 1960 കളിൽ കത്തോലിക്കാസഭയുടെ ഗർഭധാനപ്രതിരോധ ത്തിനെതിരെയുള്ള നയം ദാരിദ്ര്യം നിറഞ്ഞ മെക്സിക്കോ പോലുള്ള രാജ്യത്ത് ദൂരവ്യാപകമായ ഫലമുളവാക്കുമെന്ന് മനസ്സിലാക്കിയ റൂഥർ അതിനെതിരെ പ്രവർത്തിച്ചു.

ക്രൈസ്തവതയ്ക്കുള്ളിൽനിന്നു കൊണ്ടുതന്നെ ക്രൈസ്തവതയെ പുനർനിർണ്ണയിച്ചു. റൂഥറിന്റെ സെക്സിസം ആന്റ് ഗോഡ് ടോക്ക് റ്റുവേർഡ്സ് എ ഫെമിനിസ്റ്റ് തിയോളജി എന്ന പുസ്തകത്തിൽ തന്റെ അടിസ്ഥാനകാഴ്ചപ്പാട് വ്യക്തമാക്കുന്നു.

വിമർശനപരമായ തിയോളജിയുടെ അടിസ്ഥാനതത്ത്വം എന്നത് സ്ത്രീകളുടെ വിമോചനത്തില ധിഷ്ഠിതമാണെന്നും സ്ത്രീകളുടെ സ്ഥാനത്തിന് ഒരു പരിവർത്തനം സാധ്യമാക്കലാണ് അതിന്റെ ലക്ഷ്യമെന്നും വ്യക്തമാക്കുന്നു.

**എലിസബത്ത് ഷച്ച്സ്ലർ (Elisabeth Schussler)**

എലിസബത്ത് ഷച്ച്സ്ലർ വിസ്ഡം വെയ്സ് Wisdom Ways എന്ന പുസ്തകത്തിൽ ബൈബിളിന്റെ വ്യാഖ്യാനപ്രക്രിയയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു. ഫെമിനിസ്റ്റ് കാഴ്ചപ്പാടിനോടു നീതിപുലർത്തുന്ന വിധത്തിലുള്ള, സ്ത്രീയ്ക്കും പുരുഷനും തുല്യനീതി ഉറപ്പാക്കുന്ന, മാറ്റത്തിനുവേണ്ടിയുള്ള സ്ത്രീവാദപ്രവർത്തനങ്ങളെ മുൻനിർത്തിയുള്ള ഒരു വ്യാഖ്യാനപദ്ധതിപ്രകാരമാണ് ബൈബിൾ എന്ന പാഠം വായിക്കേണ്ടത്. മനസ്സിലാക്കേണ്ടത്. സ്ത്രീയേയും പുരുഷനേയും വേർതിരിക്കുന്ന ഒന്നു മറ്റൊന്നിനുതാഴെയാണെന്ന രീതിയിലുള്ള വ്യാഖ്യാനമാതൃകയിലുള്ള മനസ്സിലാക്കലിനെയും വ്യാഖ്യാനത്തെയും പൂർണ്ണമായും നിരാകരിക്കുന്നു ഷച്ച്സ്ലർ.

ബൈബിളിന്റെ വ്യാഖ്യാനഭാഷപ്രകാരം സ്ത്രീ പുരുഷൻമാരുടെ നില ഷച്ച്സ്ലർ വിലയിരുത്തുന്നത് ഇപ്രകാരമാണ്.

Men = Oppressors and Women = Oppressed

ഇത്തരത്തിൽ ബൈബിളിൽ കാണുന്ന kyriocetnric ഭാഷയെ വിമർശിക്കുന്ന ഷച്ച്സ്ലർ ഇത് സ്ത്രീകളെയും പാവപ്പെട്ടവനെയും കറുത്തവനെയും മർദ്ദിക്കുന്ന കീഴ്പ്പെടുത്തുന്ന

പ്രത്യയശാസ്ത്രമായും വിലയിരുത്തുന്നു ഇത്തരത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന കറുത്ത വർഗ്ഗക്കാരനും സ്ത്രീയ്ക്കും സബാൾട്ടന്റ് എന്ന വിശദീകരണം നൽകുന്നു ഷച്ച്സ്ലർ. സ്ത്രീ വിരുദ്ധത എന്നതിനൊപ്പം വർഗ്ഗ, ലിംഗ ദേശപരമായ വേർതിരിവുകളെക്കുറിച്ച് വിശദീകരിക്കുകയും വിമർശിക്കുകയും ചെയ്യുന്നു.

**ഫാലിസ് (Phyllis Trible)**

കാലങ്ങളായി പുരുഷവ്യാഖ്യാനത്തിൽ മറഞ്ഞുകിടന്ന വിശ്വാസത്തെ സ്ത്രീ പക്ഷപരമായ വീക്ഷണകോണിലൂടെ അവതരിപ്പിച്ചു എന്നതാണ് ഫാലിസിന്റെ പ്രത്യേകത. ഫാലിസ് ഗർഭപാത്രം (Womb/ Compassion) എന്ന പ്രതീകത്തെ പിൻതുടരുകയും അതിനെ സ്ത്രീദൈവബിംബമായി വ്യാഖ്യാനിക്കുകയും ചെയ്തു. ഇത്തരത്തിൽ സ്ത്രീ ഭാവനയിലെ ദൈവസങ്കൽപത്തെ ബൈബിൾ വ്യാഖ്യാനത്തിൽ കൊണ്ടുവന്നു. അതിനുപുറമേ പുരുഷാധിപത്യവ്യവസ്ഥയോട് കലഹിച്ചിരുന്ന ആ അവസ്ഥയിൽ അവമാനിതരായിരുന്ന സ്ത്രീകളുടെ കഥകൾ കണ്ടെടുക്കുകയും ആ പുരുഷാധിപത്യ വ്യവസ്ഥയെ പുനർനിർണ്ണയിക്കുകയും ചെയ്തു. Texts of terror എന്ന പുസ്തകത്തിൽ ഹെർമന്യൂട്ടിക് കീഴ്പ്പെടുത്തലിന്റെ ഇരകളായ സ്ത്രീകളെ കണ്ടെത്തുകയും അവ നാരീവിദ്വേഷ ത്തിലധിഷ്ഠിതമാണെന്നു വ്യാഖ്യാനിക്കുകയും ചെയ്തു. ഹാഗാറിന്റെയും (Hannah) റൂത്തിന്റേയും (Ruth) കഥകൾ സർവ്വശക്തിയുള്ള ദൈവം എന്ന പുരുഷാധികാരവ്യവസ്ഥയിൽ അധിഷ്ഠിതമാണ് എന്നും പലപ്പോഴും സർവ്വശക്തിയുള്ള ഈ ദൈവസങ്കൽപം അതിക്രൂരമായ പുരുഷാധികാര പ്രയോഗങ്ങൾ വെപ്പാട്ടിമാരായ ഇത്തരം സ്ത്രീകളുടെമേൽ നടത്തുന്നുവെന്നും ഫാലിസ് കണ്ടെത്തി.

**സാലി മാക് ഫാക് (Sallie Mc Fague)**

സാലി മാക്ഫാകിന്റെ അഭിപ്രായത്തിൽ വേദപുസ്തകത്തിലെ ദൈവത്തെക്കുറിക്കുന്ന രൂപകങ്ങളെല്ലാം തന്നെ നിഷ്കാസനം ചെയ്യേണ്ടതാണ്. കാരണം അവ അധികാരശ്രേണിയെ പ്രതിനിധാനം ചെയ്യുന്നവയാണ്. (രാജാവ്, അധികാരി, പ്രഭു, അച്ഛൻ) ദൈവവും പ്രപഞ്ചവും ഒന്നാണെന്ന അദ്വൈതവാദമാണ് Monist ദൈവസങ്കൽപമായി സാലി മുന്നോട്ടുവയ്ക്കുന്നത്. പ്രപഞ്ചം എന്നു പറയുന്നത് ദൈവത്തിന്റെ സൃഷ്ടിയായല്ല ഇവർ കണക്കാക്കുന്നത്. ദൈവത്തെ അറിയുക എന്നുള്ളത് പ്രപഞ്ചത്തെ അറിയുക എന്നതാണെന്നും, ദൈവത്തെ സ്നേഹിക്കുക എന്നത് പ്രപഞ്ചത്തിന് സേവനം ചെയ്യുന്നതാണെന്നും അവർ സമർത്ഥിക്കുന്നു. മാത്രമല്ല, അധികാര ശ്രേണിയെ പ്രതിനിധാനം ചെയ്യുന്ന രാജാവ്, അധികാരി, പ്രഭു. അച്ഛൻ എന്നീ രൂപകങ്ങൾക്കുപകരം അമ്മ, കാമുകി, സൃഹൃത്ത് [Mother, Lover and Friend] എന്നീ രൂപകങ്ങൾ ദൈവസങ്കൽപത്തിന് നൽകുന്നു.

***തിയോളജി ഫെമിനിസവും ലിംഗഅസമത്വവും:***

വിവിധ തിയോളജി ഫെമിനിസ്റ്റുകളുടെ പ്രവർത്തനരീതിയും ലക്ഷ്യവും വ്യത്യസ്തമാണ് എങ്കിലും അവരെ ഏകോപിപ്പിക്കുന്ന ഒരു ഘടകമുണ്ട്. അത് പുരുഷാധിപത്യത്തിന്റെ നിരാകരണമാണ്.

ജർഡ ലേർനർ (Gerda lerner)ന്റെ അഭിപ്രായത്തിൽ എല്ലാ മനുഷ്യരുടേയും ചിന്തകൾ ആശയ വിനിമയം നടത്തുന്നത് പുരുഷാധിപത്യ/ പുരുഷ വീക്ഷണ കോണുകളോടാണ്.

ദൈവത്തെ അറിയുക എന്നുള്ളത് പ്രപഞ്ചത്തെ അറിയുക എന്നതാണെന്നും, ദൈവത്തെ സ്നേഹിക്കുക എന്നത് പ്രപഞ്ചത്തിന് സേവനം ചെയ്യുന്നതാണെന്നും അവർ സമർത്ഥിക്കുന്നു. മാത്രമല്ല, അധികാര ശ്രേണിയെ പ്രതിനിധാനം ചെയ്യുന്ന രാജാവ്, അധികാരി, പ്രഭു. അച്ഛൻ എന്നീ രൂപകങ്ങൾക്കുപകരം അമ്മ, കാമുകി, സൃഹൃത്ത് [Mother, Lover and Friend] എന്നീ രൂപകങ്ങൾ ദൈവസങ്കൽപത്തിന് നൽകുന്നു.

'സ്ത്രീകൾ എല്ലാകാര്യത്തിലും പുരുഷനു താഴെയാണ്.ഒരു പുരുഷൻ തീർച്ചയായും ദിവസവും മൂന്നുകാര്യങ്ങൾക്കു നന്ദി പറയണം. ദൈവം ഒരിക്കലും എന്നെ ഒരു മതമില്ലാത്തവനായി സൃഷ്ടിച്ചിട്ടില്ല. ദൈവം ഒരിക്കലും എന്നെ ഒരു സ്ത്രീയായി സൃഷ്ടിച്ചിട്ടില്ല. ദൈവം എന്നെ ഒരു വിദ്യാഭ്യാസമില്ലാത്തവനായി സൃഷ്ടിച്ചിട്ടില്ല.

അതിനാൽത്തന്നെ അവയെല്ലാം സ്ത്രീകൾക്ക് പ്രതികൂലവുമാണ്. സ്ത്രീ അനുഭവത്തെ വ്യാഖ്യാനിക്കാനാവശ്യമായ യാതൊന്നും പുരുഷമേധാവിത്വസമൂഹത്തിൽ സാധ്യമല്ല.

ജൂത ചരിത്രകാരനായ ഫ്ളാവിയസ് ജോസഫിന്റെ സ്ത്രീ/പുരുഷവേർതിരിവിനെ സ്പഷ്ടമാക്കുന്ന അഭിപ്രായം പുരുഷമേധാവിത്വത്തിന്റെ പ്രകടമായ മേൽക്കോയ്മ വ്യക്തമാക്കുന്ന ഒന്നാണ്.

'സ്ത്രീകൾ എല്ലാകാര്യത്തിലും പുരുഷനു താഴെയാണ്. ഒരു പുരുഷൻ തീർച്ചയായും ദിവസവും മൂന്നുകാര്യങ്ങൾക്കു നന്ദി പറയണം. ദൈവം ഒരിക്കലും എന്നെ ഒരു മതമില്ലാത്തവനായി സൃഷ്ടിച്ചിട്ടില്ല. ദൈവം ഒരിക്കലും എന്നെ ഒരു സ്ത്രീയായി സൃഷ്ടിച്ചിട്ടില്ല. ദൈവം എന്നെ ഒരു വിദ്യാഭ്യാസമില്ലാത്തവനായി സൃഷ്ടിച്ചിട്ടില്ല.

ഇത്തരത്തിൽ സ്ത്രീയ്ക്ക് യാതൊരു പ്രാധാന്യവുമില്ലാത്ത സ്ത്രീഅടിച്ചമർത്തപ്പെട്ടിരുന്ന സന്ദർഭത്തിൽ ആണ് ക്രിസ്ത്യാനിറ്റിയുടെ ഉദ്ഭവം എന്ന് റോൺ റോഡസ് Run Rhodes നിരീക്ഷിക്കുന്നു.

ക്രിസ്തുവിനെ ഒരു ഫെമിനിസ്റ്റ് വീക്ഷണത്തിലാണ് റോൺ അവതരിപ്പിക്കുന്നത്. യേശുവിന്റെ മർത്ത-മേരിയുടെ വീട് സന്ദർശനം, ഉയർത്തെഴുനേൽപ്പിനുശേഷമുള്ള ആദ്യത്തെ പ്രത്യക്ഷപ്പെടൽ, മഗ്ദലനമറിയത്തോടുള്ള നിലപാട് ഇവയെല്ലാം മുൻനിർത്തിയാണ് ഇത്തരത്തിലുള്ള ഒരു സമീപനം മുന്നോട്ടുവയ്ക്കുന്നത്.സ്ത്രീകളുടെ അടിമത്തത്തിനു കാരണം പിന്നീട് വന്ന പുരുഷവ്യാഖ്യാതാക്കൾ അഥവാ പുരുഷവീക്ഷണകോണിലുള്ള വ്യാഖ്യാനമാണ്.അവർ പുരുഷാധിപത്യസമൂഹത്തിനുയോജ്യമായ രീതിയിൽ ബൈബിളിനെ, ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെ വ്യാഖ്യാനിച്ചു വളച്ചൊടിച്ചു.

ഇവാഞ്ചലിക്കൽ ഫെമിനിസ്റ്റുകളെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ അടിമത്തം വിവാഹബന്ധത്തിൽ അധിഷ്ഠിതമാണ്. ദൈവത്തിന്റെ വിധിപ്രകാരം സ്ത്രീകളുടെ വേദനകൂട്ടുകയും വേദനയോടുകൂടി കുട്ടിയെ പ്രസവിക്കുകയും ചെയ്യും. നിങ്ങളുടെ ആഗ്രഹങ്ങൾ നിങ്ങളുടെ ഭർത്താവിനുവേണ്ടിയുള്ളതായിരിക്കും. അവൻ നിങ്ങളെ ഭരിക്കും. I will greatly increase your pains in child bearing with pain you will give birth to children. Your desire will be for your husband, and he will rule over you.

**ലിംഗസമത്വവും ഭാഷയും**

പുരുഷാധിപത്യഭാഷയിൽ നിർമ്മിതമാകുന്ന വ്യാഖ്യാനങ്ങൾ ദൈവം എന്ന സംജ്ഞയ്ക്ക് പുരുഷത്വം കല്പിക്കുകയും പുരുഷലിംഗത്തിന് ഔന്നത്യം/ മേൽക്കോയ്മ (Superior) നേടിക്കൊടുക്കുകയും ചെയ്യുന്നു. തിയോളജി ഫെമിനിസ്റ്റുകൾ പുരുഷാധിപത്യഭാഷയ്ക്കുപകരം ലിംഗപരമായ സമത്വമുള്ള ഭാഷ വ്യാഖ്യാനങ്ങൾ സാധ്യമാവണമെന്ന് നിഷ്ക്കർഷിക്കുന്നു. അത്തരത്തിൽ ദൈവം എന്ന സംജ്ഞയ്ക്ക് മാതാപിതാക്കൾ, സ്രഷ്ടാവ്, എന്നിങ്ങനെ ലിംഗസമത്വമുള്ള ഭാഷയിൽ ദൈവസങ്കൽപത്തെ ആരാധിക്കാൻ അവർ താത്പര്യപ്പെടുന്നു.

നൗമി ഗോൾസൻ ബർഗ് എന്ന [Naomi Golden berg] ഫെമിനിസ്റ്റ് തിയോളജിയന്റെ അഭിപ്രായത്തിൽ ജൂതക്രിസ്ത്യൻ ദൈവം എന്നു പറയുന്നത് പുരുഷാധിപത്യസമൂഹത്തിന്റെ നിർമ്മാതാവാണ്. അതുകൊണ്ടുതന്നെ കൈവിട്ടുകളയേണ്ട ഒരു സങ്കൽപമാണത്. In changing of the God എന്ന പുസ്തകത്തിൽ അവർ ഇപ്രകാരം എഴുതുന്നു. നമ്മൾ സ്ത്രീകൾ ദൈവത്തിന് ഒരു അവസാനമുണ്ടാക്കാൻ

പോകുന്നു. [We Women are going to bring an end to the God] ദൈവീകമായ അലംഘനീയമായ പാഠങ്ങൾ പരിവർത്തിപ്പിച്ച് പുതിയൊരു വ്യാഖ്യാനരീതിയിൽ പൂർണ്ണമായും മാറ്റപ്പെട്ട ഒരു മതനിർണ്ണയനം നടത്തുന്നു.

ഒരു പ്രത്യേക വർഗ്ഗത്തിന്റെ, വംശത്തിന്റെ സ്വഭാവസവിശേഷതകളെ ഉൾക്കൊള്ളുന്ന ഭാഷയെ ബൈബിളിൽ ഉപയോഗിക്കുന്നതിനെ തിയോളജി ഫെമിനിസ്റ്റുകൾ എതിർക്കുന്നു. [generic language] ഇത്തരത്തിലുള്ള ഒരു ഭാഷയിൽ സ്ത്രീ ഒഴിവാക്കപ്പെടുന്നു. ഇതിനെതിരെയുള്ള വിമർശനത്തെ തുടർന്ന് അവളെക്കൂടി ഉൾക്കൊള്ളുന്ന ഭാഷ ബൈബിളിന്റെ വിവർത്തനങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങി.

ഇത്തരമൊരു സന്ദർഭത്തിലാണ് ലിംഗവിവേചനത്തെ [gender discrimination] ഫെമിനിസ്റ്റ് തിയോളജിയൻസ് ഗൗരവമായി കാണാൻ തുടങ്ങിയത്. ക്രിസ്ത്യൻ ഫെമിനിസ്റ്റുകൾ ക്രിസ്ത്യൻ നിയമങ്ങളെ തള്ളി പറഞ്ഞു. അത് വിജയിക്കുന്നവന്റെ, പുരുഷന്റെ, പുരുഷാധിപത്യസ്വഭാവമുള്ള ചർച്ചിന്റെ സൃഷ്ടിയാണെന്ന് തിരിച്ചറിഞ്ഞു. മേരി ഡാലിയെപ്പോലെയുള്ള പോസ്റ്റ് ക്രിസ്ത്യൻ ഫെമിനിസ്റ്റുകൾ ബൈബിൾ പാഠത്തെ മൊത്തമായും നിരാകരിച്ചു. അത് ലിംഗഅസമത്വത്തിന്റെ മൂർത്തമായ തെളിവാണെന്ന് വാദിച്ചു. [Generic characteric of or relating to class or genus] ജൂഡിത്ത് ബട്‌ലറുടെ അഭിപ്രായത്തിൽ ഫെമിനിസം എന്ന സംജ്ഞ തന്നെ ക്രമവിരുദ്ധമാണ്. കാരണം അത് ഫെമിനിറ്റിയെ കൂടുതൽ

ഒരു പ്രത്യേക വർഗ്ഗത്തിന്റെ, വംശത്തിന്റെ സ്വഭാവസവിശേഷതകളെ ഉൾക്കൊള്ളുന്ന ഭാഷയെ ബൈബിളിൽ ഉപയോഗിക്കുന്നതിനെ തിയോളജി ഫെമിനിസ്റ്റുകൾ എതിർക്കുന്നു. [generic language] ഇത്തരത്തിലുള്ള ഒരു ഭാഷയിൽ സ്ത്രീ ഒഴിവാക്കപ്പെടുന്നു. ഇതിനെതിരെയുള്ള വിമർശനത്തെ തുടർന്ന് അവളെക്കൂടി ഉൾക്കൊള്ളുന്ന ഭാഷ ബൈബിളിന്റെ വിവർത്തനങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങി.

സ്റ്റീരിയോ ടൈപ്പ് വത്ക്കരിക്കുന്നു. ജൻഡർ എന്നു പറയുന്നത് ബട്‌ലറെ സംബന്ധിച്ചിടത്തോളം സ്ത്രീയേയും പുരുഷനേയും വേർതിരിക്കുന്ന കൃത്രിമമായ സാമൂഹ്യനിർമ്മിതിയാണ്. അതിനാൽത്തന്നെ അത് പരിവർത്തിക്കപ്പെടേണ്ട ഒരാശയവുമാണ്. In Gender trouble എന്ന പുസ്തകത്തിൽ അവർ ഇപ്രകാരം പറയുന്നു. ആരാണോ പാരമ്പര്യമായുള്ള ജൻഡർ വ്യത്യാസങ്ങളെ നിലനിർത്താൻ ശ്രമിക്കുന്നത് അവർക്ക് ലിംഗപരത എന്നു പറയുന്നത് അസാന്മാർഗ്ഗികമാണ്. അതുകൊണ്ടുതന്നെ ആരാണോ സ്വന്തം ജൻഡർ തിരഞ്ഞെടുക്കാൻ ശ്രമിക്കുന്നത് അവരിൽ കുറ്റമാരോപിക്കുകയും ചെയ്യുന്നു.

ഇതിൻപ്രകാരം ഹെട്രോസെക്ഷാലിറ്റി [htero sexualtiy] അംഗീകൃതവും [homo sexualtiy] ഹോമോ സെക്ഷാലിറ്റി നിഷിദ്ധവുമാണ്. അതായത് മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഹോമോസെക്ഷാലിറ്റിയേയും ലെസ്ബിയൻസിനേയും ഇത് പ്രതിരോധിക്കുന്നു.

ബട്‌ലർ ഒരു തിയോളജിയ അല്ല. പക്ഷേ അവരുടെ അഭിപ്രായം ഫെമിനിസ്റ്റ് തിയോളജിയകളെ സ്വാധീനിച്ചിട്ടുണ്ട്. മാത്രമല്ല വ്യാപകമായ രീതിയിലുള്ള സ്വീകരണം ഹോമോ സെക്ഷ്വൽ/ലെസ്ബിയൻ ബന്ധങ്ങൾക്ക് ലഭിക്കുകയും ചെയ്തു. ആരാണോ ഇതിനെ എതിർത്തിരുന്നത് അവരെ വർഗ്ഗ വംശീയവാദികളായി മുദ്രകുത്തി. In Sensous Spiritualtiy എന്ന പുസ്തകത്തിൽ വെർജീനിയ മുള്ളൻകോട്ട് [Verginia mollenkott] ഇപ്രകാരം പറയുന്നു.

നിർബന്ധിതമായ [hetero sexualtiy] ഹെട്രോ സെക്ഷാലിറ്റി പുരുഷാധിപത്യ സമൂഹത്തിന്റെ നട്ടെല്ലാണ്. അത് പുരുഷമേധാവിത്വത്തിനെ പിന്തുണയ്ക്കുന്നു. കാരണം ജൂതക്രിസ്ത്യൻ നിയമം [hetero sexual] ഹെട്രോ സെക്ഷ്വൽ മൂല്യങ്ങളിൽ അധിഷ്ഠിതമാണ്.

റാഡിക്കൽ ബിഷപ്പ്

സ്പോങ്ങിന്റെ അഭിപ്രായത്തിൽ ഫെമിനിസവും ഹോമോ സെക്ഷ്വാലിറ്റിയും എന്നു പറയുന്നത്. ദൈവശാസ്ത്രത്തിന്റെ ആത്മാവും ഹൃദയത്തിൽ ലയിച്ചതുമാണ്. (spong The radical Bishop maintains that feminism and homosexualtiy lie at the heart and soul of what the Gospel is all about)

ഇത്തരത്തിൽ ലിംഗഭേദം എപ്രകാരം സ്ത്രീകളെ കീഴ്പ്പെടുത്തുന്നു. അത് പുരുഷാധിപത്യസമൂഹത്തെ എങ്ങനെ നിലനിർത്തുന്നു എന്നതാണ് മിക്ക ഫെമിനിസ്റ്റ് തിയോളജിയസ്റ്റുകളും കണ്ടെത്തുന്നത്. അതുകൊണ്ടുതന്നെ അതിനെതിരെയുള്ള പ്രതിരോധം എന്ന നിലയിൽ ബൈബിളും ലിംഗഭേദവും എന്നതിനെ പ്രശ്നവത്ക്കരിക്കുകയും പുനർനിർണയിക്കുകയുമാണ് ചെയ്യുന്നത്. ○

*ആൻസി , കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഗവേഷക വിദ്യാർത്ഥിനിയാണ്.*

---


**കവിത**



**ഇന്ദിര ബാലൻ**

# ഒറ്റത്തിരി

കാറ്റിന്റെ ഉഷ്ണവേഗങ്ങളിൽ
ഉലയുമ്പോഴും
ഉള്ളിൽ തെളിഞ്ഞുകത്തുന്ന ഒറ്റത്തിരി
പലപ്പോഴും വീശിയടിക്കുന്ന കാറ്റിന്റെ
തീനാവുകൾക്ക് അന്നമാകാതിരിക്കാൻ
ആ ഒറ്റത്തിരിയെ നെഞ്ചോടു ചേർത്തുപിടിച്ചു
എന്നിട്ടും....കരിന്തിരി..കത്തി..പുകമണം..പരന്നു
ജടയഴിച്ചിട്ട വനദുർഗ്ഗയെപ്പോൽ
കാറ്റ് പ്രതിരോധങ്ങൾ അഴിച്ചുവിട്ടു
അപ്പോഴും അതിജീവനത്തിന്റെ കരുത്തുറ്റ
ചിറകുകൾക്കായ് കാത്തിരുന്നു
പുതിയ വായുവിന്റെ രാസപരിണാമത്തിൽ
ചിക്കിമിനുക്കിയെടുത്ത്
ഗരുഡവേഗത്തിൽ ഉയർന്നു പറക്കാൻ.......
പക്ഷേ,അടിച്ചിറകിന്റെ താളം പിഴക്കുന്നു
അപ്പോഴും..മനസ്സിന്റെ മച്ചകത്ത്
കെടാതെ ഒറ്റത്തിരി
ഋതുക്കൾ കൊഴിഞ്ഞും,വിരിഞ്ഞും
വിളക്കു ക്ലാവു പിടിച്ചെങ്കിലും
തേച്ചു മിനുക്കിയെടുത്തു
ഉൾക്കരുത്തിന്റെ പുതിയ ചിറകു
മുളക്കുമെന്ന പ്രത്യാശ നൽകി
അപ്പോഴും ആ ഒറ്റത്തിരി കെടാതെ
എന്നെ നോക്കി ചിരിക്കുന്നു!



കവർസ്റ്റോറി



# സ്ത്രീത്വപരികൽപനകൾ : ഒരു താത്വിക അന്വേഷണം



ബിനീത ജോസഫ്

തത്ത്വശാസ്ത്രം എന്നത് പ്രധാനമായും ചിന്തയുടെ മണ്ഡലത്തെ അടിസ്ഥാനമാക്കിയുള്ള പഠനമാണ്. വിസ്മയങ്ങളിൽ നിന്നാണ് അതിന്റെ ഉത്ഭവം. ആദ്യകാലത്ത് പ്രപഞ്ചത്തിന്റെ സത്തയെക്കുറിച്ചുള്ള ചിന്തയ്ക്കായിരുന്നു പ്രാധാന്യം. പിന്നീടത് മനുഷ്യന്റെ അറിവിനെക്കുറിച്ചും അറിവ് ലഭിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള അന്വേഷണങ്ങൾക്ക് വഴിമാറി. തുടർന്ന് മനുഷ്യജീവിതത്തിലെ മൂല്യങ്ങളെക്കുറിച്ചും സാമൂഹിക വ്യവസ്ഥകളെക്കുറിച്ചുമുള്ള അന്വേഷണമായി പരിണമിച്ചു. നവീനകാലത്ത് ദാർശനികത ഊന്നൽ നൽകിയത് ചിന്തയുടെ പ്രകടിത രൂപമായ ഭാഷയ്ക്കായിരുന്നു. എന്നാൽ നിലവിലുള്ള ഭാഷയിലേക്ക് ചിന്തയെ ചുരുക്കുമ്പോഴുള്ള പ്രശ്നങ്ങളിലേയ്ക്കാണ് ദാർശനികർ പിന്നീട് ശ്രദ്ധകേന്ദ്രീകരിച്ചത്. അങ്ങനെ മനുഷ്യജീവിതത്തിന്റെ വിവിധ മേഖലകളെ സ്വാധീനിച്ചുകൊണ്ട് ഈ വിജ്ഞാനശാഖ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

തത്ത്വശാസ്ത്രത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ പുരുഷകേന്ദ്രീകൃതമായ ഒരു

ഭാഷയിലൂടെയാണ് അത് സംസാരിച്ചുകൊണ്ടിരുന്നത് എന്നൊരു വിമർശനം വളരെ ശക്തമായി നിലനിൽക്കുന്നു. അത്തരമൊരു പശ്ചാത്തല ത്തിൽനിന്ന് വ്യത്യസ്തമായി ദാർശനികതയുടെ ചരിത്ര ത്തിൽ ഇടംനേടിയ സ്ത്രീത്വ പരികൽപനകൾ എന്തായിരുന്നു എന്നൊരു പരിശോധനയാണ് ഇവിടെ നടത്തുന്നത്.

പാശ്ചാത്യതത്ത്വചിന്ത യുടെ ചരിത്രം ആരംഭിക്കുന്നത് യവനസംസ്കാരത്തിൽ നിന്നാണ് . ആധുനികകാലത്തെ ചിന്തകരെ പോലും സ്വാധീ നിച്ച സോക്രട്ടീസിനെയും പ്ലേറ്റോയെയും അരിസ്റ്റോട്ടിലി നെയും അവിടെ കാണാൻ സാധിക്കും. സോക്രട്ടീസിന്റെ ചിന്തകൾ പ്രധാനമായും രേഖ പ്പെടുത്തിയത് അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന പ്ലേറ്റോ ആയി രുന്നു. പ്ലേറ്റോ ( ബി.സി., 427-347) യുടെ തത്ത്വചിന്തയിൽ ആശയങ്ങൾക്കാണ് യാഥാർത്ഥ്യം നൽകപ്പെട്ടിരുന്ന ത്. പ്രകൃതിയിലുള്ള വസ്തു ക്കളെല്ലാം നശ്വരമാണ്, എന്നാൽ അവയുടെ ആശയ ങ്ങൾ അനശ്വരമാണ്. പ്രകൃതി യിലുള്ള എല്ലാ വസ്തുക്കളു ടെയും രൂപം ആശയങ്ങളിൽ നിന്നാണ് ഉത്ഭവിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.

പ്ലേറ്റോ സിംപോസിയത്തിൽ സോക്രട്ടീസിനെ ഉൾക്കാഴ്ചയി ലേക്ക് നയിക്കുന്ന ഡയോത്തിമ എന്ന സ്ത്രീയെക്കുറിച്ച് പരാ മർശിക്കുന്നു. സോക്രട്ടീസ് ഡയോത്തിമയുമായി സംവാദ ത്തിൽ ഏർപ്പെടുകയും ഡയോ ത്തിമയുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ശ്രമിക്കു കയും ചെയ്യുന്നു. എന്നാൽ ഡയോത്തിമ ആ ഉത്തരങ്ങളെ ഖണ്ഡിക്കുകയും അവയുടെ പോരായ്മകൾ മനസ്സിലാക്കി ക്കൊടുക്കുകയും യഥാർത്ഥ ഉത്തരം സ്വയം കണ്ടെത്താൻ

പ്ലേറ്റോ തന്റെ ആദർശാത്മക രാഷ്ട്രത്തെക്കുറിച്ച് വിശദീകരിക്കുമ്പോൾ അതിൽ സ്ത്രീകൾക്ക് നൽകേണ്ട പ്രാധാന്യം വ്യക്തമാക്കുന്നു. തത്ത്വചി ന്തകരാലാണ് ഒരു രാജ്യം ഭരിക്കപ്പെടേണ്ടത്. അവിടെ സ്ത്രീകൾക്കും പുരുഷന്മാർക്കു നൽകു ന്ന പ്രാധാന്യം ലഭിക്കണം. സ്ത്രീകൾക്കും രാജ്യഭ രണം നിർവഹിക്കാൻ സാധിക്കും. കാരണം യുക്തിയാണ് ഭരണാധികാരിക്ക് ഉണ്ടാകേണ്ട പ്രധാനഗുണം. സ്ത്രീകൾക്ക് പുരുഷന്മാർക്കു ള്ളത് പോലെ യുക്തിബോധം ഉണ്ടെന്ന് അദ്ദേഹം വിലയിരുത്തുന്നു. ഇതിനായി പുരുഷന്മാർക്ക് നൽകുന്ന പരിശീലനം സ്ത്രീയ്ക്കും നൽകണം.

സഹായിക്കുകയും ചെയ്യുന്നു.

തുടർച്ചയായ ചോദ്യങ്ങളി ലൂടെ സ്വയം ഉത്തരം കണ്ടെ ത്താൻ സോക്രോട്ടീസിനെ സഹായിക്കുന്ന ഡയോത്തിമ യഥാർത്ഥജ്ഞാനം തന്റെ ഉള്ളിൽ തന്നെയാണെന്ന് മന സ്സിലാക്കാൻ സോക്രട്ടീസിനെ സഹായിക്കുന്നു. യഥാർത്ഥജ്ഞാനത്തെക്കുറിച്ച് ഉൾക്കാഴ്ച നേടിയ സോക്ര ട്ടീസ് പിന്നീട് ഗ്രീസിലെ സാധാ രണ ജനങ്ങളുമായി ഇത്തരം തർക്കങ്ങളിൽ ഏർപ്പെടുകയും സ്വയം നിഗമനങ്ങളിലേക്ക് എത്തുവാൻ മറ്റുള്ളവരെ പ്രേരി പ്പിക്കുകയും ചെയ്യുന്നു. ഈ രീതി പിന്നീട് സോക്രട്ടീസിന്റെ രീതി, എന്ന പേരിൽ തത്ത്വചി ന്തയിൽ അറിയപ്പെടുന്നു. തന്റെ ഗുരുവായ ജ്ഞാനിയായ സോക്രട്ടീസിനുപോലും ഉൾക്കാഴ്ച നൽകുന്ന സ്ത്രീയെ അംഗീകരിക്കുന്ന പ്ലേറ്റോയുടെ ചിന്തകൾക്ക് സ്ത്രീ സമത്വമാനമാണ് ഉള്ളത്.

പ്ലേറ്റോ തന്റെ റിപ്പബ്ളിക് എന്ന കൃതിയിൽ സ്ത്രീയ്ക്ക് നൽകേണ്ട സാമൂഹിക– രാഷ്ട്രീയ സമത്വങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. അദ്ദേഹ ത്തിന്റെ കാലഘട്ടവും അന്നത്തെ സാമൂഹിക സാഹച ര്യങ്ങളും കൂടി കണക്കിലെടു ക്കുമ്പോൾ അദ്ദേഹത്തിന്റെ പുരോഗമനപരമായ ആശയ ങ്ങൾക്ക് പ്രാധാന്യം ഏറുന്നു.

പ്ലേറ്റോ തന്റെ ആദർശാത്മക രാഷ്ട്രത്തെക്കുറിച്ച് വിശദീകരി ക്കുമ്പോൾ അതിൽ സ്ത്രീകൾക്ക് നൽകേണ്ട പ്രാധാന്യം വ്യക്തമാക്കുന്നു. തത്ത്വചിന്തകരാലാണ് ഒരു രാജ്യം ഭരിക്കപ്പെടേണ്ടത്. അവിടെ സ്ത്രീകൾക്കും പുരു ഷന്മാർക്കു നൽകുന്ന പ്രാധാന്യം ലഭിക്കണം. സ്ത്രീകൾക്കും രാജ്യഭരണം നിർവഹിക്കാൻ സാധിക്കും. കാരണം യുക്തിയാണ് ഭരണാ ധികാരിക്ക് ഉണ്ടാകേണ്ട പ്രധാനഗുണം. സ്ത്രീകൾക്ക് പുരുഷന്മാർക്കുള്ളത് പോലെ യുക്തിബോധം ഉണ്ടെന്ന് അദ്ദേഹം വിലയിരുത്തുന്നു. ഇതിനായി പുരുഷന്മാർക്ക്

നൽകുന്ന പരിശീലനം സ്ത്രീയ്ക്കും നൽകണം.

സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചും സാമൂഹികമായ തുല്യതയെക്കുറിച്ചും നിഷ്പക്ഷമായ നിലപാടുകളാണ് അദ്ദേഹം നിലനിർത്തിയത്. സ്ത്രീ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പ്രാധാന്യം നൽകാത്ത ഒരു സമൂഹം തന്റെ ഒരു കരം മാത്രം പരിശീലിപ്പിക്കുന്ന വ്യക്തിയെപോലെ അപൂർണ്ണനാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. താൻ ജീവിച്ചിരുന്ന സമൂഹത്തിന്റെ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം ആദർശാത്മക രാഷ്ട്രത്തെക്കുറിച്ചും അതിലെ വ്യവസ്ഥകളെക്കുറിച്ചും പരാമർശിച്ചത്. ഇത്തരം സൂചകങ്ങൾ ആ കാലഘട്ടങ്ങളിൽ സ്ത്രീകൾ നേരിട്ടിരുന്ന സാമൂഹിക അസമത്വങ്ങൾ കൂടി സൂചിപ്പിക്കുന്നവയാണ്.

തത്ത്വചിന്തയുടെ ചരിത്രത്തിൽ പ്ലേറ്റോയ്ക്ക് ശേഷം പ്രാധാന്യമർഹിക്കുന്ന മറ്റൊരു ചിന്തകനായിരുന്നു അരിസ്റ്റോട്ടിൽ ( ബി.സി. 384–322) . തത്ത്വചിന്തയെ ഒരു വിജ്ഞാനശാഖയായി ക്രമപ്പെടുത്തിയത് ഈ ചിന്തകരുടെ കാലഘട്ടമാണ്. ഇവരിലൂടെ ആരംഭിച്ച ക്രമീകരണവും ശാഖാ വിഭജനവും പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെ പാശ്ചാത്യ ചിന്തയിൽ നിലനിന്നിരുന്നു.

അരിസ്റ്റോട്ടിലിന് പ്ലേറ്റോയുടേതിൽ നിന്ന് വിഭിന്നമായ കാഴ്ചപ്പാടുകളാണ് ഉണ്ടായിരുന്നത്. പ്ലേറ്റോ ആശയങ്ങളുടെ ലോകത്തിനാണ് അനശ്വരത കൽപിച്ചിരുന്നെങ്കിൽ അതിനു വിപരീതമായി നൈസർഗിക പ്രകൃതിക്കപ്പുറം നിലനിൽക്കുന്ന ആശയങ്ങളെ അരിസ്റ്റോട്ടിൽ തിരസ്കരിച്ചു . പ്രകൃതിയിൽ മാറ്റങ്ങൾക്ക് ഹേതുവാകുന്ന കാരണങ്ങളെക്കുറിച്ചുള്ള ചിന്തയ്ക്കായിരുന്നു അദ്ദേഹം പ്രാമുഖ്യം നൽകിയത്.

> സ്ത്രീ പ്രായപൂർത്തിയാകാത്ത പുരുഷനാണ്. പ്രജനനകാര്യത്തിൽ സ്ത്രീ അനുത്സാഹിയാണ്. സ്വീകർത്താവാണ്; പുരുഷനാകട്ടെ, ഉത്സാഹിയും. സൃഷ്ട്യുന്മുഖനുമാണ്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ പുരുഷഗുണങ്ങളാണ് കുട്ടിയിലേക്ക് പോകുന്നത് . പുരുഷബീജത്തിൽ കുട്ടിയുടെ എല്ലാ സ്വഭാവബീജങ്ങളും ഉള്ളടങ്ങുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു.

അരിസ്റ്റോട്ടിലിന്റെ സ്ത്രീസംബന്ധമായ നിലപാടുകൾ തികച്ചും ഖേദകരമായിരുന്നു. അദ്ദേഹത്തിന്റെ തത്ത്വചിന്തയുടെ അടിസ്ഥാനം പോലെ തന്നെ നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥകളുടെ നേർക്കാഴ്ചയാകും വിധമായിരുന്നു അദ്ദേഹത്തിന്റെ നിലപാടുകൾ. അദ്ദേഹത്തിന്റെ വീക്ഷണപ്രകാരം സ്ത്രീകൾ അപൂർണ്ണരാണ്. പുരുഷനാകാൻ സാധിക്കാതെപോയ അപൂർണ്ണരാണ് സ്ത്രീകളായി മാറുന്നത്. പുരുഷനായിരിക്കുക എന്നതാണ് ശ്രേഷ്ഠത.

സ്ത്രീ പ്രായപൂർത്തിയാകാത്ത പുരുഷനാണ്. പ്രജനനകാര്യത്തിൽ സ്ത്രീ അനുത്സാഹിയാണ്. സ്വീകർത്താവാണ്; പുരുഷനാകട്ടെ, ഉത്സാഹിയും. സൃഷ്ട്യുന്മുഖനാണ്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ പുരുഷഗുണങ്ങളാണ് കുട്ടിയിലേക്ക് പോകുന്നത് . പുരുഷബീജത്തിൽ കുട്ടിയുടെ എല്ലാ സ്വഭാവബീജങ്ങളും ഉള്ളടങ്ങുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു.

അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ സ്ത്രീകളും കുട്ടികളും അടിമകളും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെടേണ്ടവരാണ്. അവർ സാമൂഹികമായ യാതൊരു അവകാശങ്ങൾക്കും അർഹതയുള്ളവരായി കണക്കാക്കപ്പെട്ടില്ല. ഒരു വ്യക്തി പൂർണ്ണത കൈവരിക്കുന്നത് രാഷ്ട്രവുമായി ചേർന്ന് നിൽക്കുന്നതിലൂടെ മാത്രമാണ്. കുടുംബം എന്നത് പ്രാഥമികമായ ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന ഒരു കേന്ദ്രം മാത്രമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

അരിസ്റ്റോട്ടിലിനെപ്പോലെ അറിവിന്റെ വിവിധമേഖലകളെ സ്വാധീനിച്ച, ശാസ്ത്രത്തിന് നിരവധി സംഭാവനകൾ നൽകിയ ഒരു വ്യക്തിയുടെ ഇത്തരം വീക്ഷണങ്ങൾ ആ കാലഘട്ടത്തിന്റെ നേർക്കാഴ്ചയായിരുന്നു എന്ന് വിശദീകരിക്കപ്പെടുമ്പോഴും ഒരു ദാർശനികൻ എന്ന നിലയിൽ നിലനിൽക്കുന്ന സാമൂഹികക്രമത്തിന്റെ പോരായ്മകൾ മനസ്സിലാക്കി ധാർമ്മികമായ നിലപാടുകൾ സ്വീകരിക്കുന്നതിൽ അദ്ദഹത്തിന് വീഴ്ചപറ്റിയിരുന്നു എന്ന് പറയേണ്ടതായി വരുന്നു.

ക്രിസ്തുവിന് മുൻപ് ജീവിച്ചിരുന്ന പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും ചിന്തകൾ മദ്ധ്യകാലഘട്ടത്തിലും ആധുനിക കാലഘട്ടത്തിലും നിരവധി ദാർശനികരെ സ്വാധീനിച്ച

ഒന്നാണ്. ആദ്യകാലഘട്ടങ്ങളിൽ തത്ത്വചിന്തയിൽ സ്ഥാനം നേടിയ സ്ത്രീപരികൽപനകൾ സാമൂഹിക - രാഷ്ട്രീയ പാശ്ചാത്തലത്തിൽ നിന്ന് ആവിർഭവിച്ചതായിരുന്നെങ്കിൽ പിൽക്കാലത്ത് അത് ജീവശാസ്ത്രപരമായ വ്യത്യാസങ്ങൾക്ക് അതീതമായ സ്ത്രീത്വം എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അത്തരം ചിന്തകരിൽ പ്രാധാന്യം അർഹിക്കുന്ന ഒരാളാണ് ഫ്രഞ്ച് തത്ത്വചിന്തകനായ ഇമ്മാനുവൽ ലെവിനാസ് ( 1906–1994). അദ്ദേഹം പ്രതിഭാസവിജ്ഞാനീയത്തെ പിൻതുടർന്ന് തത്ത്വശാസ്ത്രപഠനം ആരംഭിച്ച വ്യക്തിയായിരുന്നു. ലെവിനാസിന്റെ അഭിപ്രായത്തിൽ ദാർശനികതയുടെ ചരിത്രം എന്നത് അറിവിനെ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. എന്നാൽ മനുഷ്യന്റെ ഏറ്റവും അടിസ്ഥാനപരമായ ആഗ്രഹം അറിവ് നേടുക എന്നുള്ളതല്ല. മറിച്ച് അപരനോടുള്ള ആഗ്രഹത്തിൽ നിന്നാണ് എല്ലാ അറിവിന്റെ അന്വേഷണങ്ങളും ആരംഭിക്കുന്നത്.

തത്ത്വശാസ്ത്രത്തിന്റെ ചരിത്രം മുഴുവൻ 'അഹം' കേന്ദ്രീകൃതമായ ഒരു അന്വേഷണമാണ്, ഈ രീതിയിൽ നിന്ന് വിഭിന്നമായി 'അപര' കേന്ദ്രീകൃതമായ ചിന്താധാരയ്ക്കാണ് ലെവിനാസ് ഊന്നൽ നൽകിയത്. അപരനിലൂടെയാണ് ഒരു വ്യക്തി തന്റെ ആത്മകേന്ദ്രീകൃതമായ ചിന്തയുടെ അതിരുകൾ ഭേദിക്കുന്നത്. അത്തരം ഒരു സന്ദർഭത്തിൽ മാത്രമാണ് വ്യക്തിക്ക് മുന്നിൽ അപാരതയുടെ വാതിലുകൾ തുറക്കപ്പെടുന്നത്.

ഏതൊരു വ്യക്തിയും തന്റെ സാമൂഹികവും ധാർമ്മികവുമായ ഉത്തരവാദിത്വങ്ങൾക്കും ധർമ്മങ്ങൾക്കും അപ്പുറം അപരനോടുള്ള ഉപാധികളില്ലാത്ത ഉത്തരവാദിത്വബോധത്തിനാണ് ലെവിനാസിന്റെ ധാർമ്മിക ചിന്ത പ്രാധാന്യം നൽകുന്നത്. ഇത്തരം ഉത്തരവാദിത്വത്തിന് മാതൃത്വമാണ് ഏറ്റവും നല്ല ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. മാതൃത്വം എന്നത് അമ്മയ്ക്ക് കുഞ്ഞിനോടുള്ള ഉപാധികൾക്ക് അതീതമായ ഉത്തരവാദിത്വത്തെ പ്രതിനിധാനം ചെയ്യുന്നു. ഇത് തികച്ചും നിസ്വാർത്ഥമായ സ്നേഹത്തിൽ നിന്ന് ആരംഭിക്കുന്നതാണ്. അത്തരം ഉത്തരവാദിത്വമാണ് അപരനോട് കാണിക്കേണ്ടത് എന്നാണ് ലെവിനാസിന്റെ പക്ഷം.

'അഹം' കേന്ദ്രീകൃതമായ ചിന്ത എന്നത് എല്ലാറ്റിനെയും കീഴടക്കുവാനും അതിനെ ബോധമണ്ഡലത്തിലേക്ക് ചുരുക്കാനുമുള്ള വാസനയെ സൂചിപ്പിക്കുന്നു.എന്നാൽ അപരകേന്ദ്രീകൃതമായ ചിന്തയുടെ ഭാവം സ്ത്രീത്വത്തിന്റെതാണ്.ഒന്നിനേയും ബോധമണ്ഡലത്തിന്റെ പരിധിയിലേക്ക് ചുരുക്കാൻ ശ്രമിക്കാത്ത എല്ലാത്തിനെയും അതിന്റെ ആയിരിക്കുന്ന തലത്തിൽ സ്വീകരിക്കുകയും ചെയ്യുന്ന സ്ത്രീത്വഭാവവുമാണ് ലെവിനാസ് താരതമ്യപ്പെടുത്തുന്നത്.

മനുഷ്യവംശത്തെ സ്ത്രീയെന്നും, പുരുഷനെന്നും വിഭജിക്കുന്നത് മനുഷ്യനിർമ്മിതിയാണ്. യഥാർത്ഥത്തിൽ എല്ലാ മനുഷ്യരിലും ദ്വിലിംഗങ്ങളും അടങ്ങിയിരിക്കുന്നു. എന്നാൽ സ്ത്രീ-പുരുഷ വിഭജനം യുക്തിയുടെ വിഭജനമാണ്. അത് വീണ്ടും യോജിപ്പിക്കാൻ പറ്റാത്തവിധം വികാസം പ്രാപിച്ച ഒന്നായി തീർന്നിരിക്കുന്നു.


Bibliography

1. Levinas, Emmanuel, Ethics AndInfinity,Duquesne University Press, Pittsburgh, 1982.
2. Levinas, Emmanuel, Otherwise than Being or Beyond Essence, Kluwer Academic Publishers, Netherlands, 1991.
3. Levinas, Emmanuel, Time and the other, Duquesne University Press, Pittsburgh,1987.
4. Plato, Symposium, (Ed. M.C. Howatson), Cambridge University Pres, 2008 .


## റെയിൽവേ ടിക്കറ്റ് റിസർവേഷന് സ്ത്രീകൾക്ക് പ്രത്യേക കൗണ്ടർ

റെയിൽവേസ്റ്റേഷനിൽ ടിക്കറ്റ് റിസർവേഷന് സ്ത്രീകൾക്ക് പ്രത്യേക കൗണ്ടർ അനുവദിക്കാൻ തീരുമാനമായി. ശരാശരി നൂറ്റിരുപത് സ്ത്രീകളെങ്കിലും ടിക്കറ്റ് റിസർവ്വ് ചെയ്യുന്ന സ്റ്റേഷനുകളിലാണ് കൗണ്ടർ തുറക്കുക. സ്ത്രീകൾക്കായി പ്രത്യേകമായി വരി അനുവദിച്ചിട്ടുള്ള കാര്യം ടിക്കറ്റ് കൗണ്ടറിനു മുന്നിൽ പ്രദർശിപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ ക്യൂവിൽ തിരക്കുള്ളപ്പോൾ വനിതായാത്രക്കാർ ജനറൽ ക്യൂവിൽ നിൽക്കുകയാണെങ്കിൽ അവരോട് സ്ത്രീകളുടെ വരിയിൽ നിൽക്കാൻ നിർബന്ധിക്കരുതെന്നും നിർബന്ധമുണ്ട്.

കടപ്പാട് : മാതൃഭൂമി



സെറീന



# മതം എന്ന മൃഗ ശിക്ഷകൻ

സർക്കസിൽ പരിശീലിപ്പിക്കപ്പെട്ട മൃഗങ്ങളുടെ പ്രകടനങ്ങൾ കണ്ടിട്ടില്ലേ അവിടെ ആന നൃത്തം ചെയ്യുകയും കരടി പന്ത് തട്ടുകയും പുലി അനുസരണയോടെ വളയത്തിന് അപ്പുറമിപ്പുറം ചാടുകയും ചെയ്യും .. ജന്മ വാസനകളെ മറന്നു പോയവരെന്ന പോലെ അവർ ജീവിതത്തിനു മേൽ പ്രകടനങ്ങൾ നടത്തും , കൈയ്യടി നേടും . താനെന്താണോ / ആയിരുന്നോ അതിനെ വിസ്മരിച്ച് കൈയ്യടി നേടാൻ മികച്ച പ്രകടനം നടത്താൻ വിധിക്കപ്പെട്ട ഒരു വിഭാഗം കൂടിയുണ്ട് , അവരാണ് സ്ത്രീകൾ . ഇങ്ങനെ നേടുന്ന കൈയ്യടികളാണ് അവർ നല്ല പെണ്ണുങ്ങളാണെന്നതിന്റെ സാക്ഷ്യപത്രം . തോളിൽ

തട്ടിയും കൈയ്യടിച്ചും സമൂഹം നല്ല പെണ്ണുങ്ങളെ വാർത്തെടുക്കുന്നു .അപ്പോഴും അവരുടെ തലയ്ക്കു മുകളിൽ അദൃശ്യമായൊരു ചാട്ടവാർ സദാ മൂളിക്കൊണ്ടിരിക്കുന്നു .. അരൂപിയായൊരു പരിശീലകൻ അവന്റെ ചോരക്കണ്ണുകൾ കൊണ്ട് ആജ്ഞകൾ പുറപ്പെടുവിക്കുന്നു . ഇതൊന്നു വെളിപ്പെണമെങ്കിൽ ഒന്ന് കുതറിയാൽ മാത്രം മതി . വേറിട്ടൊരു സ്വരം കേൾപ്പിച്ചാൽ മതി. എവിടെയെല്ലാം പെണ്ണൊച്ചകൾ വേറിട്ട് കേട്ടിട്ടുണ്ടോ അവിടെയെല്ലാം ഈ ചാട്ടവാർ ഉയർന്നിട്ടുമുണ്ട് .

ഇവിടെയാണ് മതം എന്ന മൂർച്ചയുള്ള ആയുധം പ്രത്യക്ഷപ്പെടുന്നത് . സ്ത്രീയെ ചട്ടം പഠിപ്പിക്കുവാൻ സമൂഹം കയ്യിലേന്തുന്ന ചൂരൽ വടിയാണ് പലപ്പോഴും മതം . അതുകൊണ്ടു തന്നെ പലപ്പോഴും മതമാണോ സമൂഹമാണോ എന്ന് വേർതിരിച്ചറിയാൻ പറ്റാത്തവിധം ഇഴ ചേർന്നതാണ് സമൂഹത്തിന്റെയും മതത്തിന്റെയും അധികാര പരിസരങ്ങൾ . ഒരു പെൺകുട്ടി ജനിയ്ക്കുമ്പോൾ മുതൽ മരണം വരെ മതവും സമൂഹവും പരസ്പര പൂരകങ്ങളായി ഇരുപുറത്തും നിന്ന് കൊണ്ട് അവളോട് അടങ്ങാനും ഒതുങ്ങാനും പറഞ്ഞു കൊണ്ടിരിക്കുന്നു . അച്ചടക്കത്തിന്റെ നിയമാവലി മതം നൽകുന്നു . സമൂഹം , എവിടെയാണ് അവളത് തെറ്റിയ്ക്കുന്നത് എന്ന് ജാഗ്രതയോടെ കാവൽ നിൽക്കുന്നു . അത് കൊണ്ടാണ് രാത്രിയിൽ യാത്ര ചെയ്തവൾ പീഡിപ്പിക്കപ്പെട്ട് കൊല്ലപ്പെടുമ്പോൾ , മറ്റെല്ലാത്തിനും മീതേ എല്ലാ മാനുഷികതകൾക്കും അപ്പുറം അവളെവിടെ പോയി, എന്തിന്



പോയി ഈ രാത്രിയിൽ എന്ന ചോദ്യം മാത്രം അവശേഷിക്കപ്പെടുന്നത്. വ്യക്തിയുടെ ജീവിതത്തിലേയ്ക്ക് സമൂഹത്തിനും മതത്തിനും ദൈവങ്ങൾക്കുമെല്ലാം കടന്നു കയറാനും കസേരയിട്ടിരിക്കാനുമുള്ള വഴികൾ തുറന്നിട്ട് കൊണ്ടാണ് ഓരോ മനുഷ്യ ജീവിതവും രൂപപ്പെട്ടിരിക്കുന്നത്. സ്ത്രീയുടെ ജീവിതത്തിൽ ഇത്തരം കടന്നു വരവുകൾക്കായി കൂടുതൽ ഇടം കയ്യേറപ്പെടുന്നു , കുടുംബം, സമൂഹം, മതം ഇവയുടെയെല്ലാം അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ടുള്ളതാണ് ഈ കയ്യേറ്റങ്ങൾ. ഉയർന്ന വിദ്യാഭ്യാസവും സാമ്പത്തിക സ്വാതന്ത്ര്യവുമൊക്കെ സ്ത്രീകൾ നേടിയെടുത്തു എന്ന് അഭിമാനിയ്ക്കാവുന്ന ഈ കാലത്തും മതം സ്ത്രീയുടെ മേൽ പുലർത്തുന്ന അധികാരങ്ങൾ കുറയുന്നില്ല. മാത്രമല്ല പഴയതിനേക്കാൾ കൂടുതൽ ദൃഢമാവുകയാണ് എന്ന് വേണം കരുതാൻ . അവളുടെ ലോകം കൂടുതൽ വലുതാവുകയാണ് അപ്പോൾ കൂടുതൽ ബലമുള്ളൊരു മൂക്കുകയർ എന്നാണ് .. സ്ത്രീയുടെ ലോകത്തെക്കുറിച്ചും അവൾക്ക് എത്താവുന്ന ഉയരത്തെക്കുറിച്ചും ഇന്ന് ലോകത്തിന് ബോധ്യമുണ്ട് .. തെങ്ങിൽക്കേറാമോ ബസ്സോടിയ്ക്കാമോ തുടങ്ങിയ മണ്ടൻ ചോദ്യങ്ങളെ ഗൗനിയ്ക്കാതെ അവൾ കയറിപ്പോയ ഉയരങ്ങൾ മതങ്ങൾക്ക് മനസ്സിലാവുന്നതായിരുന്നില്ല . അത് കൊണ്ടു തന്നെ പണ്ടെന്നതിനേക്കാൾ എത്രയോ അധികം നിരീക്ഷണത്തിലാണ് ഇന്ന് സ്ത്രീകൾ . ശാരീരികമായിട്ടാണെങ്കിലും മാനസികമായിട്ടാണെങ്കിലും കൂട്ടമായി ആക്രമിയ്ക്കപ്പെടുന്നതിന്റെ ഇരയായി സ്ത്രീകൾ മാറിയത് ലോകം എല്ലാ വിധത്തിലും പുരോഗതിയിലേക്ക് സഞ്ചരിക്കുന്ന ഈ കാലത്താണ്. സത്യത്തിൽ സ്ത്രീയുടെ സ്വാതന്ത്ര്യത്തെ ഭയമാണ് ലോകത്തിന് . ആ ഭയത്തെ മറികടക്കാനുള്ള വഴിയാണ് താഴെ വീണാൽ



പൊട്ടിപ്പോകും എന്ന മട്ടിലുള്ള കൊണ്ടു നടപ്പ് . അതല്ലെങ്കിൽ മനുഷ്യനേ അല്ലെന്ന മട്ടിലുള്ള അവഗണിക്കൽ. ഇതിന് രണ്ടിനുമിടയിൽ അവൾക്ക് ഒരു ജീവിതം മതം കൽപ്പിയ്ക്കുന്നില്ല . ഇതിനു വിരുദ്ധമായി എഴുതി വെച്ചതോ അനുശാസിക്കപ്പെട്ടതോ ആയ കാര്യങ്ങൾ ഒരുപക്ഷേ കണ്ടേക്കാം. പക്ഷെ പ്രായോഗിക തലത്തിൽ എല്ലായിടത്തും സ്ത്രീക്ക് രണ്ടാം തരം പൗരത്വം തന്നെയാണ് .

മതങ്ങൾ പൊതുവെ പറയാറുള്ള നന്മയുടെയും കാരുണ്യത്തിന്റെയുമൊക്കെ പ്രഭാവലയങ്ങൾ അസ്തമിച്ചു പോകുന്നത് ഇവിടെയാണ് . പുരുഷാധിപത്യപരമായ ഒരു സമൂഹത്തിൽ പുരുഷനും സ്ത്രീയ്ക്കും രണ്ടു തരം നീതി നടപ്പാക്കിക്കൊണ്ട് മതവും പുരുഷ നിർമ്മിതമായ മതത്തിന്റെ ശാസനകളെ നടപ്പിലാക്കികൊണ്ട് സമൂഹവും കൈകോർത്തു പിടിയ്ക്കുന്നു . ഒന്നുകിൽ അമൂല്യ വസ്തുവായി വിശേഷിപ്പിച്ച് പൂട്ടി വെയ്ക്കുക , അല്ലെങ്കിൽ സഹനത്തിന്റെയും ക്ഷമയുടെയും മൂർത്തിയാക്കി പ്രതിഷ്ഠിച്ച് അനങ്ങാതാക്കുക ഇതാണ് നയം .

ശാരീരികവും മാനസികവും സാമ്പത്തികവുമായി അനുഭവിക്കുന്ന മുഴുവൻ ചൂഷണങ്ങൾക്കും എതിരെ നിശബ്ദയാക്കുന്ന തരത്തിലാണ് മതത്തിൽ സ്ത്രീയെ ചിത്രീകരിച്ചിരിക്കുന്നത് . കുടുംബം ഭദ്രമാക്കി കൊണ്ടു നടക്കേണ്ടത് സ്ത്രീയാണ് , കുടുംബത്തിന്റെ വിളക്ക് . നിശബ്ദമായ സഹനങ്ങൾ കൊണ്ട് അവളെ തളച്ചിടാൻ ഈയൊരൊറ്റ കെണി മാത്രം മതി . സമൂഹത്തെ ധിക്കരിക്കുന്നവൾ മതത്തെയും അതിലൂടെ ദൈവത്തെയും ധിക്കരിക്കുന്നവളാണ്. അവളുടെ സ്ഥാനം പടിക്ക് പുറത്ത് .. അതായത് പ്രതിഷ്ഠയായും നല്ല പെണ്ണായും മുദ്രകുത്തി ഒതുക്കി നിർത്താൻ നോക്കും .. എന്നിട്ടും ഒച്ച പൊങ്ങുന്നുവെങ്കിൽ പിഴച്ചവളെന്നു എഴുതി

ശാരീരികവും മാനസികവും സാമ്പത്തികവുമായി അനുഭവിക്കുന്ന മുഴുവൻ ചൂഷണങ്ങൾക്കും എതിരെ നിശബ്ദയാക്കുന്ന തരത്തിലാണ് മതത്തിൽ സ്ത്രീയെ ചിത്രീകരിച്ചിരിക്കുന്നത് . കുടുംബം ഭദ്രമാക്കി കൊണ്ടു നടക്കേണ്ടത് സ്ത്രീയാണ് , കുടുംബത്തിന്റെ വിളക്ക് . നിശബ്ദമായ സഹനങ്ങൾ കൊണ്ട് അവളെ തളച്ചിടാൻ ഈയൊരൊറ്റ കെണി മാത്രം മതി . സമൂഹത്തെ ധിക്കരിക്കുന്നവൾ മതത്തെയും അതിലൂടെ ദൈവത്തെയും ധിക്കരിക്കുന്നവളാണ്.

തള്ളുന്നു . കടിയ്ക്കുന്ന പട്ടിയ്ക്ക് എല്ലിൻ കഷ്ണം കൊടുത്തു നോക്കും.. രക്ഷയില്ലെന്നു കണ്ടാൽ പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലും .. ദേവിയും നല്ല പെണ്ണും കുടുംബത്തിൽ പിറന്നവളും അല്ലെങ്കിൽ പിന്നെ പിഴച്ചവളാണ് . അതല്ലാതെ യാത്ര ചെയ്യാനും രാഷ്ട്രീയം പറയാനും ഇഷ്ടമുള്ള ഉടുപ്പിടാനും അവനവന്റെ ജീവിതം ജീവിക്കാനും സ്വാതന്ത്ര്യമുള്ള മനുഷ്യൻ എന്ന ഗണത്തിലെവിടെയും സ്ത്രീ എന്ന പേരില്ല . ഒരു മതവും അങ്ങനെ പറയുന്നില്ല . ഔദാര്യവും ആനുകൂല്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളത് . അല്ലെങ്കിൽ അനക്കമറ്റ ആരാധനാ ബിംബം .

വ്യക്തിയുടെ സ്വകാര്യ ജീവിതത്തിൽ കുടുംബ സാഹചര്യങ്ങൾക്കും ബന്ധങ്ങൾക്കും വ്യക്തികൾക്കും ഒക്കെ അനുസൃതമായി മതത്തിന്റെ ഇടപെടലുകൾ വിഭിന്നമായിരിക്കാം . എന്നാൽ പൊതു ജീവിതത്തിൽ മതം ഇടപെടുമ്പോൾ ആണിനും പെണ്ണിനും രണ്ടു തരം നീതി എന്നത് വളരെ പ്രകടമാണ് . ഈയടുത്ത കാലത്തായി നമ്മൾ കണ്ടതാണ് സോഷ്യൽ മീഡിയയിൽ മുസ്ലിം പെൺകുട്ടികളായ നടിമാരുടെ ഫെയ്സ്ബുക് പേജുകളിൽ നടന്ന തെറിവിളികളും മതം പഠിപ്പിക്കലും . വ്യക്തി ജീവിതത്തിലെ അച്ചടക്കവും ആൺ പെൺ ബന്ധങ്ങളിൽ പാലിയ്ക്കേണ്ടുന്ന മതാധിഷ്ഠിത നിയമങ്ങളും നിബന്ധനകളുമൊന്നും മുസ്ലിം നടന്മാർ പാലിയ്ക്കാത്തതിൽ ആർക്കും പരാതിയില്ല .. അവർക്ക് എങ്ങനെയും , ഏത് രൂപത്തിലും സമൂഹത്തിൽ പ്രത്യക്ഷപ്പെടാം . അയാൾ താരാരാധനയ്ക്ക് അർഹനാണ് ..അയാൾക്കൊപ്പമാണെങ്കിൽ പോലും അയാളുടെ ഭാര്യ എങ്ങനെ പ്രത്യക്ഷപ്പെടണമെന്ന് മത സമൂഹം തീരുമാനിയ്ക്കും.. തീരുമാനിയ്ക്കാൻ പറ്റിയില്ലെങ്കിൽ തെറി വിളിക്കും ..നരകത്തിൽ പോകുമെന്ന് ശപിയ്ക്കും.

കടുത്ത പാപബോധത്തിന്റെ അക്ഷരമാലകളിലൂടെയാണ് പലപ്പോഴും പുരോഹിത മതങ്ങളെ വായിച്ചെടുക്കാനാവുക. ഈ പാപബോധത്തിന്റെ ആദ്യത്തെ ഇര പെണ്ണ് തന്നെയാണ് . തെറ്റിയ്ക്കുവാനുള്ള നിയമാവലികൾ അവൾക്ക് മുന്നിലാണ് കൂടുതൽ അക്കമിട്ട് നിരത്തപ്പെട്ടിട്ടുള്ളത്. മിണ്ടുന്നതും ചിരിയ്ക്കുന്നതും അണിയുന്നതും കാണുന്നതുമൊക്കെ പാപത്തിന്റെ പട്ടികയിൽ ഇടം പിടിയ്ക്കുമ്പോൾ മനുഷ്യന്റെ കേവലമായ സ്വാതന്ത്ര്യങ്ങളും സന്തോഷങ്ങളുമാണ് നിഷേധിക്കപ്പെടുന്നത്. ഭാവശുദ്ധിയുടെ അടയാളങ്ങൾ പേറി ചട്ടങ്ങൾ പാലിച്ചു കൈയ്യടി നേടി ജീവിതം തീർന്നു പോയ അനേകം അമ്മമാരുടെ ജീവിക്കാതെ പോയ ജീവിതത്തിന്റെ കടം വീടുന്നത് പോലെ ഇന്ന് ആശാവഹമായി മാറ്റത്തിന്റെ ഒച്ചകൾ മുഴങ്ങുന്നുണ്ട് . ആണും പെണ്ണും നല്ല കൂട്ടുകാരായി നല്ല ജീവിതം പങ്കിട്ട്, മക്കളെ നല്ല മനുഷ്യരായി വളരാൻ വിട്ട് ജീവിതത്തെയും ലോകത്തെയും പ്രതീക്ഷാനിർഭരമാക്കുന്ന ഒരു സമൂഹം ഉണ്ടായിക്കൊണ്ടിരിക്കുന്നു .

സ്നേഹത്തെക്കാൾ ബലമുള്ള മറ്റൊരു അച്ചുതണ്ടുമില്ല ബന്ധങ്ങളുടെ



ഭൂമിയിൽ ജീവിതത്തിന്റെ രാപകലുകളെ വിരിയിക്കുവാനെന്ന് കാലം പറയാൻ തുടങ്ങിയിരിക്കുന്നു. ഒറ്റ കൂവൽ കൊണ്ട് ഒരു പെൺകുട്ടി ഒരു അടയാളം തീർക്കുന്നതിന്റെ അഭിമാനം ലോകമറിയാൻ തുടങ്ങിയിരിക്കുന്നു . സ്വയം തിരിച്ചറിയുകയും ആ തിരിച്ചറിവിനെ സ്നേഹിക്കുകയുമാണ് വേണ്ടതെന്ന് പറയാനൊരുങ്ങുമ്പോൾ ഓർമ്മയിൽ തെളിയുന്ന ഒരു സച്ചിദാനന്ദൻ കവിതയുണ്ട് . ഓർമ്മയിൽ കാടുള്ള മൃഗം എളുപ്പം മെരുങ്ങുകയില്ല . ഒടുവിൽ 'എന്റെ ഓർമ്മയിൽ കാടുകളുണ്ട്' എന്നാണ് കവിത അവസാനിക്കുന്നത് . തീവളയങ്ങളും ഇലച്ചന്തം കൊണ്ടു മൂടിയ വാരിക്കുഴികളും മാത്രമാണ് കാത്തിരിക്കുന്നതെന്ന ഉറപ്പിൽ ഒരു വേനലിനും കൊടുക്കാതെസൂക്ഷിച്ചു വെയ്ക്കാം നമുക്ക് ഉള്ളിലെ കാടുകളെ. ○

**മൂന്നാർ സമരത്തിന്റെ മുദ്രാവാക്യങ്ങൾ**

പണിയെടുപ്പത് നാങ്കള്
കൊള്ളയടിപ്പത് നീങ്കള്
കൊളുന്തുകുട്ടയെടുപ്പത് നാങ്കള്
പണക്കുട്ടയമുക്കത് നീങ്കള്
പൊട്ടലയങ്കൾ നാങ്കൾക്ക്
എ സി ബംഗ്ലാ ഉങ്കൾക്ക്
കുട്ടത്തൊപ്പി നാങ്കൾക്ക്
കോട്ടും സൂട്ടും ഉങ്കൾക്ക്
ചിക്കൻ ദോശ ഉങ്കൾക്ക്
കാടിക്കഞ്ഞി നാങ്കൾക്ക്
പണിയെടുക്കുവത് നാങ്കള്
പണം കൊയ്യുവത് നീങ്കള്
പോരാടുവോം പോരാടുവോം
തൊഴിലാളി ഐക്യം സിന്ദാബാദ്
പെൺപിളൈ ഒരുമൈ സിന്ദാബാദ്



# സമരചരിത്രത്തിലെ പുതിയ ദിശാബോധം

സാറാ ജോസഫ്

**കേ**രളത്തിലെ തോട്ടം മേഖലകളിൽ കാട്ടുതീ പോലെ പടർന്നു പിടിക്കുന്ന സ്ത്രീത്തൊഴിലാളികളുടെ സമരം കേരളത്തിന്റെ സമരചരിത്രത്തിന് പുതിയൊരു വഴിത്തിരിവ് ഉണ്ടാക്കിയിരിക്കുകയാണ്. ട്രേഡ് യൂണിയൻ നേതൃത്വങ്ങളുടെയോ രാഷ്ട്രീയനേതൃത്വങ്ങളുടേയോ പിന്തുണയില്ലാതെയും കൃത്യമായ ഒരു നേതാവ് പോലും ഇല്ലാതെയും മൂന്നാറിലെ സ്ത്രീത്തൊഴിലാളികൾ നടത്തിയ ഐതിഹാസികമായ സമരവിജയം കേരളത്തിലെ വരാനിരിക്കുന്ന സമരരീതികളുടെ ദിശാസൂചകം കൂടി ആവുകയാണ്. ഇനിയും ട്രേഡ്യൂണിയൻ നേതൃത്വങ്ങൾക്ക് തങ്ങളെ വഞ്ചിക്കാൻ ആവില്ലെന്ന ഉറച്ച പ്രഖ്യാപനം കൂടി ഈ സമരത്തിലുണ്ട്.

സ്ത്രീകൾ വിജയിപ്പിച്ച സമരങ്ങൾക്കാണ് സമീപകാല ഇന്ത്യയിൽ ഏറെയും നമ്മൾ ദൃക്സാക്ഷികളായിക്കൊണ്ടിരിക്കുന്നത്. നർമ്മദാ ബചാവോ ആന്തോളൻ മൂവ്മെന്റിലൂടെ, മേധാപട്ക്കറുടെ നേതൃത്വത്തിൽ നടന്ന സമരമാണ് വികസനത്തിന്റെ പേരിൽ മണ്ണും വീടും കൃഷിയിടവും ഉപജീവനവും നഷ്ടപ്പെട്ട് ഓടിപ്പോവേണ്ടിവരുന്ന മനുഷ്യരുടെ മാത്രമല്ല, നിഹനിക്കപ്പെടുന്ന പരിസ്ഥിതിയുടെ കൂടി പക്ഷത്തുനിൽക്കാൻ ഇന്ത്യൻ പൊതുബോധത്തെ ഉണർത്തിയത്. ഈ സാമൂഹ്യാവബോധത്തിന്റെ

തുടർചലനങ്ങളാണ് ശരാശരി ഇന്ത്യക്കാരുടെ വികസന നിലപാടുകളെ ഇപ്പോഴും സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്, രൂപപ്പെടുത്തുന്നത്.

കൊക്കൊകോള എന്ന ജലചൂഷകഭീമന്റെ നേർക്ക് വിരൽചൂണ്ടി, കമ്പനി അടച്ചുപൂട്ടി സ്ഥലം വിടാൻ ആജ്ഞാപിച്ച സമരത്തിന്റെ നേതൃത്വത്തിൽ മയിലമ്മയും കുറേ ആദിവാസിസ്ത്രീകളുമായിരുന്നു. ലോകത്തിന്റെ മുഴുവൻ ശ്രദ്ധപിടിച്ചുപറ്റിയ സമരമാണ് പ്ലാച്ചിമടയിലെ കൊക്കൊകോള കമ്പനിക്കെതിരായ സമരം. അരിയടുപ്പത്തിട്ടാൽ വേവുന്നില്ലല്ലോ എന്ന വേവലാതിയിൽ നിന്നാണ്, അടുക്കളയിൽ നിന്നാണ് സ്ത്രീകളുടെ ആ സമരം രൂപം കൊള്ളുന്നത്.

വെള്ളമൂറ്റിയെടുത്ത് വരണ്ടുപോയ ഭൂഗർഭ അറകളിൽ മാരകമായ ആഴ്സനിക് പോയ്സൺ നിറയുന്ന അവസ്ഥവരെയും എത്തിച്ച ജലചൂഷണമാണ് പ്ലാച്ചിമടയിൽ കൊക്കൊക്കോള കമ്പനി നടത്തിയത്. ആ കമ്പനി അടച്ചുപൂട്ടിക്കാൻ അനേകകാലം നീണ്ടുനിന്ന സഹനസമരമാണ് ആദിവാസിസ്ത്രീകളുടെ മുൻകൈയ്യിൽ നടന്നത്.

ആദിവാസികൾ അനുഭവിക്കുന്ന ദുരിതജീവിതവും ആദിവാസികളോട് സർക്കാറിനുള്ള നിഷേധാത്മകമനോഭാവവും പൊതുസമൂഹത്തെ പൊള്ളിച്ചുണർത്തിയ അനുഭവമാണ് മുത്തങ്ങ വെടിവെപ്പിൽ ഉണ്ടായത്. 'ആദിവാസി ഗോത്രമഹാസഭ'യുടെ കുടിൽകെട്ടി സമരങ്ങൾ ചുരമിറങ്ങി എത്ര തവണയാണ് സെക്രട്ടറിയേറ്റ് പടിക്കൽ ചെന്നത്. സി.കെ.ജാനുവിന്റെ ജീവിതവും പോരാട്ടവുമായി ഇഴചേർന്നുകിടക്കുകയാണ് ഗോത്രമഹാസഭയുടെ ചരിത്രം. ഒന്ന് ഒന്നിൽ നിന്ന് ഭിന്നമല്ലാതെ. ഭൂരഹിതരായ ആദിവാസികൾക്കുവേണ്ടി ഏറ്റവുമൊടുവിൽ നടത്തിയ ഐതിഹാസികമായ നിൽപ്പുസമരം, അക്ഷരാർത്ഥത്തിൽ സർക്കാരിനെക്കൊണ്ട് അടിയറവു പറയിപ്പിച്ചു. ഓരോ കാലടിയിലും അഗ്നിപുഷ്പങ്ങൾ വിരിഞ്ഞ സമരമായിരുന്നു അത്.

> കേരളത്തിലെ ഭൂസമരങ്ങളുടെ നേതൃത്വത്തിൽ,
> മത്സ്യത്തൊഴിലാളിസമരങ്ങളുടെ നേതൃനിരയിൽ
> ഒക്കെ സലീനപ്രക്കാനത്തേയും
> മാഗ്ലിൻ പീറ്ററേയും പോലുള്ള
> സ്ത്രീപോരാളികളുണ്ട്. അവരുടെ തളരാത്ത
> പോരാട്ടങ്ങളാണ്, ലക്ഷക്കണക്കായ അടിസ്ഥാനജ
> നവിഭാഗത്തിന്
> ജീവിക്കാനും നിലനിൽക്കാനും
> പ്രതീക്ഷനൽകിക്കൊണ്ടിരിക്കുന്നത്.

കേരളത്തിലെ ഭൂസമരങ്ങളുടെ നേതൃത്വത്തിൽ, മത്സ്യത്തൊഴിലാളിസമരങ്ങളുടെ നേതൃനിരയിൽ ഒക്കെ സലീനപ്രക്കാനത്തേയും മാഗ്ലിൻ പീറ്ററേയും പോലുള്ള സ്ത്രീപോരാളികളുണ്ട്. അവരുടെ തളരാത്ത പോരാട്ടങ്ങളാണ്, ലക്ഷക്കണക്കായ അടിസ്ഥാനജനവിഭാഗത്തിന് ജീവിക്കാനും നിലനിൽക്കാനും പ്രതീക്ഷനൽകിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി മുല്ലപ്പൂവിപ്ലവം പോലെ പൊട്ടിപ്പുറപ്പെട്ട വിപ്ലവമാണ് നഴ്സുമാരുടെ സമരം. ഡൽഹി മുതൽ തിരുവനന്തപുരം വരെ നിലയ്ക്കാത്ത അലയൊലികളുണ്ടായി. സ്വകാര്യ ആശുപത്രികളിൽ ഏറ്റവും ഹീനമായ തൊഴിൽചൂഷണത്തിന് നിശ്ശബ്ദം കീഴടങ്ങിക്കൊണ്ടിരുന്ന നഴ്സുമാരുടെ നിവർത്തികേടിൽ നിന്നുള്ള പൊട്ടിത്തെറിയായിരുന്നു ആ സമരം. അസംഘടിതമേഖല എന്ന നിലയിൽ മനുഷ്യത്വരഹിതമായ ചൂഷണങ്ങൾക്കാണ് നഴ്സുമാർ ഇരകളായിക്കൊണ്ടിരിക്കുന്നത്. സർക്കാരിന് ആ സമരം കൈകാര്യം ചെയ്യുന്നതിൽ പാളിച്ചകൾ പറ്റിക്കൊണ്ടിരുന്നു. എങ്കിലും തൊഴിലുടമകൾ എന്ന നിലയിൽ സ്വകാര്യ ആശുപത്രികൾക്ക് വിട്ടുവീഴ്ചകൾ ചെയ്യാതെ മുന്നോട്ട് പോവാനാവില്ലെന്ന അവസ്ഥ സൃഷ്ടിക്കപ്പെട്ടു. നഴ്സുമാർക്ക് ഒരു സംഘടിതരൂപമുണ്ടായി എങ്കിലും ഇപ്പോഴും അവരുടെ അവകാശങ്ങൾ സാധിക്കപ്പെട്ടു കിട്ടിയിട്ടില്ല.

ലോകത്തൊരിടത്തും നടന്നിരിക്കാനിടയില്ലാത്ത സ്ത്രീമുന്നേറ്റവും സമരവുമാണ് കോഴിക്കോട്ടെ മിഠായിത്തെരുവിനെ ഇളക്കിമറിച്ചത്. മൂത്രമൊഴിക്കാനുള്ള സൗകര്യത്തിന് വേണ്ടി സ്ത്രീകൾ തെരുവിലിറങ്ങുന്നത് അന്നോളം കേരളത്തിൽ സംഭവിച്ചിട്ടില്ല. അസംഘടിതമേഖലയിൽ സെയിൽസ്ഗേൾസ് എന്ന വിഭാഗം അനുഭവിക്കുന്ന നരകയാതനകൾ പുറത്തുകൊണ്ടുവരുന്നതിന് മിഠായിത്തെരുവിലെ ഈ സമരം കാരണമായി. ഇരിക്കാനുള്ള അവകാശത്തിനുവേണ്ടി തൃശ്ശൂർ കല്യാൺസാരീസിനു മുന്നിൽ

> സ്ത്രീകൾ സമരത്തിനിറങ്ങുന്നത്, ഏറ്റവും ഒടുവിലായിരിക്കും. സഹനത്തിന്റെ നെല്ലിപ്പലകയും കടന്നുകഴിഞ്ഞാൽ അടിയുറച്ച തീരുമാനത്തോടെ അവർ അടുക്കളയിലും വീടിന്റെ അകത്തളങ്ങളിലും നിന്ന് ഇറങ്ങിവരും. നിലനിൽക്കുന്ന പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും പരാജയപ്പെട്ടിടത്തുനിന്ന് ജീവിക്കാനും നിലനിൽക്കാനുമുള്ള അവകാശത്തിനുവേണ്ടി ജീവന്മരണപോരാട്ടം എന്നതായിരിക്കും ഹൃദയത്തിലെഴുതിയ അവരുടെ മുദ്രാവാക്യം. ജയിച്ചു കേറലല്ലാതെ തോറ്റു പിന്മടങ്ങലില്ലാത്ത സമരത്തിനുവേണ്ടിയാണ്, മിക്കവാറും സ്ത്രീകൾ രംഗത്തിറങ്ങുന്നത്.

ആറുസ്ത്രീകൾ നടത്തിയ ഇരിക്കൽസമരം വിജയിച്ചത് അസംഘടിതമേഖലയിലെ സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായിരിക്കണമെന്ന സാമൂഹ്യ അവബോധം സൃഷ്ടിച്ചുകൊണ്ടായിരുന്നു. ദശകങ്ങളായി ഭേദഗതി ചെയ്യപ്പെടാതെ കിടന്ന തൊഴിൽനിയമങ്ങളെ ഭേദഗതി ചെയ്യുന്നതിന് സർക്കാരിനെ നിർബന്ധിക്കാൻ കോഴിക്കോടും തൃശൂരും നടന്ന ഇരിക്കൽസമരങ്ങൾക്ക് സാധിച്ചു. പി. വിജിയുടെ നേതൃത്വത്തിൽ തുടർച്ചയായി സെയിൽഗേൾസിന്റെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടു അവരെ ഒരു സംഘടിത ശക്തിയാക്കാൻ സാധിക്കുകയും ചെയ്തു.

കേരളത്തിൽ നടന്ന 'മദ്യഷാപ്പ്' സമരങ്ങളിൽ ബഹുഭൂരിപക്ഷവും വിജയിപ്പിച്ചെടുത്തത് സ്ത്രീകളാണ്. ഒരു നാട്ടിൽ മദ്യഷാപ്പ് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം തങ്ങൾക്കാണെന്നും, തങ്ങളാണ് മദ്യത്തിന്റെ ഇരകളെന്നും, തങ്ങളുടെ കുട്ടികളാണ് അതിന്റെ എല്ലാ വേദനയും അപമാനവും നഷ്ടവും സഹിക്കേണ്ടി വരുന്നതെന്നുമുള്ള ഉത്തമബോധ്യത്തോടെയാണ് മദ്യവിപത്തിനെതിരെ സ്ത്രീകൾ നിരന്തരം പൊരുതിക്കൊണ്ടിരിക്കുന്നത്.

എടുത്തുപറയാൻ ഇനിയും ഏറെയുണ്ട് സ്ത്രീകളുടെ സമരചരിത്രത്തിൽ, കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന സമരങ്ങളിൽ മുഖ്യമായത് സ്ത്രീകൾ നടത്തുന്ന ക്വാറിസമരങ്ങളാണ്.

നിലനില്പിനു തന്നെ ഭീഷണിയായിക്കൊണ്ടിരിക്കുന്ന അനിയന്ത്രിത ചൂഷണത്തിന്റെ ഒരു മേഖലയാണത്. അഴിമതിയുടെ കൂത്തരങ്ങായ ക്വാറികൾക്കെതിരെ ചിലയിടങ്ങളിലെങ്കിലും താല്ക്കാലികമായി ആ വിനാശകാരികൾക്ക് വിലങ്ങിടാൻ സ്ത്രീകളുടെ സമരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

അഖിലേന്ത്യാ തലത്തിൽ തന്നെ സാമ്പ്രദായിക സമരരീതികളിലും സംഘടിതപ്രസ്ഥാനങ്ങളുടെ ആശയങ്ങളിലും നിന്ന് വേറിട്ട് വളരെ ഉയരെ നില്ക്കുന്ന സമരങ്ങളാണ് സ്ത്രീകൾ മുന്നോട്ടുവെച്ചിട്ടുള്ളത്. ജനാധിപത്യസമൂഹത്തെ മുന്നോട്ടു ചലിപ്പിച്ചു എന്നതാണ് ഈ സമരങ്ങളുടെ നീണ്ടുനിൽക്കുന്ന സ്വാധീനത്തിന്റെ പ്രത്യേകത. 'ചിപ്ക്കോ' പ്രസ്ഥാനത്തിലും 'അഫ്പ്സാ' എന്ന പട്ടാളനിയമത്തിനെതിരെ മണിപ്പൂരിലെ സ്ത്രീകൾ നടത്തിയ സമാനതകളില്ലാത്ത പ്രതിരോധത്തിലുമൊക്കെ സ്ത്രീയുടെ തനതുമുദ്രകളുണ്ട്. സാമ്പ്രദായികപാതയിൽ നിന്ന് ഏറെ മാറിയ തുറന്നതും, സത്യസന്ധവുമായ ഒരു നേർവഴിയാണത്.

പട്ടാളക്കാരുടെ ക്രൂരബലാത്സംഗത്തിനിരകളാവാൻ ഇനി തയ്യാറല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട്, പട്ടാളക്യാമ്പിനു മുന്നിൽ പൂർണ്ണനഗ്നകളായി നിന്നുകൊണ്ടും സമരം ചെയ്യാൻ സ്ത്രീകളുടെ ഉണർന്ന മനസ്സാക്ഷിക്കല്ലാതെ, സാമ്പ്രദായികരീതികൾക്ക് കഴിയില്ല. മണിപ്പൂരിലെ കിരാതമായ പട്ടാളനിയമം 'അഫ്പ്സ' പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇറോംഷർമ്മിളയുടെ സമരം സംവത്സരം കഴിഞ്ഞും തുടരുകയാണ്. കേരളത്തിലും ഐസ്ക്രീംപാർലർ കേസിൽ, കുഞ്ഞാലിക്കുട്ടിക്കെതിരെ ചൂലെടുത്തുകൊണ്ട് സ്ത്രീകൾ തെരുവിലിറങ്ങിയ സമരം സാമ്പ്രദായികസമരരീതികളെ ഞെട്ടിച്ചുകളഞ്ഞിരുന്നു.

ജനാധിപത്യത്തെ ചലനാത്മകമാക്കിയ 'വിവരാവകാശനിയമ'ത്തിനുവേണ്ടി നിരന്തരം പരിശ്രമിച്ചത് അരുണാറോയ് ആണ്. പൊതുസ്ഥലത്ത് പുകവലി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നേടിയെടുത്തതും ഒരു സ്ത്രീയുടെ ഹർജിയിന്മേലാണ്. ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമഭേദഗതിക്കുവേണ്ടി മേരിറോയ് നിരന്തരം നടത്തിയ നിയമപോരാട്ടം വലിയ മാറ്റങ്ങൾക്കാണ് തുടക്കം കുറിച്ചത്.

സ്ത്രീകൾ സമരത്തിനിറങ്ങുന്നത്, ഏറ്റവും ഒടുവിലായിരിക്കും. സഹനത്തിന്റെ നെല്ലിപ്പലകയും കടന്നുകഴിഞ്ഞാൽ അടിയുറച്ച തീരുമാനത്തോടെ അവർ അടുക്കളയിലും വീടിന്റെ

അകത്തളങ്ങളിലും നിന്ന് ഇറങ്ങിവരും. നിലനിൽക്കുന്ന പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും പരാജയപ്പെട്ടിടത്തുനിന്ന് ജീവിക്കാനും നിലനിൽക്കാനുമുള്ള അവകാശത്തിനുവേണ്ടി ജീവന്മരണ പോരാട്ടം എന്നതായിരിക്കും ഹൃദയത്തിലെഴുതിയ അവരുടെ മുദ്രാവാക്യം. ജയിച്ചു കേറലല്ലാതെ തോറ്റു പിന്മടങ്ങലില്ലാത്ത സമരത്തിനുവേണ്ടിയാണ്, മിക്കവാറും സ്ത്രീകൾ രംഗത്തിറങ്ങുന്നത്.

രാഷ്ട്രീയപ്പാർട്ടികളുടെ നിശ്ശബ്ദനിഷ്ക്രിയഅനുയായി വൃന്ദങ്ങൾ എന്ന പദവിയിൽ നിന്ന് സ്വന്തം കർത്തൃത്വത്തിൽ സ്വയം തീരുമാനമെടുക്കുന്ന സ്ത്രീകർത്തൃത്വമായി സ്ത്രീകൾ ഉയരുന്നതിന്റെ ഉജ്ജ്വലസൂചനയാണ് മൂന്നാറിലെ സ്ത്രീത്തൊഴിലാളിസമരം നൽകുന്നത്. ഇതിനെ, വൈകാരികപ്രകടനമെന്നും, ഇതിന്റെ പിന്നിൽ തീവ്രവാദികളാണുള്ളതെന്നും ഒരുതവണ വിജയിച്ചെന്നു കരുതി എപ്പോഴും വിജയിക്കണമെന്നില്ലെന്നും, ട്രേഡ് യൂണിയനുകൾ നാടുനീങ്ങിയാൽ അരാജകത്വമാണ് ഫലമെന്നുമൊക്കെ പറഞ്ഞ് തള്ളിക്കളയാൻ നടത്തുന്ന പാഴ്ശ്രമങ്ങൾ പരിഹാസ്യമാണ്. ഇതൊരു താക്കീതാണ്. ഇതൊരു നീതി നടത്തിപ്പാണ്. 1950 മുതൽ തോട്ടം മേഖലയിൽ അടിമകളേക്കാൾ കഷ്ടമായി അദ്ധ്വാനിച്ച് നരകജീവിതം നയിക്കുന്നവരുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റിക്കൊടുക്കുന്നതിൽ, രാഷ്ട്രീയനേതൃത്വങ്ങളും ട്രേഡ്‌യൂണിയൻ നേതൃത്വങ്ങളും പരാജയപ്പെട്ടിടത്തുനിന്നാണ് ഈ പൊട്ടിത്തെറി ആരംഭിച്ചിട്ടുള്ളത്. അതിനെ അതിന്റെ ഗൗരവത്തിൽ കാണുന്നതിന് പകരം ഇരുട്ടുകൊണ്ട് ഓട്ടയടക്കാനാണ് സർക്കാരും ശ്രമിക്കുന്നത്.

ദിവസക്കൂലി ഇരുന്നൂറ്റി മുപ്പത്തിരണ്ട് രൂപയിൽ നിന്ന് അഞ്ഞൂറ് രൂപയാക്കി ഉയർത്തണമെന്ന തോട്ടം തൊഴിലാളികളുടെ ആവശ്യം സർക്കാർ നടപ്പിലാക്കുന്നില്ലെങ്കിൽ തുടർ സമരമാണെന്ന് തോട്ടം തൊഴിലാളികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുമായുള്ള ചർച്ചയിൽ അത് അസാധ്യമാണെന്ന റിപ്പോർട്ടാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. കേരളത്തിൽ ഇന്ന് കായികാദ്ധ്വാനത്തിലേർപ്പെടുന്നത് അധികവും അന്യസംസ്ഥാനതൊഴിലാളികളാണ്. അവർക്ക് നൽകുന്ന ദിവസക്കൂലി അഞ്ഞൂറും അറനൂറും ഒക്കെയാണ്. ഈ സാഹചര്യത്തിൽ തോട്ടം തൊഴിലാളികൾ ആവശപ്പെടുന്ന ദിവസക്കൂലി അഞ്ഞൂറ് രൂപയെന്നത് കേവലം ന്യായമായ ഒരു കാര്യമാണെന്ന് തിരിച്ചറിയാനും അത് നടപ്പാക്കുന്നത് വരെ പൊരുതാനും ട്രേഡ്‌യൂണിയനുകൾക്ക് കഴിയുമോ എന്നതാണ് പ്രധാനചോദ്യം. അത് അവിശ്വസിക്കുന്നതുകൊണ്ടാണ് ഇപ്പോൾ, ട്രേഡ്‌യൂണിയനുകളുമായി മാത്രം നടത്തിയ ചർച്ചയേയും സ്ത്രീകൾ അവിശ്വസിക്കുന്നത്. ട്രേഡ്‌യൂണിയനുകളുടെ സമരത്തിൽ നിന്ന് വിട്ടുനിൽക്കുമെന്ന് അവർ പ്രഖ്യാപിച്ചിട്ടുള്ളത്.

ഒരു ദിവസത്തിൽ എത്ര മണിക്കൂർ ഒരു സ്ത്രീ അധ്വാനിക്കുന്നുണ്ട് എന്ന്, ആരും കണക്കുകൂട്ടുന്നില്ല. തോട്ടംമേഖലയിൽ പുലർച്ചെ പണിക്കെത്തണമെങ്കിൽ സ്ത്രീകൾ മൂന്ന് മണിക്കും നാലുമണിക്കും ഒക്കെ ഉണർന്ന്, വീട്ട് ജോലികളും പാചകവും കഴിഞ്ഞിരിക്കണം. ഗാർഹികജോലിയെന്നത് കൂലിയില്ലാജോലിയാണ് അതിന് സമരപരിധിയില്ല. ഭർത്താവിനോ മക്കൾക്കോ മറ്റു കുടുംബാംഗങ്ങൾക്കോ എപ്പോൾ വേണമെങ്കിലും സ്ത്രീയുടെ സേവനം ആവശ്യപ്പെടാം. അത് അവരുടെ അവകാശവും വൈകാരികപ്രശ്നവുമാണ്. തോട്ടത്തിൽ പന്ത്രണ്ട് മണിക്കൂറെങ്കിലും പണിയെടുത്താലാണ് ദിവസക്കൂലി മുന്നൂറ് രൂപയെങ്കിലും ആവുക. സ്റ്റാന്റേർഡ് തൂക്കമായ ഇരുപത്തിയൊന്ന് കിലോ പച്ചക്കൊളുന്തിനാണ് ഇരുന്നൂറ്റിമുപ്പത്തിരണ്ട് രൂപ കൂലി കൊടുക്കുന്നത്. തുടർന്ന് എത്രവേണമെങ്കിലും അവർക്ക് അധികജോലി ചെയ്യാമെന്ന ഔദാര്യവും തോട്ടമുടമകൾ വെച്ചു നീട്ടിയിട്ടുണ്ട്. ഇരുപത്തൊന്നു മുതൽ നാല്പതു കിലോ വരെയാണെങ്കിൽ കിലോയ്ക്ക് എൺപതു പൈസയും നാല്പത്-അമ്പത് വരെയുള്ളതിന് തൊണ്ണൂറ് പൈസയും അമ്പത് മുതൽ എത്ര വരെ വേണമെങ്കിലും നുള്ളുന്നതിന് കിലോയ്ക്ക് ഒരു രൂപ പത്തുപൈസയുമെന്നാണ് നിരക്ക്. പുലർച്ചെ മൂന്നുമണിക്കെഴുന്നേറ്റ് അദ്ധ്വാനം തുടങ്ങുന്ന ഒരു സ്ത്രീക്ക് എങ്ങനെയാണ് ഈ അധികഭാരം താങ്ങാനാവുക.

കടുത്ത അനീതിക്കെതിരെ പോരാടാൻ മറ്റാരുമില്ലെന്ന യാഥാർത്ഥ്യമാണ് തോട്ടം മേഖലയിലെ തൊഴിലാളിസ്ത്രീകളുടെ നിശ്ചയദാർഢ്യത്തിനു പിന്നിലെ പ്രേരകഘടകം. കേരളത്തിന്റെ പൊതുമണ്ഡലം ഈ സമരത്തെ ഏറ്റെടുത്ത് വിജയിപ്പിക്കാൻ ബാധ്യസ്ഥരാണ്. ദിവസക്കൂലി അഞ്ഞൂറ് രൂപയാക്കുന്നില്ലെങ്കിൽ ചുരുങ്ങിയ പക്ഷം കണ്ണൻദേവൻ, ടാറ്റ കമ്പനികളുടെ തേയില ബഹിഷ്കരിക്കാൻ പൊതുസമൂഹം തയ്യാറാവണം. ○





ജയശ്രീ കെ.എ.

# വാർദ്ധക്യപ്രമേയം ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിൽ

വൃദ്ധർ അനുഭവിക്കുന്ന വിവിധപ്രശ്നങ്ങൾ സമകാലിക ലോകത്ത് സജീവമായ ചർച്ചയായിക്കഴിഞ്ഞിട്ടുണ്ട്. കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്കുള്ള മാറ്റം, വിദ്യാഭ്യാസത്തിന്റെ സാർവത്രിക പ്രചാരം, പ്രവാസികളുടെ വർദ്ധന, സാമൂഹികവും സാമ്പത്തികവുമായ പരിണാമങ്ങൾ ഇങ്ങനെ പല കാരണങ്ങളും ഇതിനു പിന്നിലുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ വാർദ്ധക്യം കൂടുതൽ ക്ലേശകരമാണ്. മക്കളോടുള്ള വൈകാരികബന്ധം അവരെ കൂടുതൽ തളർത്തുന്നതായി കാണാം. വൃദ്ധനായ കാരണവരെ ആദരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതുപോലെ വൃദ്ധയായ കാരണവത്തിയെ പൊതുസമൂഹമോ കുടുംബമോ പരിഗണിക്കുന്നില്ലെന്നു കാണാം.

നവോത്ഥാന യുഗത്തിന്റെ പ്രതിനിധിയായി അറിയപ്പെടുന്ന ലളിതാംബിക അന്തർജ്ജനം (1909- 1987) തന്റെ ചില കഥകളിൽ വാർദ്ധക്യം മുഖ്യപ്രമേയമായി സ്വീകരിച്ചിട്ടുണ്ട്.

1 ഇവയിൽ കൂടുതലും സ്ത്രീകളെ കേന്ദ്രീകരിച്ചുള്ളവയാണ്. വിധിബലം , സ്നേഹയാചകി, പാതയുടെ അവസാനം, മരത്തൊട്ടിൽ, മനുഷ്യപുത്രി എന്നീ കഥകളിൽ അവഗണനയും ഒറ്റപ്പെടലും കാണാം. നമ്പൂതിരിസമുദായത്തിൽ നിലവിലുണ്ടായിരുന്ന സാപത്ന്യം, ഭ്രഷ്ട് എന്നിവ വിധിബലത്തിലും കേരള ഭൂപരിഷ്കരണനിയമം, സാമൂഹിക പരിണാമം എന്നിവ മനുഷ്യപുത്രിയിലും കഥയെ നിയന്ത്രിക്കുന്നു. 'വിധിബല'ത്തിലെ അമ്മാത്തോലിന്, ഭ്രഷ്ടയാകേണ്ടി വന്നത് സപത്നിയുടെ അസൂയനിമിത്തമാണ്. ഇസ്ലാമാകുകയും രണ്ടു മക്കളുടെ മാതാവാകുകയും ചെയ്ത അവർക്ക് നമ്പൂതിരിയുടെ കുടികിടപ്പുകാരിയായി അവസാനകാലം കഴിച്ചുകൂട്ടാനൊത്തു. അവസാന ജലം നല്കാൻ സ്വയമറിയാതെയാണെങ്കിലും നമ്പൂതിരി

മനുഷ്യപുത്രി എന്ന കഥയിൽ, ഭൂപരിഷ്ക്കരണവും ദാനധർമ്മിഷ്ഠതയും മൂലം സർവ്വവും നഷ്ടപ്പെട്ട കുഞ്ഞാത്തലമ്മയ്ക്കും മകൾക്കും ഒരു കുടിയാനാണ് അഭയം കൊടുക്കുന്നത്. രോഗിയായ ഒരു മകൻ, ജാതിമഹത്വം മൂലം ജോലി കിട്ടാത്ത മറ്റൊരു മകൻ , വിവാഹപ്രായമായ മകൾ, സ്കൂളിൽ ചേർക്കാത്ത കൊച്ചുമകൻ ഈ യാഥാർത്ഥ്യങ്ങളുമായി മല്ലിടുന്ന വൃദ്ധയായ കുഞ്ഞാത്തലമ്മയ്ക്ക് കൊച്ചുമകനുവേണ്ടി സ്കൂളിലെ ഉച്ചക്കഞ്ഞിപോലും നേടിയെടുക്കാ നാവുന്നില്ല. അന്നപൂർണ്ണേയായിരുന്ന അവരുടെ വിധി രാഷ്ട്രീയനേതാവായ ഗോവിന്ദൻകുട്ടി യിൽ ഇളക്കം സൃഷ്ടിക്കുന്നുണ്ട്.

യായ മകൻ തന്നെയെത്തുന്നു. പെറ്റമ്മയെ തിരിച്ചറിഞ്ഞിട്ടും പുണ്യാഹത്തെപ്പറ്റി ചിന്തിക്കുന്ന മകൻ സമുദായത്തിന്റെ ചിട്ടവട്ടങ്ങൾക്കുള്ളിൽ വളർത്തപ്പെട്ടവനാണ്. ജാതിവിവേചനത്തിനതീതമായ മാനവികസ്നേഹദർശനം 'വിധിബല'ത്തിൽ പ്രകടമാകുന്നുണ്ടെന്നു ലളിതാംബിക അന്തർജ്ജനത്തിന്റെ സമ്പൂർണ്ണകഥകളുടെ അവതാരികയിൽ ഡോ.കെ.എസ്.രവികുമാർ നിരീക്ഷിക്കുന്നുണ്ട്.

2. എന്നാൽ വൃദ്ധയും നിസ്സഹായയുമായ ഒരമ്മയുടെ നഷ്ടപുത്രനെ ചൊല്ലിയുള്ള ആന്തരികവ്യഥ കൂടി ശ്രദ്ധേയമാണ്.

മനുഷ്യപുത്രി എന്ന കഥയിൽ, ഭൂപരിഷ്ക്കരണവും ദാനധർമ്മിഷ്ഠതയും മൂലം സർവ്വവും നഷ്ടപ്പെട്ട കുഞ്ഞാത്തലമ്മയ്ക്കും മകൾക്കും ഒരു കുടിയാനാണ് അഭയം കൊടുക്കുന്നത്. രോഗിയായ ഒരു മകൻ, ജാതിമഹത്വം മൂലം ജോലി കിട്ടാത്ത മറ്റൊരു മകൻ , വിവാഹപ്രായമായ മകൾ, സ്കൂളിൽ ചേർക്കാത്ത കൊച്ചുമകൻ ഈ യാഥാർത്ഥ്യങ്ങളുമായി മല്ലിടുന്ന വൃദ്ധയായ കുഞ്ഞാത്തലമ്മയ്ക്ക് കൊച്ചുമകനുവേണ്ടി സ്കൂളിലെ ഉച്ചക്കഞ്ഞിപോലും നേടിയെടുക്കാ നാവുന്നില്ല. അന്നപൂർണ്ണയായിരുന്ന അവരുടെ വിധി രാഷ്ട്രീയനേതാവായ ഗോവിന്ദൻകുട്ടിയിൽ ഇളക്കം സൃഷ്ടിക്കുന്നുണ്ട്. കുട്ടിക്കാലത്ത് തന്നെ ഊട്ടിയ കൈകളെ ഇടക്കാലത്ത് മറന്നുപോയതിൽ അയാൾ പശ്ചാത്തപിക്കുന്നു. തകർക്കാതെ തന്നെ തകർന്ന ജന്മിത്തം , ജന്മി ദാനം ചെയ്യാനുള്ളവർ മാത്രമാണെന്ന ചിലരുടെ വിശ്വാസം , ഇല്ലാത്തവർക്കു വേണ്ടിയുള്ള സമരത്തിനിടയിൽ ഉണ്ടായിരുന്നവ എന്തുപറ്റി എന്നുതിരക്കാത്ത നേതാക്കളുടെ നീതിബോധം തുടങ്ങിയ വ കുഞ്ഞാത്തലമ്മയുടെ 'മനുഷ്യപുത്രി' എന്ന പരിവേഷത്തിന് ശക്തി കൂട്ടുന്നു.

ആദിമാതാവിനു കിട്ടിയ ശാപം, വ്യാകുലസങ്കേതം, വിശ്വരൂപം, പവിത്രമോതിരം, ഭാഗ്യം എന്നീ കഥകൾ പ്രവാസജീവിതം കേരളീയർ അംഗീകരിച്ചു തുടങ്ങിയത് പ്രത്യക്ഷീകരിക്കുന്നതാണ്.

അമേരിക്കൻ ജീവിതത്തിന്റെ തിരക്കിനിടയിൽ സ്വന്തം മകൾക്ക് വേണ്ട ശ്രദ്ധ കൊടുത്ത് വളർത്താൻ

ഡോക്ടർദമ്പതികൾ ആശ്രയിക്കുന്നത് നാട്ടിലെ അമ്മയെയാണ്. റിട്ടയേർഡ് ടീച്ചറായ അന്നമ്മ പേരക്കുട്ടിയായ അനിമോളെ ആറു വയസ്സുവരെ വളർത്തി അമേരിക്കൻ ജീവിതത്തിന് പര്യാപ്തയാക്കുകയാണ്. തന്റെ മകളെപ്പറ്റിയല്ലാതെ അമ്മയെപ്പറ്റി ജോർജ്ജ്കുട്ടി വ്യാകുലപ്പെടുന്നില്ല.

അന്നമ്മസ്സാറിനു അതിൽ പരാതിയുമില്ല. കാരണം സ്വന്തം മാതാപിതാക്കളെക്കാൾ അവർ സ്നേഹിച്ചത് മകനായ ജോർജ്ജ്കുട്ടിയെയായിരുന്നു. മക്കൾ അമ്മയെ വെടിഞ്ഞു ഭാര്യയോട് ചേരും എന്ന ബൈബിൾവാക്യം അവർക്ക് ആശ്വാസം നല്കുന്നു.

'വ്യാകുലസങ്കേത'ത്തിലെ മറിയാമ്മയും മകനെ ജീവനുതുല്യം സ്നേഹിക്കുന്നു. അവന്റെ ആവശ്യപ്രകാരം വീടും പറമ്പും വിറ്റ പണം കൊടുക്കുന്നുണ്ട്. എന്നാൽ അവനോടൊപ്പമുള്ള ഫ്ളാറ്റ്ജീവിതവുമായി പൊരുത്തപ്പെടാൻ അവർക്കാകുന്നില്ല. മറിയാമ്മയുടെ ജീവിതരീതികൾ മരുമകൾക്കും പേരക്കുട്ടികൾക്കും അനിഷ്ടഹേതുവാകുന്നതിൽ ആശ്ചര്യപ്പെടാനില്ല. തങ്ങളുടെ സ്റ്റാറ്റസ്സിനനുസരിച്ചല്ലാത്ത ഗ്രാമീണയായ മറിയാമ്മയെ അവർ പലപ്പോഴും മാറ്റി നിർത്തുന്നുണ്ട്.

മകനാകട്ടെ, അമ്മയേക്കാൾ നാഗരികരായ അമ്മായിയമ്മയ്ക്കും അമ്മായിയപ്പനും പ്രാധാന്യം കൊടുക്കുന്നയാളാണ്. താൻ അവിടെ തുടരുന്നത് മകനു ബുദ്ധിമുട്ടാവും എന്നു തോന്നിയ ഘട്ടത്തിൽ മറിയാമ്മ നാട്ടിലേക്ക് തിരിച്ചു പോരുന്നു. അവർക്ക് മറ്റൊരു വീടും പറമ്പും വാങ്ങാൻ സഹായിക്കുന്നത് മറിയാമ്മയുടെ ആങ്ങളയാണ്. മകനെപ്പോലും വിശ്വസിക്കരുതെന്ന ആങ്ങളയുടെ ഉപദേശം അവർക്ക് സ്വീകാര്യമായില്ല എന്നിടത്ത് മകനോടും കുടുംബത്തോടുമുള്ള സ്നേഹമാണ് പ്രകട

മാകുന്നത്.

ഗ്രാമജീവിതത്തെ നിരസിച്ചു മാഡം താഴത്ത് എന്ന നാഗരികയായി മാറിയ താഴത്തു കുഞ്ഞിക്കുട്ടിയമ്മ വാർദ്ധക്യകാലത്താണ് തനിക്കു നേരിട്ട നഷ്ടങ്ങൾ തിരിച്ചറിയുന്നത്. ' വിശ്വരൂപം'

എന്ന കഥയെ മുന്നോട്ടുനയിക്കുന്നത് അവരുടെ ഈ കണ്ടെത്തലാണ്. ഭൗതികമായ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് സന്ന്യാസിനിയെപ്പോലെ ജീവിക്കാൻ കുഞ്ഞിക്കുട്ടിയമ്മയെ പ്രാപ്തയാക്കുന്നത്

താൻ വെറും 'അമ്മ' മാത്രമാണെന്ന തിരിച്ചറിവാണ്. ഈ കുറ്റബോധത്തിനുകാരണം മക്കളെ വളർത്താൻ ആയയെ ഏല്പിച്ചതാണ്. മാത്രമല്ല, ഭർത്താവിനും വേണ്ട ശ്രദ്ധ കൊടുത്തില്ല. ദൂരദിക്കിൽ താമസമാക്കിയ മക്കൾ അമ്മയെ സ്വീകരിക്കാൻ തയ്യാറാണ്. എന്നാൽ അവരുടെ പരിചരണത്തിനുള്ള അർഹത തനിക്കില്ലെന്ന് അറിയുന്ന അമ്മ വാർദ്ധ കൃത്തിൽ സ്വയം തിരഞ്ഞെടുത്ത ഏകാന്തവാസത്തിൽ തൃപ്തയാണ്. പുത്രതുല്യനായ സുധീറിന് സ്വന്തം ജീവിതപാഠം പകർന്നു നല്കുന്നതിലൂടെ താഴത്തു കുഞ്ഞിക്കുട്ടിയമ്മ പ്രായശ്ചിത്തം ചെയ്യുകയാണ്.

'ഭാഗ്യം' എന്ന കഥയിലെ അമ്മയുടെ അമേരിക്കക്കാരനായ മകൻ വിവാഹം കഴിഞ്ഞ

അന്ന് പോയിട്ട് രണ്ടു മക്കളായപ്പോഴാണ് നാട്ടിലെത്തുന്നത്. സൗകര്യം കുറഞ്ഞ വീട്ടിൽ അമ്മയോടൊപ്പം നില്ക്കാതെ സഹോദരിയുടെ നഗരത്തിലെ വീട്ടിലേക്ക് അയാൾ കുടുംബത്തോടൊപ്പം പോകുന്നു. അമേരിക്കൻ സംസ്കാരം ശീലിച്ച അയാളുടെ മക്കളെ നാട്ടിൻ പുറത്തെ സൗകര്യക്കുറവ് അലട്ടുന്നത് അമ്മ തിരിച്ചറിയുന്നു. അവർക്ക് വിഷമം തോന്നുന്നില്ല. അമ്മൂമ്മയെ 'ഓൾഡ് വുമൺ' ആയും അവർ കുഴച്ച ചോറ്റുരുളകൾ 'ഡർട്ടി'യായും കാണുന്ന പേരക്കുട്ടികൾ മലയാളമോ മലയാള സംസ്കാരമോ അറിയാത്തവർ ആണെന്ന് അമ്മൂമ്മയ്ക്കറിയാം. മകനുവേണ്ടി വച്ചൊരുക്കിയ ഭക്ഷണം പറമ്പിലെ അഗതികൾക്ക് കൊടുത്ത് സംതൃപ്തിയടയുകയാണ് അമ്മ. അവർക്ക് അത് രുചിക്കുമെന്നു അമ്മയ്ക്കറിയാം. മക്കളെ കാണാൻ കഴിഞ്ഞതുതന്നെ ഭാഗ്യമാണ്. താൻ ഭാഗ്യവതിയാണെന്ന് അയൽക്കാരോടൊപ്പം അവരും വിശ്വസിക്കുന്നു.

'പവിത്രമോതിര'ത്തിലെ പത്തനാടിച്ചിറ്റശ്ശി യുടെ ജീവിതം മറ്റുള്ളവർക്കവേണ്ടി മാറ്റിവച്ചതാണ്. പതിനാറാം വയസ്സിൽ വിവാഹിതയായത് അക്കിത്തർക്ക് പത്നി വേണം എന്നതുകൊണ്ട്. സമൂഹത്തെ പരിഷ്കരിക്കാൻ ഇറങ്ങിയ മകളും ഭർത്താവും ഭ്രഷ്ടരായത് അവർ സഹിച്ചു. പേരക്കുട്ടി വിദേശ പൗരത്വം സ്വീകരിച്ചു മറ്റൊരു സംസ്കാരത്തിൽ വളരുന്നതും അവർ കണ്ടു. അയാളുടെ മകൻ ജർമ്മകൻകാരിയെ വിവാഹം കഴിച്ചു. ഇങ്ങനെയുള്ള വിഭിന്നമായ സംസ്കാരങ്ങളെ സമീകരിക്കാൻ അവർക്കാകുന്നുണ്ട്. പാഞ്ഞാളിൽ നടക്കാൻപോകുന്ന അതിരാത്രത്തിൽ പങ്കെടുക്കുന്ന ജർമ്മൻകാർക്കിടയിൽ ഉണ്ണിയുണ്ടാകുമെന്നും അയാളുടെ ഉണ്ണിക്കായി തന്റെ പവിത്രമോതിരം കൈമാറണമെന്നും അവർ അഭിലഷിക്കുന്നു. നമ്പൂരാർക്ക് യാഗാഗ്നി കെടാതെ സൂക്ഷിക്കാൻ മാത്രമുള്ള ഒരാളായി ജീവിക്കുന്ന പത്തനാടിച്ചിറ്റശ്ശിയ്ക്ക് ഭർത്താവിൽനിന്നും സ്നേഹം ലഭിക്കുന്നില്ല. എന്നിട്ടും അവർക്ക് പിടിച്ചു നില്ക്കാനാകുന്നത് പവിത്രമോതിരത്തിന്റെ അവകാശിയെ കണ്ടെത്താനാകുമെന്ന പ്രതീക്ഷമൂലമാണ്.

'മരത്തൊട്ടിൽ', 'സ്നേഹയാചകി ' എന്നീ കഥകൾ പ്രാന്തവത്കരിക്കപ്പെട്ടവരുടെയാണ്.

മുഖ്യധാരയിൽനിന്നും മാറി നില്ക്കുന്ന വൃദ്ധകളാണ് 'മരത്തൊട്ടി'ലിലെ ആയയും 'സ്നേഹയാചകി'യിലെ വൃദ്ധയാച

'പവിത്രമോതിര'ത്തിലെ പത്തനാടിച്ചിറ്റശ്ശി യുടെ ജീവിതം മറ്റുള്ളവർക്കവേണ്ടി മാറ്റിവച്ചതാണ്. പതിനാറാം വയസ്സിൽ വിവാഹിതയായത് അക്കിത്തർക്ക് പത്നി വേണം എന്നതുകൊണ്ട്. സമൂഹത്തെ പരിഷ്കരിക്കാൻ ഇറങ്ങിയ മകളും ഭർത്താവും ഭ്രഷ്ടരായത് അവർ സഹിച്ചു. പേരക്കുട്ടി വിദേശ പൗരത്വം സ്വീകരിച്ചു മറ്റൊരു സംസ്കാരത്തിൽ വളരുന്നതും അവർ കണ്ടു. അയാളുടെ മകൻ ജർമ്മകൻകാരിയെ വിവാഹം കഴിച്ചു. ഇങ്ങനെയുള്ള വിഭിന്നമായ സംസ്കാരങ്ങളെ സമീകരിക്കാൻ അവർക്കാകുന്നുണ്ട്. പാഞ്ഞാളിൽ നടക്കാൻപോകുന്ന അതിരാത്രത്തിൽ പങ്കെടുക്കുന്ന ജർമ്മൻകാർക്കിടയിൽ ഈ ഉണ്ണിയുണ്ടാകുമെന്നും അയാളുടെ ഉണ്ണിക്കായി തന്റെ പവിത്രമോതിരം കൈമാറണമെന്നും അവർ അഭിലഷിക്കുന്നു.

കിയും. താൻ വളർത്തുന്ന കുട്ടികളിൽ നിന്നും സ്നേഹത്തിനു പകരം ആട്ടും തുപ്പും മാത്രം കിട്ടിയ വൃദ്ധയ്ക്ക് ആയ എന്നതിന് 'മരത്തൊട്ടിൽ' എന്നൊരർത്ഥം കൂടിയുണ്ടെന്ന് മനസ്സിലാകുന്നു. കുട്ടികൾ ജനിക്കുമ്പോൾ മാത്രം ഓർക്കപ്പെടുന്ന മരത്തൊട്ടിൽ. വാർദ്ധക്യത്തിൽ അവർ സംരക്ഷിക്കപ്പെടുന്നുമില്ല. അവിവാഹിതയായ വൃദ്ധദാസിയോടുള്ള സഹതാപം മാത്രമായി കഥമാറുന്നു.

'സ്നേഹയാചകി'യിലെ വൃദ്ധ വിരൂപവും ഭയങ്കരവുമായ തന്റെ രൂപം കാരണം നാട്ടുകാർക്കിടയിൽ 'പൂതന'എന്നറിയപ്പെടുന്നവരാണ്. ഒരു ചെറിയ കുട്ടിയിൽ നിന്നും ലഭിക്കുന്ന സ്നേഹം അനാഥയായ വൃദ്ധയിൽ വലിയ പരിണാമം സൃഷ്ടിക്കുന്നു. അവന്റെ അച്ഛനായ തഹസീൽദാരുടെ ക്രൂരമായ ഇടപെടൽമൂലം അവർക്ക് മാറിനില്ക്കേണ്ടിവരുന്നു. വൃദ്ധയുടെ അഭാവം കുട്ടിയുടെ മരണത്തിനു ഹേതുവായിട്ടാണ് കല്പ്പിക്കപ്പെട്ടിരിക്കുന്നത്. ലോകരുടെ സ്നേഹശൂന്യമായ പേര് മാറ്റം വൃദ്ധയെയും അവരുടെ വെറുപ്പിക്കുന്ന സ്വഭാവം ലോകരെയും അകറ്റിനിർത്തുന്നതായി കാണുന്നതിൽ അദ്ഭുതമില്ല. തഹസീൽദാരുടെ മനസ്സിനെക്കൂടി തന്നോടടുപ്പിക്കാൻ കഥാവസാനം യാചകിക്ക് കഴിയുന്നുണ്ട്.

ഭൂതകാലത്തിലെ ചെയ്തികളാണ് 'പാതയുടെ അവസാന'ത്തിലെ മറിയാമ്മയെ ഏകാന്തവാസത്തിനു പ്രേരിപ്പിക്കുന്നത്. മക്കളുടെ കൂടെ താമസിക്കാൻ അവർ ഭയപ്പെടുന്നതിന്റെ കാരണം അമ്മായിയമ്മപ്പോരാണ് . മറിയാമ്മ അമ്മായിയമ്മയെ ദ്രോഹിച്ചവരാണ്. തന്റെ മരുമക്കളിൽ നിന്നും ഒരു തിരിച്ചടി പ്രതീക്ഷിക്കുന്നതുകൊണ്ട് അവർ തനിച്ചു കഴിയുന്നു. മക്കൾക്കിതിൽ പ്രതിഷേധമുണ്ട്.

അമ്മയുടെ ഉള്ളിലിരിപ്പ് അവരറിയുന്നില്ല. തന്റെ ഭർത്താവ് കെട്ടാനാഗ്രഹിച്ച അന്ന മരിച്ചപ്പോൾ അവരിൽ അസൂയ നിറയുന്നു. തന്നെക്കാൾ മുമ്പേ അന്നയാണല്ലോ അയാൾക്കരികിൽ എത്തുക എന്ന ചിന്തയാണ് അതിനു കാരണം. ഉടൻ മരിക്കാൻ തോന്നുന്നു മറിയാമ്മയ്ക്ക്.കൊഴിഞ്ഞു വീണ ഇലഞ്ഞിപ്പൂക്കൾ പെറുക്കുമ്പോൾ അവരുടെ ജീവിതാശ മറനീക്കി പുറത്തുവരുന്നു.

ലളിതാംബിക അന്തർജ്ജനത്തിന്റെ വാർദ്ധക്യകഥകൾ പരിശോധിക്കുമ്പോൾ വാർദ്ധക്യത്തെപ്പറ്റി,വൃദ്ധകളനുഭവിക്കുന്ന ഒറ്റപ്പെടൽ, അവഗണന, സാമൂഹികവും സാമുദായികവുമായ ദുരനുഭവങ്ങൾ എന്നിവയെപ്പറ്റിയെല്ലാം എഴുത്തുകാരിക്കുള്ള കൃത്യമായ ധാരണ കണ്ടെത്താൻ കഴിയും.സ്വസമുദായത്തിലെ അനാചാരങ്ങളെ 'വിധിബല'ത്തിലും 'മനുഷ്യപുത്രി'യിലും വിഷയമാക്കിയിരിക്കുന്നു. വൃദ്ധയും ദരിദ്രയുമായ ആയയെ ഒരു വ്യക്തിയായി കണക്കാക്കാൻ കഴിയാത്ത യജമാനഗൃഹത്തിലുള്ളവർ. യാചകിയായ വൃദ്ധയ്ക്ക് സ്ഥാനം കൊടുക്കാത്ത സമൂഹത്തിന് ഇന്നും കാര്യമായ മാറ്റം വന്നിട്ടില്ല. വാർദ്ധക്യത്തിലും വിട്ടുപോകാത്ത മനുഷ്യമനസ്സിന്റെ ദുശ്ശാഠ്യവും അസൂയയും ആശങ്കയും 'പാതയുടെ അവസാന'ത്തിൽ വ്യക്തമാണ്. മക്കളുടെ പ്രവാസ ജീവിതം വൃദ്ധരായ മാതാപിതാക്കളിൽ സൃഷ്ടിക്കുന്ന ആകുലതയും നിരാശ്രയത്വവും ആദിമാതാവിനുകിട്ടിയ ശാപം, വ്യാകുലസങ്കേതം, ഭാഗ്യം എന്നീ കഥകളിൽ പ്രകടമാണ്. സ്വന്തം ചെയ്തികളുടെ ഭാരം സ്വയം വഹിച്ചു പാപമോചനത്തിനു ശ്രമിക്കുന്ന ഏകാന്തവൃദ്ധയെയാണ 'വിശ്വരൂപ'ത്തിലെ താഴത്തു കുഞ്ഞിക്കുട്ടിയമ്മയിൽ കാണുന്നത്. സ്നേഹം നിഷേധിക്കപ്പെട്ട ഒരു സ്തീയുടെ വാർദ്ധക്യമാണ് 'പവിത്രമോതിര'ത്തിൽ കാണാൻ കഴിയുന്നത്.

ലളിതാംബിക അന്തർജ്ജനത്തിന്റെ വാർദ്ധക്യകഥകളിൽ പുരുഷ കേന്ദ്രീകൃതമായവ കുറവാണ്. അച്ഛന്റെ മകൻ, ഇരുപതാം നൂറ്റാണ്ടിലെ വൃദ്ധൻ, മരുമകന്റെ കൊട്ടാരം,അച്ഛൻ എന്ന കഥകളെയും മേൽവിവരിച്ച സ്തീകഥകളെയും താരതമ്യപ്പെടുത്തുമ്പോൾ പുരുഷവാർദ്ധക്യവും അന്തർജ്ജനം വേണ്ടരീതിയിൽ മനസിലാക്കിയിട്ടുണ്ടെന്നു ബോധ്യമാകും. രാഷ്ട്രത്തിനു വേണ്ടി രണ്ടുതലമുറകൾ സഹിക്കുന്ന ത്യാഗനിർഭരമായ ജീവിതം അച്ഛന്റെ മകനിലുണ്ട്. പ്രവാസികളായ മക്കളുള്ള മാതാവിനെപ്പോലെത്തന്നെ ഒറ്റപ്പെടലും വേദനയും പിതാവിനുമുണ്ടെന്ന് 'ഇരുപതാംനൂറ്റാണ്ടിലെ വൃദ്ധൻ' എന്ന കഥയിൽ തെളിയുന്നു. പക്ഷേ , അയാളുടെ പുരുഷമനസ്സ്, 'ഭാഗ്യം' 'ആദിമാതാവിനു കിട്ടിയ ശാപം'എന്നീ കഥകളിലെ അമ്മമാരെപ്പോലെയാണെന്നു പറയാൻവയ്യ.

തക്ക അവസരം വരുമ്പോൾ വൃദ്ധന്റെ ഹൃദയവേദന മുഴുവൻ പുറത്തുവരുന്നുണ്ട്. വൃദ്ധകളാകട്ടെ കാലത്തിന്റെ മാറ്റം മനസ്സിലൊതുക്കി ഭാവവ്യത്യാസം കൂടാതെ ശക്തരായി നിലകൊള്ളുന്നു. മരുമക്കത്തായത്തിലെ അമ്മാവനനുഭവിക്കുന്ന നിന്ദയും (മരുമകന്റെ കൊട്ടാരം) വിക്രമക്കുറുപ്പിന്റെ അവസരം നോക്കിയുള്ള പെരുമാറ്റവും (അച്ഛൻ )സന്ദർഭത്തിനനുസരിച്ച് ഉള്ളിൽ കൊള്ളുംവിധം പറഞ്ഞുവയ്ക്കാൻ അന്തർജ്ജനത്തിനു കഴിയുന്നു. സ്വന്തം മക്കൾ നോക്കില്ലെന്നു തോന്നിയപ്പോൾ മാത്രം അവിഹിതസന്തതിയെ സ്വീകരിക്കാൻ തയ്യാറായ വിക്രമക്കുറുപ്പിൽ സ്വാർത്ഥതയുണ്ട്. അതിനെയപേക്ഷിച്ച് 'വിധിബല'ത്തിലെ അമ്മാത്തോലിന്റെ പുത്രദു:ഖം സ്വീകാര്യവും ശ്രേഷ്ഠവുമാണ്. തകഴി, വർക്കി, ദേവ്, ബഷീർ, കാരൂർ, ഉറൂബ്, പൊറ്റെക്കാട്ട് എന്നീ പ്രഗല്ഭമതികൾക്കൊപ്പം കഥാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ലളിതാംബിക അന്തർജ്ജനത്തിന്റെ

വാർദ്ധക്യകഥകൾ ലക്ഷ്യവേധി യാണെന്ന കാര്യത്തിൽ സംശയ മില്ല. സ്ത്രീ, അമ്മ, മുത്തശ്ശി എന്നീ വീക്ഷണകോണുകളിൽ സ്ത്രീപുരുഷന്മാരുടെ വൈകാരികവും വൈചാരികവുമായ അംശങ്ങളെ വിലയിരുത്താനും അവരുടെ വാർദ്ധക്യത്തെ അതിന്റെ സൂക്ഷ്മഭാവത്തിൽത്തന്നെ ഉൾക്കൊള്ളാനും അവർക്കു കഴിഞ്ഞിട്ടുണ്ട്.

കുറിപ്പുകൾ :

1. നവോത്ഥാനയുഗത്തിന്റെ പ്രതിനിധിയായ അന്തർജ്ജനം പലപ്പോഴും കഥ പറയുന്നതിനിടയിൽ, അനിയന്ത്രിതമായ ആവേശത്തോടെ പ്രസംഗിക്കാറുണ്ട്. (എം.അച്യുതൻ, ചെറുകഥ, ഇന്നലെ ഇന്ന് , 2007, പു.199)

2. ജാതിവിവേചനത്തിന് അതീതമായ മാനവിക സ്നേഹദർശനം മറ്റു പല ചെറുകഥകളിലും അടിയൊഴുക്കായുണ്ട്. കേന്ദ്രപ്രമേയത്തിന്റെ ഊന്നൽ മറ്റു ചില അംശങ്ങളിലാണെങ്കിലും 'ചുരന്ന മുല', 'വിധിബലം' തുടങ്ങിയ രചനകളിലും അത് പ്രകടമാണ്.

(ഡിസി ബുക്സ് പ്രസിദ്ധീകരിച്ച ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ സമ്പൂർണം, 2009)

ഗ്രന്ഥസൂചി

1. അച്യുതൻ.എം., 2007 ചെറുകഥ ഇന്നലെ ഇന്ന് കോട്ടയം ഡിസി ബുക്സ്

2. ലളിതാംബിക അന്തർജ്ജനം 2009 ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകൾ സമ്പൂർണം, കോട്ടയം ഡിസി ബുക്സ്

**ജയശ്രീ കെ.എ.** *-ഹയർ സെക്കണ്ടറിസ്കൂൾ അദ്ധ്യാപികയാണ്.*

# പെമ്പിളൈ ഒരുമൈ പടർന്നു കത്തുന്നു!

മൂന്നാറിലെ സ്ത്രീ തൊഴിലാളികളായ സമര സഖാക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കോഴിക്കോട് മിഠായിതെരുവിൽ പെൺകൂട്ടായ്മ പ്രകടനവും പൊതുയോഗവും നടത്തി. കെ അജിത, ദീദി ദാമോദരൻ, പി വിജി, അഡ്വ ആനന്ദ കനകം, അഡ്വ അണിമ, തമ്പാട്ടി മധുസൂദനൻ, അഡ്വ നിർമ്മല, അഡ്വ സീനത്ത്, ജഫ്രിയ, കബനി, ശ്രീജ എന്നിവർ പങ്കെടുത്തു സംസാരിച്ചു.



പൊതു യോഗത്തിൽ പി വിജിയാണ് ആദ്യം സംസാരിച്ചത്. 2010 മുതൽ പെൺകൂട്ടും എ. എം. ടി. യു. വും കോഴിക്കോട്ടെ സ്ത്രീ തൊഴിലാളി പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഇവിടത്തെ ട്രേഡ് യൂണിയനുകൾ അത് വെറുതെ നോക്കിനിൽക്കുകയോ പരിഹസിക്കുകയോ ആണ് ചെയ്തത്. എന്നാൽ അവരുടെ തന്ത്രങ്ങൾ മനസ്സിലാക്കി അവരെ പുറത്താക്കാനും വെളിച്ചത്ത് കൊണ്ടുവരാനും മൂന്നാറിലെ സ്ത്രീകൾക്ക് കഴിഞ്ഞു എന്നത് ഒരു വിജയമാണ്. മൂന്നാറിലേത് ഐതിഹാസികമായ ഒരു സമരമാണെന്നും അതിനാൽ തന്നെ ഇതിനെ വിജയിപ്പിക്കേണ്ടത് കേരളത്തിലെ മുഴുവൻ സ്ത്രീകളുടെയും ആവശ്യമാണ് എന്നുമാണ് കെ. അജിത പറഞ്ഞത്.

യൂണിവേഴ്സിറ്റി വിദ്യാർത്ഥിയും ഡോക്യുമെൻററി സിനിമ സംവിധായികയുമായ തമ്പാട്ടി മധുസൂദനൻ മൂന്നാറിലെ സ്ത്രീകളുടെ കൂടെ ചിലവഴിച്ച സമയത്ത് അവർക്ക് കാണാൻ കഴിഞ്ഞ കാര്യങ്ങളെകുറിച്ച് ഇങ്ങനെ വിശദീകരിച്ചു അവിടെ തലമുറകളായി അടിമകളെപ്പോലെ പണിയെടുക്കുന്ന തൊഴിലാളി കുടുംബങ്ങളാണ് ഭൂരിഭാഗവും. ഈ തൊഴിലാളികളിൽ മിക്ക സ്ത്രീകൾക്കും ജോലി സംബന്ധമായ അസുഖങ്ങൾ, ജോലി കൊണ്ടുണ്ടായ അംഗവൈകല്യങ്ങൾ എന്നിവ കാണാം.

മൂന്നാറിലെ മാത്രമല്ല എല്ലായിടത്തെയും സ്ത്രീ തൊഴിലാളികൾ ഒന്നിച്ചാൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവൂ എന്നാണു ഓട്ടോ തൊഴിലാളിയായ ജഫ്രിയ പറഞ്ഞത്. ഇത്തരം സ്ത്രീ തൊഴിലാളികളുടെ നവമുന്നേറ്റങ്ങളുടെ കാലമാണിനി എന്ന് അഡ്വ അണിമ പറഞ്ഞു. ഇത്രയും നാൾ ഇങ്ങനെ ഒരു യോഗം വിളിക്കാതിരുന്നതിൽ ശ്രീജ ഖേദം പ്രകടിപ്പിച്ചു.

തയ്യാറാക്കിയത് ഗാർഗി.എച്ച്



റിപ്പോർട്ട്
അമ്പിളി സുധീർ

# മലയാള കവിത– വായനയും ദർശനവും സിംപോസിയം

സാഹിത്യഅക്കാദമിയും അന്വേഷിയുടെ സ്ത്രീമാസികയായ സംഘടിതയും ചേർന്ന്, മലയാളകവിത വായനയും ദർശനവും എന്ന വിഷയത്തെ അധികരിച്ച് ദ്വൈദിന സിംപോസിയം നടത്തി. സെപ്തംബർ 12ന് ശനിയാഴ്ച കോഴിക്കോട് ശിക്ഷക്സദൻ ഹാളിലാണ് പരിപാടി സംഘടിപ്പിച്ചത്. അമ്പതിലധികം സ്ത്രീകൾ ക്യാമ്പിൽ പങ്കെടുത്തു. സാഹിത്യഅക്കാദമി മലയാളം ഉപദേശകസമിതി അംഗം സാവിത്രിരാജീവൻ പരിപാടി ഉദ്ഘാടനം ചെയ്തു. വളരെ അമൂർത്തവും ആഴവുമുള്ള വിഷയമാണ് ഇവിടെ ചർച്ചചെയ്യപ്പെടുന്നതെന്നും കവിത അതാത് കാലത്ത് അതിന്റെ ധർമ്മം അനുഷ്ഠിക്കേണ്ടതുണ്ടെന്നും തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സാവിത്രിരാജീവൻ വ്യക്തമാക്കി. തുടർന്ന് ടി.വി.സുനീത മുഖ്യപ്രഭാഷണം നടത്തി. ഈ ക്യാമ്പ് ഒരു ചരിത്ര സംഭവമാണെന്നും ഒരുപാട് കാലത്തെ പോരാട്ടങ്ങളിലൂടെ സ്ത്രീകൾ നേടിയെടുത്ത എഴുത്തിന്റെ സ്വാതന്ത്ര്യം വിളിച്ചോതുന്ന ഈ ക്യാമ്പ് സ്ത്രീകൾക്കു വേണ്ടി സ്ത്രീകളാൽ നടത്തപ്പെട്ടു എന്നത് ചരിത്രത്തിന്റെ ഭാഗമായി എണ്ണാവുന്നതാണെന്ന് സുനീത വ്യക്തമാക്കി. പുതിയ എഴുത്തുകാരികൾക്ക് കടന്നുവരാനുള്ള നല്ല അവസരങ്ങൾ സംഘടിതയിലൂടെ അജിതേച്ചിയുടെ നേതൃത്വത്തിലുള്ള ടീം വേദിയൊരുക്കുന്നുണ്ടെന്നത് അഭിനന്ദനീയമാണെന്ന് അവർ എടുത്തു പറഞ്ഞു.

തുടർന്ന് ചടങ്ങിന് ആദ്ധ്യക്ഷം വഹിച്ചുകൊണ്ട് അന്വേഷി ഡയറക്ടർ കെ.അജിത സംസാരിച്ചു. സംഘടിത തങ്ങളുടെ അഭിമാനമാണെന്നും ഈ നാട്ടിലെ സ്ത്രീകൾക്കൊക്കെ എഴുതാനുള്ള വേദിയൊരുക്കിയതിൽ താനടക്കമുള്ള ടീമിന് സന്തോഷമുണ്ടെന്നും അജിത വ്യക്തമാക്കി. സാമ്പത്തികബുദ്ധിമുട്ട് നേരിടുമ്പോഴും ഈയൊരു വസ്തുതയാണ് സംഘടിത മുന്നോട്ടു കൊണ്ടു പോകാനുള്ള കരുത്ത് നൽകുന്നതെന്ന് അജിത പറഞ്ഞു. സംഘടിത സ്ത്രീകളുടെ ഇടമാണെന്നും ജനാധിപത്യത്തിന്റെ ഇടമായി ഇത് മാറണമെന്നുമാണ് തന്റെ ആവശ്യമെന്ന് അവർ സൂചിപ്പിച്ചു.

കേന്ദ്രസാഹിത്യഅക്കാദമി അംഗം ജയന്തി ചടങ്ങിൽ സംസാരിച്ചു. സാഹിത്യഅക്കാദമിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവർ വിശദമായി സംസാരിച്ചു.

സംഘടിത അഞ്ചുവർഷത്തിലേക്ക് നീങ്ങുന്ന ഈ അവസര

ത്തിൽ പരിമിതികൾക്കിടയിലും ഒറ്റ ലക്കം പോലും മുടങ്ങാതെ ഇറക്കി എന്നത് തങ്ങളുടെ വിജയമാണെന്ന് ആമുഖ പ്രസംഗത്തിൽ ക്യാമ്പ് കോ-ഓർഡിനേറ്റർ ചാരുലത പറഞ്ഞു.

അമ്പേഷി സെക്രട്ടറി ശ്രീജ നന്ദി പറഞ്ഞു. തുടർന്ന് ചർച്ചാ സമ്മേളനം പ്രശസ്തകവി കൽപ്പറ്റനാരായണന്റെ വിഷയാവതരണത്തോടെ ആരംഭിച്ചു. ഒരു സ്ത്രീയും മറ്റൊരു സ്ത്രീയും തമ്മിലുള്ള വ്യത്യാസത്തേക്കാൾ കുറഞ്ഞൊരു ദൂരമേ ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ളൂ. അതിനാൽ ആഴമേറിയ അസ്തിത്വം സ്ത്രീകൾക്കുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ പുരുഷൻ കൽപ്പിക്കുന്ന വിലക്കുകൾക്ക് അവൾ ഇരയാകുന്നു എന്നത് കവിതകളിൽ പോലും കാണാൻ കഴിയുന്ന വസ്തുതയാണെന്നത് കുമാരനാശാന്റെ കൃതികളെ ഉദാഹരണമാക്കിയെടുത്തുകൊണ്ട് അദ്ദേഹം സംസാരിച്ചു. തുടർന്ന് ബാലാമണിയമ്മയുടെ കവിതകളെ മുൻനിർത്തിയുള്ള ഒരു പഠനം വി.എം.ഗിരിജ നടത്തുകയുണ്ടായി. ഏറ്റവും ധീരമായ നിലപാടെടുത്ത എഴുത്തുകാരിയാണ് ബാലാമണിയമ്മയെന്നും പുരുഷനെ കൂടുതൽ ദയാവായ്പ്പോടെ കണ്ട ഒരു വ്യക്തിയായി അവരെ വിലയിരുത്താവുന്നതാണെന്നും അവർ പറഞ്ഞു. സ്ത്രീയുടെ ജീവിതത്തിൽ നിന്ന് ജിജ്ഞാസയുടെ സാധ്യത എടുത്തുമാറ്റപ്പെട്ടത് അല്ലെങ്കിൽ വിലക്കപ്പെട്ടത് ബാലാമണിയമ്മയെ ഏറെ വേദനിപ്പിച്ചിട്ടുണ്ടെന്നത് അവരുടെ കൃതികളിൽ നിഴലിക്കുന്നുണ്ടെന്ന് വി.എം.ഗിരിജ അഭിപ്രായപ്പെട്ടു.

പിന്നീട് 'കാവ്യഭാഷ' യെക്കുറിച്ച് പി.എം.ഗിരീഷ് സംസാരിച്ചു. നമ്മുടെ അർത്ഥഘടന ശരീരാധിഷ്ഠിതമാണെന്നും ഓരോരുത്തർക്കും വ്യക്തിവ്യാകരണം പോലെ കവികൾക്കും ഒരു വ്യാകരണമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ചമത്ക്കാരവ്യാകരണം. ഇത് എഴുത്തുകാരന്റെ കഴിവിൽ ഊന്നിയ കാര്യമാണ്. പിന്നീട് പുതിയ കവിത പുതിയ ഭാവന എന്ന വിഷയത്തെ ആസ്പദമാക്കി ഉഷാകുമാരി സംസാരിച്ചു. സ്വയം ഉള്ളിലേക്ക് നോക്കിയിരിക്കുന്ന കവിതകളാണ് ആധുനികതയിൽ ഏറെ ദർശിക്കാവുന്നതെന്നും പുതിയകാലത്ത് സ്ത്രൈണതയെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്ന കവിതകൾ കാണാവുന്നതാണെന്നും ഉഷാകുമാരി പറഞ്ഞു. തുടർന്ന് 'സ്ത്രീ എഴുത്തിലേക്ക് കടക്കുമ്പോൾ' എന്ന വിഷയത്തെക്കുറിച്ച് ഗിരിജപാതേക്കര സംസാരിച്ചു. സ്വന്തം അനുഭവത്തിലൂന്നി അവർ സംസാരിച്ചത് ഏറെ പ്രചോദനാത്മകമായി. എഴുത്ത് ജീവിതത്തിൽ തരുന്ന വലിയൊരിടമാണ്. അതൊരു സ്വതന്ത്രരാഷ്ട്രമാണ്, അവർ പറഞ്ഞു. ഓരോ പരിമിതികളെയും കവിതയായി മാറ്റുമ്പോൾ ഒരു നല്ല കാവ്യസൃഷ്ടി സംഭവിക്കുമെന്ന് അവർ സൂചിപ്പിച്ചു. ഷീബാ ദിവാകരനും സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ നിന്നുള്ള പാഠങ്ങളാണ് പങ്കുവെച്ചത്. ക്രിയാത്മകരായ സ്ത്രീകൾ ജീവിതത്തിൽ നിന്ന് അവ മാറ്റിവെക്കുമ്പോൾ ഏറെ അസ്വസ്ഥരായി കണ്ടിട്ടുണ്ടെന്ന് അനുഭവത്തിൽ നിന്ന് അവർ വിശദീകരിച്ചു.

അമ്പേഷിയുടെ കീഴിലുള്ള ഷോർട്ട് സ്റ്റേ ഹോമിലാണ് ക്യാമ്പംഗങ്ങൾക്ക് താമസസൗകര്യം ഒരുക്കിയത്. രണ്ടാംദിവസം എല്ലാവരും കവിതകളെഴുതി. കല്പറ്റനാരായണനും വി.എം.ഗിരിജയും ആ കവിതകളെ മുൻനിർത്തി സംസാരിച്ചത് ക്യാമ്പംഗങ്ങൾക്ക് ആവേശം പകർന്നു. ○





# വാസ്തവം



ഡോ.ജാൻസി ജോസ്

നമുക്കൊരു മര്യാദയില്ല എന്നത് ആരും പറഞ്ഞുകേട്ട് മനസ്സിലാക്കേണ്ട കാര്യമില്ലെങ്കിലും കാണുന്ന സ്ഥലങ്ങളിൽ മുണ്ടുപൊക്കി മൂത്രമൊഴിക്കുന്നത് മര്യാദയാണോ അല്ലയോ എന്നത് ആരെങ്കിലും പറഞ്ഞു തരേണ്ടിവരും. മുണ്ടുപൊക്കി ശീലമുള്ള മലയാളികൾ പൊതുസ്ഥലത്ത് മൂത്രമൊഴിക്കരുത് എന്ന് നിയമം വന്നാൽ എന്തുചെയ്യും? മൂത്രമൊഴിക്കാൻ മാത്രമല്ല മുണ്ടുപൊക്കുന്നത് എന്നറിയാവുന്നവർക്കറിയാം നിയമസഭയിലെങ്കിലും ഒരവസരം കിടപ്പുണ്ടെന്ന്. സ്ത്രീകളുടെ മാത്രം കഴിവുകളിൽ ഒന്നാണ് ഇരുപത്തിനാല് മണിക്കൂർ വരെ മൂത്രം പിടിച്ചു വെക്കുക എന്നത്. നിയമം വരുന്നതുകൊണ്ട് മദ്യശാലകളെക്കാൾ കൂടുതൽ മൂത്രശാലകൾ ഉണ്ടാകുമെന്നതും ആശ്വാസകരം തന്നെ. പക്ഷേ ഒരഭ്യർത്ഥന. ആണുങ്ങളുടെ മൂത്രപ്പുരക്കടുത്ത് പെണ്ണുങ്ങളുടെ മൂത്രപ്പുര വേണ്ടേ വേണ്ട. കോളാമ്പിയിൽ മൂത്രമൊഴിച്ചു പോകുന്നതല്ലാതെ വെള്ളമൊഴിക്കാനുള്ള മര്യാദയൊന്നും ആരും കാണിക്കാറില്ല. മാത്രമല്ല ഭിത്തികളിൽ എഴുതിവെക്കുന്ന തെറിവായിച്ച് പലരുടെയും വായിൽ പുണ്ണു പിടിക്കുകയും ചെയ്യുന്നു. എന്തായാലും മുട്ടുമ്പോളല്ല പുര കാണുമ്പോൾ തീർക്കാനുള്ളതാണ് മൂത്രശങ്ക എന്നത് നിയമപരമായിത്തീരട്ടെ. പെണ്ണുങ്ങളെകാണുമ്പോൾ 'വ്യാജേന' പൊക്കുന്നവർക്കും ഒരു പാഠമാകട്ടെ.

ഗവ. ഉദ്യോഗസ്ഥർക്ക് എട്ട് മാസം പ്രസവാവധി കൊടുക്കുമ്പോൾ ജോലിയില്ലാത്ത സാധാരണക്കാർക്ക് എത്രദിവസം അവധിയെടുക്കാൻ കഴിയുന്നുണ്ട് എന്നത് ആരോർക്കും. തലേദിവസം വരെ മണ്ണും കല്ലും ചുമന്ന് ഇപ്പോൾ വരാം എന്നുപറഞ്ഞു പോയി പ്രസവിച്ച് വളരെ ശാന്തയായി തിരിച്ചുവരുന്ന സാധാരണസ്ത്രീകൾ ധാരാളമുള്ള നാടാണ് നമ്മുടേത്. സമയമുണ്ടെങ്കിലും പോഷകാഹാരകുറവുമൂലം മുലയൂട്ടാൻ പാലില്ലാതെ വിഷമിക്കുന്ന ദരിദ്രരെ കാണാൻ ആർക്ക് കണ്ണുണ്ടാകും. നിയമം നല്ലതാണ്. എല്ലാവരേയും പരിഗണിക്കുന്ന നിയമം വരുന്നതാണ് ഒരു മര്യാദ. മൂക്കിൽ പല്ലുമുളയ്ക്കുമ്പോൾ മാത്രം ജോലി കിട്ടുന്ന സംവിധാനമാണ് നമുക്കുള്ളത്. പെണ്ണുങ്ങളെ പ്രസവിപ്പിക്കാൻ വിടുന്ന പ്രായത്തിൽ ആർക്ക് ഇപ്പോൾ ജോലി കിട്ടും? രാഷ്ട്രീയക്കാരോ കൈക്കൂലി കൊടുക്കാനുള്ളവരോ മാത്രം ജോലിക്കുകയറുന്ന നാടായി മാറിക്കൊണ്ടിരിക്കുകയാണ് നമ്മുടേത്. മുപ്പത്തഞ്ച് വയസ്സാകുമ്പോൾ ജോലി കിട്ടുകയും വാർദ്ധക്യം ശമ്പളം വാങ്ങി തലങ്ങും വിലങ്ങും നടക്കുകയും ചെയ്യുന്ന ഒരു കൂട്ടം ഉദ്യോഗസ്ഥരെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഉദ്യോഗമണ്ഡലങ്ങളെല്ലാം. 18നും 35നും ഇടയിലുള്ള ഊർജ്ജസ്വലതയുടെ കാലം മുഴുവൻ തേരാപാര നടക്കുന്ന കാഴ്ചകൾ ആരു മറക്കും. ഉദ്യോഗത്തിന്റെ പ്രായപരിധി 25 ആക്കേണ്ടുന്നതിന്റെ ആവശ്യം മര്യാദപൂർവ്വം മാനിക്കേണ്ട സമയമായിരിക്കുന്നു.

പെണ്ണുങ്ങളെ വരച്ചവരയിൽ നിർത്താൻ വീടും കുടുംബം തൊഴിലിടങ്ങളും റോഡും വാഹനവുമെല്ലാം ശ്രമിക്കുമ്പോൾ ചുണക്കുട്ടിയായ ഒരു ഐ.എ.എസ്സുകാരി ഗവണ്മെന്റിന്റെ വിഷമുക്ത കേരളം എന്ന സ്വപ്നത്തെ സഫലമാക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറായി ജോലി നോക്കുമ്പോൾ പെണ്ണുങ്ങൾക്കു മാത്രമല്ല അഭിമാനം തോന്നുന്നത്. കിട്ടുന്ന കിമ്പളം വാങ്ങി മിണ്ടാതിരിക്കുന്നവരുടെ കൂട്ടത്തിലല്ല അനുപമ ഐ.എ.എസ്. ചങ്കൂറ്റമുള്ള പെണ്ണുങ്ങൾ ധാരാളമുണ്ട് നമ്മുടെ നാട്ടിൽ എന്നതിന് തെളിവാണ് അനുപമ. ഇതൊക്കെയാണെങ്കിലും സ്ത്രീകൾ ജോലി ചെയ്യുന്നത് കൊണ്ടാണ് നാട്ടിലെ തൊഴിലില്ലായ്മക്ക് കാരണമെന്ന് വിളമ്പിയത് ഛത്തീസ്ഗഡിലെ വിദഗ്ദന്മാർ ഞങ്ങൾ 'ആദരം' വായിച്ചു. പെണ്ണ് വിവർത്തനം ചെയ്താൽ കൃതിക്ക് വില കൊടുത്തും പെണ്ണിനെ വിലകെടുത്തിയും ഞെട്ടിച്ചതും മര്യാദകേടല്ലേ? അധ്യാപകരില്ലാത്ത സ്കൂളിൽ പഠിക്കാൻ വിധിക്കപ്പെട്ട പെൺകുട്ടികളും വന്ധ്യംകരണശസ്ത്രക്രിയക്ക് വിധേയരായ ആദിവാസി പുരുഷന്മാരുമെല്ലാം ഏതു മര്യാദയുടെ സൃഷ്ടികളാണ്. നായ്ക്കൾക്കും മനുഷ്യനും ഒരുപോലെ വന്ധ്യംകരണം പരീക്ഷിക്കാൻ മനസ്സുവരുന്ന മര്യാദരാമന്മാർ നമ്മുടെ നാട്ടിൽ നിറഞ്ഞു കവിഞ്ഞു. എന്തായാലും ഒന്നോർമ്മിക്കാതെ വയ്യ. നേരും നെറിയുമുള്ള സാധാരണക്കാർക്ക് ജീവിക്കാൻ പറ്റിയ സാഹചര്യമല്ല കേരളത്തിലുള്ളത്.

കഥ

# ചിന്തകൾ ബാക്കിയാവുന്നു



പ്രിയ വി.പി

കഥയുടെ അവസാനവാചകവും ടൈപ്പ് ചെയ്ത്, വായനക്കാരുടെ എണ്ണത്തിൽ മുൻപന്തിയിലെന്നവകാശപ്പെടുന്ന വാരികയിലേക്ക് ഇ-മെയിലായി അയച്ചുകഴിഞ്ഞപ്പോഴേക്ക് ഉറക്കം അതിന്റെ അവസാന മുന്നറിയിപ്പെന്ന മട്ടിൽ സുദീർഘമായ ഒരു കോട്ടുവാ സമ്മാനിച്ചു. പുര നിറഞ്ഞു നിൽക്കുന്ന ഒരെണ്ണത്തെക്കൂടി കൈപിടിച്ചു കൊടുത്ത പോലൊരു നിർവൃതി. അതിന്റെ ഭാവി ഭാസുരമാകുമെന്ന പ്രതീക്ഷയൊന്നും എനിക്കില്ല. ചിലപ്പോൾ ഒരു മറുപടി വന്നേക്കാം. "കഥ കിട്ടി. പ്രസിദ്ധീകരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. കഥയെഴുതാൻ കഴിയും എന്ന് തെളിയിക്കുന്നു ഈ രചന. ധാരാളം വായിക്കുക. എഴുതിശീലിക്കുക." സന്തോഷം പ്രിയപ്പെട്ട പത്രാധിപരേ അത്രമാത്രം ഖേദിക്കേണ്ട കാര്യമൊന്നുമില്ല. എന്റെ ഉച്ഛ്വാസവായു മാത്രമേറ്റ് മുഷിഞ്ഞ ചില സൃഷ്ടികളോട് തോന്നുന്ന സഹതാപമാണ് പല വിലാസങ്ങളിലേക്കായി അവയെ കയറ്റിവിടാൻ എന്നെ പ്രേരിപ്പിക്കുന്നത്. അതോടെ ഒരു സ്രഷ്ടാവെന്ന നിലയിലുള്ള എന്റെ കടമ അവസാനിക്കുന്നു. ശ്രദ്ധിക്കപ്പെടുന്നതും പെടാതിരിക്കുന്നതും അവയുടെ ഭാഗ്യനിർഭാഗ്യങ്ങൾക്കനുസരിച്ചിരിക്കും. ഈ പുതിയ കഥ എനിക്കങ്ങനെയല്ല. മുന്നിയുടെ നിരന്തരമായ നിർബന്ധത്തിനു വഴങ്ങി എഴുതിയതാണ്. രാത്രികളിൽ അവളുടെ ശല്യം കാരണം ഉറങ്ങാനാവാതെ എഴുന്നേറ്റിരുന്നിട്ടുണ്ട്.



പറഞ്ഞപ്പോഴേക്കും ദാ എത്തിയല്ലോ. മുന്നീ ഞാനറിയാൻ വയ്യാഞ്ഞിട്ട് ചോദിക്ക്യാ. നീയിങ്ങനെ എന്റെ പിറകെ കൂടിയിരിക്കുന്നതെന്തിനാ? എന്റെ ഭർത്താവിന്റെ സുഹൃത്തിന്റെ മകൾ. രണ്ടാം വർഷ ബിരുദക്കാരി. എന്നതിനപ്പുറം നിന്നെക്കുറിച്ച് എനിക്കൊന്നുമറിയില്ലായിരുന്നല്ലോ. ഈ ചെല്ലപ്പേരല്ലാതെ യഥാർത്ഥ പേരു പോലും അറിയില്ല. നിനക്കോ! ഞാനൊരു വീട്ടമ്മ, അല്പസ്വല്പം എഴുതുന്ന ദുശ്ശീലമുള്ളവർ എന്നൊക്കെയല്ലാതെ മറ്റെന്തറിയാം? നിന്റെ കഥ പറയാൻ എന്നെത്തന്നെ തിരഞ്ഞെടുത്തത് എന്തുകൊണ്ടാണെന്ന് ഇപ്പോഴും എനിക്കു മനസ്സിലായിട്ടില്ല.

നീ പറഞ്ഞതുപോലെ തന്നെ കഥയുടെ തുടക്കം നിന്റെ ഉമ്മ സുഹ്റ, തറവാട്ടിലെ നിനക്കേറ്റവും ഇഷ്ടമുള്ള മുറിയിൽ ആ ഫാനിനു കീഴിലായി ചിന്താമഗ്നയായി കിടക്കുന്നിടത്താണ്, നിന്നെ പ്രസവിച്ചു കിടന്ന മുറിയിൽ നീ ആദ്യം ചിരിച്ച, നിന്റേതായ ഭാഷയിൽ എന്തൊക്കെയോ സംസാരിച്ച ആ ഫാനിനു കീഴിൽ കിടക്കുമ്പോൾ നിന്നെക്കുറിച്ചല്ലാതെ മറ്റെന്താണ് ഉമ്മ ചിന്തിക്കുന്നുണ്ടാവുക? നിന്റെ അനുജത്തി മാളു ജനിച്ചപ്പോഴേക്ക് പുതിയ വീട്ടിലേക്ക് താമസം മാറിയതും അങ്ങോട്ട് ചെല്ലാതെ നീ ഉമ്മുമ്മയുടെ കൂടെ തറവാട്ടിൽ തന്നെ താമസിച്ചതും പിന്നീട് നിർബന്ധിച്ച് കൂടെ നിർത്തിയെങ്കിലും ഇടക്കിടെ ഉമ്മയോട് വഴക്കിട്ട് പോന്ന് തറവാട്ടിലെ ആ മുറിയിൽ ഫാനിനെ ഉറ്റുനോക്കി നീ മലർന്നുകിടക്കാറുണ്ടായിരുന്നതും എല്ലാം അവരോർക്കുന്നുണ്ട്. ഒടുവിൽ നിന്റെ ദുഃഖഭാരം താങ്ങാൻ അവൻ മാത്രമേ കാണൂ എന്ന് അന്നേ നിനക്കറിയുമായിരുന്നിരിക്കാം.

മാസങ്ങൾക്കു മുൻപ് ഉമ്മയുടെ മടിയിൽ തല ചായ്ച് പരിഭവം പറഞ്ഞ് നീ കരഞ്ഞിരുന്നില്ലേ. "മടുത്തു ഉമ്മാ... ഈ നിസാറെന്താ ഇങ്ങനെ? ഞങ്ങടെ ബാച്ചിൽ ഞാൻ മാത്രാ ടൂറ് പോവാത്തത്." നീ പ്രതീക്ഷിച്ച പോലെ ചിറകിനടിയിൽ ചേർത്തുനിർത്തുകയാണുണ്ടായില്ല. പകരം കൊത്തിയോ

ടിച്ചു. 'ഓനിഷ്ടല്ലെങ്കി യ്യ് പോണ്ട. ഞങ്ങളാരും നിർബ ന്ധിച്ചതല്ലല്ലോ. ഒറ്റക്ക് കണ്ട് പിടിച്ചതല്ലേ. കല്യാണം തീരുമാനിച്ചിട്ടിപ്പോ കൊല്ലം നാലായി. ഞ്ഞിപ്പോ മാറ്റിപ്പറ യാൻ പറ്റോ?"

"പത്താംക്ലാസ്സിലെ പരീക്ഷാ ച്ചൂടും ടെൻഷനും ഒക്കെയാ യപ്പോ ഒരു റിലീഫാവട്ടെ എന്ന് മാത്രേ കരുതീട്ടുള്ളൂ ഓനോട് യെസ് പറയുമ്പോ. അല്ലെങ്കി ത്തന്നെ ആ പ്രായത്തിലൊരു പെൺകുട്ടി പ്രേമിക്കുന്നത് കല്യാണം കഴിക്കാൻ വേണ്ടി യാണോ ഉമ്മാ?"

നിന്റെ മനസ്സു തന്നെയാണ് ഞാൻ എഴുതിവെച്ചിരിക്കുന്ന തെന്ന് മുഖത്തെ ചിരി കണ്ടാൽ എനിക്ക് മനസ്സിലാക്കാം. എങ്കിലും ഞാനൊന്ന് ചോദി ക്കട്ടെ മുന്നീ... പത്താംക്ലാസ്സിൽ പഠിക്കുന്ന മകൾക്ക് കൂടെ കൂടെ വരുന്ന ഫോൺകോളു കൾ ഒരാൺകുട്ടിയുടേതാ ണെന്ന് അറിഞ്ഞപ്പോൾ ഏതൊരു രക്ഷിതാവും ചെയ്യു ന്നത് തന്നെയല്ലേ അന്ന് നിന്റെ ഉപ്പയും ചെയ്തത്. അന്വേഷി ച്ചു. സമ്പന്നതയുടേയും തറ വാട്ട് മഹിമയുടേയും പുളിങ്കൊ മ്പിൽ തന്നെയാണ് മകൾ പിടി മുറുക്കിയതെന്നറിഞ്ഞപ്പോൾ 'പഠനം കഴിഞ്ഞ് കല്യാണം' എന്ന തീരുമാനവുമായി.

അതോടെ കാമുകന്റെ കള്ള ത്തരങ്ങൾക്ക് പകരം ഭർത്താവി ന്റേതായ അധികാരഭാവം നിസാറിൽ വളർന്നു തുടങ്ങി യെന്നല്ലേ നീ പറയുന്നത്. പ്രണയസല്ലാപങ്ങൾ ആജ്ഞക ളിലേക്കും അനുസരിപ്പിക്കലുക ളിലേക്കും വഴിമാറി. അവന്റെ മനസ്സിൽ നീ ഭാവിഭാര്യയും പിറക്കാൻ പോകുന്ന കുഞ്ഞു ങ്ങളുടെ ഉമ്മയുമായി. മനസ്സിനു ആശ്വാസമാകുമെന്ന് നീ കരു തിയ ബന്ധം കൂടുതൽ സംഘർഷങ്ങൾ സമ്മാനിച്ച പ്പോൾ സ്വാഭാവികമായ ഒര കൽച്ച നിങ്ങൾക്കിടയിൽ സംജാതമായി.

"ഒക്കെ ഓന്റെ സ്നേഹക്കൂ ടുതലോണ്ടല്ലേ! അങ്ങൻത്തൊ രുത്തനെ കിട്ടാൻ ഭാഗ്യം വേണടീ" നീ പറഞ്ഞതെല്ലാം മനസ്സിലാകുന്നുണ്ടെങ്കിലും ഒരമ്മ എന്ന നിലയിൽ സുഹ റയ്ക്ക് അന്നങ്ങനെ മാത്രമേ പ്രതികരിക്കാനായുള്ളൂ. പിന്നെ നിന്റെ ആൺ സുഹൃത്ത്, സുഹ റയുടെ ഭാഷയിൽ പറഞ്ഞാൽ 'ആ ഹിന്ദുച്ചെക്കൻ' അവന്റെ പേര് നീയെന്നോട് പറഞ്ഞിട്ടില്ല. കഥയിൽ ഞാൻ അവന് 'വിവേക്' എന്ന് പേരിട്ടു. വിവേകശൂന്യമായ ഒരു പ്രവൃ ത്തിയും അവന്റെ ഭാഗത്തു നിന്നുണ്ടായതായി എനിക്ക് തോന്നാതിരുന്നതുകൊണ്ടാ കാം. അവനുമായുള്ള സൗഹൃദം തുടരുന്നത് നല്ലതിന ല്ലെന്ന് ഉമ്മ നിന്നെ ഉപദേശിച്ച പ്പോൾ നീ പറഞ്ഞ മറുപടി അവരെ ഞെട്ടിച്ചു കളഞ്ഞു. "വിവേകിനെ ലൈഫ് പാർട്ടണ റായി വേണമെന്നൊന്നും ഞാൻ പറഞ്ഞില്ലല്ലോ ഉമ്മ. പക്ഷേ ഇപ്പോൾ എന്റെ ജീവിതത്തിലെ ഒരേയൊരു മരുപ്പച്ച അവനാണ്. അതില്ലാതാക്കാൻ എനിക്ക് വയ്യ". നിന്റെ 'മരുപ്പച്ച' പ്രയോഗം ഉമ്മയുടെ മനസ്സിൽ ആഞ്ഞടിച്ച ഉഷ്ണമേറിയ മണൽക്കാറ്റായിരുന്നുവെന്ന് നീയപ്പോൾ അറിഞ്ഞു കാണി ല്ല. അതിന്റെ പ്രത്യാഘാതമായി രുന്നു ഒരാഴ്ചക്കുള്ളിൽ നിക്കാഹ് നടത്തണമെന്ന ഉപ്പ യുടേയും ഉമ്മയുടേയും തീരുമാ നം.


നിക്കാഹിന്റെ തലേന്നാൾ വരന്റെ വീട്ടിൽ നിന്നുവന്ന ഫോൺകോളാണ് എല്ലാം തകിടം മറിച്ചത്. നീ ആഗ്രഹി ച്ചതും അതുതന്നെയായിരുന്ന ല്ലോ! നിക്കാഹിൽ നിന്നു പിന്മാ റുന്നുവെന്ന അവരുടെ പ്രഖ്യാ പനം കേട്ട് ഉപ്പയും ഉമ്മയും അമ്പരന്നപ്പോൾ "പത്രം കണ്ടില്ലേ?" എന്നൊരന്വേഷ ണവും അവർ നടത്തി. സദാചാ രതത്പരർക്കെതിരെയുള്ള 'ന്യൂജെൻ' സമരമുറയുമായി നീയും വിവേകും മുൻപേജിൽ തന്നെ സ്ഥാനം പിടിച്ചിരുന്നു. മതേതരത്വം വിളിച്ചോതുന്ന സൗഹൃദം മാധ്യമങ്ങൾ ഏറെ പൊലിപ്പിച്ചു കാണിച്ചിട്ടുമുണ്ടാ യിരുന്നു. സമരത്തിലൂടെ നിനക്ക് വേണ്ടത് സാധിച്ചുവെ ങ്കിലും രക്തസമ്മർദ്ദമുയർന്ന് നിന്റെ ഉപ്പ രണ്ടാഴ്ചയാണ് കിട ന്നുപോയത്. വീട്ടിൽ നിന്നും നാട്ടിൽ നിന്നുമുള്ള കുറ്റപ്പെടു ത്തലുകൾ സഹിക്കുമായിരുന്നു. സമരത്തിലേർപ്പെട്ട മറ്റു കുട്ടി കളുടെ ഉദ്ദേശ്യശുദ്ധിപോലും നീ കാരണം കളങ്കപ്പെട്ടു എന്നു വിവേക് പറഞ്ഞു.

എങ്കിലും.... ആരോ ടൊക്കെയോ ഉള്ള വാശി തീർക്കാനെന്ന മട്ടിൽ ഫാനിൽ ഷോൾ കുരുക്കുമ്പോൾ നീ ചിന്തിക്കേണ്ടതായിരുന്നു. സഹ താപപ്രകടനങ്ങളുമായെത്തുന്ന സന്ദർശകർക്കിടയിൽ കുറ്റവാളി യെപ്പോലെ തലകുനിച്ചിരി ക്കുന്ന നിന്റെ ഉമ്മയെക്കുറിച്ച്. ഒരു കുഞ്ഞുദുഃഖം പോലും താങ്ങാൻ കരുത്തില്ലാത്തവ ളായി വളർത്തിയിട്ട് ഒടുവിൽ സർവ്വതെറ്റും പൊറുക്കുന്ന കോടതിയാവേണ്ട സമയത്ത് അതിന് സാധിച്ചില്ലല്ലോ എന്ന് നിന്റെ ഉമ്മ ഇപ്പോൾ ചിന്തിക്കു ന്നുണ്ടാവാം.

നീ ലോകത്തോട് പറയാൻ ആഗ്രഹിച്ചത് നീ പറഞ്ഞു കഴി ഞ്ഞു. ഇനിയെങ്കിലും എന്നെ ഉറങ്ങാൻ അനുവദിക്കൂ. നിന്റെ മരണശേഷം ദിനംപ്രതി ഉടലെ ടുത്തുകൊണ്ടിരിക്കുന്ന കിംവദ ന്തികൾക്ക് ഈ കഥയിലൂടെ തടയിടാമെന്നും ഞാൻ പ്രതീ ക്ഷിക്കുന്നു. ദൈവത്തിന്റെ ഇ- മെയിൽ ഐഡി അറിയാമായി രുന്നുവെങ്കിൽ ഞാൻ അദ്ദേഹ ത്തോട് യാചിക്കുമായിരുന്നു സ്വർഗ്ഗത്തിന്റെ വാതിൽ നിനക്കു മുന്നിൽ കൊട്ടിയടക്കല്ലേ എന്ന്.

○

ശാസ്ത്രം



സീമ ശ്രീലയം

# ആർട്ടിക് സമുദ്രത്തിൽ മഞ്ഞുരുകുമ്പോൾ

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനങ്ങളും പല രൂപത്തിൽ അപായമണികൾ മുഴക്കാൻ തുടങ്ങിയിട്ട് നാളേറെയായി. ആർട്ടിക് സമുദ്ര ഐസിന് റെക്കോർഡ് ശോഷണം സംഭവിച്ചിരിക്കുന്നു എന്നാണ് പുതിയ മുന്നറിയിപ്പ്.അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെയും നാഷണൽ സ്നോ ആന്റ് ഐസ് ഡാറ്റാ സെന്ററിന്റെയും കൊളറാഡോ സർവ്വകലാശാലയുടെയും പഠനറിപ്പോർട്ടുകളാണ് നമ്മെ കാത്തിരിക്കുന്ന വല്ലാത്തകാലത്തെക്കുറിച്ചുള്ള ആശങ്ക വർധിപ്പിക്കുന്നത്. ഉപഗ്രഹങ്ങളുടെ സഹായത്തോടെ നടന്ന പഠനം നൽകുന്ന സൂചനയനുസരിച്ച് ബഹിരാകാശത്തു നിന്നുള്ള ധ്രുവനിരീക്ഷണം തുടങ്ങിയതിനുശേഷമുള്ള നാലാമത്തെ റെക്കോർഡ് ഐസ് ശോഷണമാണ് ഈ വർഷം ആർട്ടിക്കിൽ സംഭവിച്ചിരിക്കുന്നത്.

ആർട്ടിക് സമുദ്രത്തിന്റെ ഉപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന ഐസിന് ഭൂമിയുടെ കാലാവസ്ഥാ നിയന്ത്രണത്തിൽ നിർണ്ണായക സ്വാധീനമുണ്ട്. സൂര്യപ്രകാശത്തെ തിരിച്ച് ബഹിരാകാശത്തേക്ക് പ്രതിഫലിപ്പിക്കുന്ന സമുദ്ര ഐസ് ഭൂമിയുടെ താപനില ക്രമീകരിക്കാൻ സഹായിക്കുന്നു. സമുദ്ര ഐസിന് ഋതുക്കൾക്കനുസരിച്ച് ശോഷണവും വൃദ്ധിയും സംഭവിക്കുന്നത് ഒരു ചാക്രികപ്രക്രിയയാണ്. എന്നാൽ താപമാപിനികളിൽ ചൂട് ഉയർന്നുകൊണ്ടേയിരിക്കുമ്പോൾ , ഭൂമിയിലെ മഞ്ഞ് മുഴുവൻ ഉരുകുമ്പോൾ ,സമുദ്ര ഐസിനും രക്ഷയില്ല. വേനലിൽ ഐസിനു ശോഷണം സംഭവിക്കുന്നത് സാധാരണമാണെങ്കിലും 1996 ന് ശേഷം ഇതിന്റെ തോത് ആശങ്കയുണർത്തുന്ന തരത്തിലേക്ക് എത്തിയെന്ന്

ഗവേഷകർ പറയുന്നു. ഉപഗ്രഹ പഠനങ്ങൾ നൽകുന്ന സൂചനയനുസരിച്ച് ആർട്ടിക് സമുദ്ര ഐസിന്റെ തോത് ഏറ്റവും കുറഞ്ഞ പത്ത് വേനലുകളും കഴിഞ്ഞ പതിനൊന്ന് വർഷങ്ങളിലാണ് സംഭവിച്ചത്.

സമുദ്രജലത്തിനു മുകളിൽ ഒരു പാളി പോലെ കിടക്കുന്ന ഐസിനു ശോഷണം സംഭവിക്കുമ്പോൾ വലിയ ഹിമാനികൾ പോലും അതിവേഗം ഉരുകും. 2012 ൽ ആർട്ടിക് ഐസിനു റെക്കോഡ് ശോഷണം സംഭവിച്ചതിന്റെ ഒരു കാരണം ആ വർഷമുണ്ടായ സൈക്ലോൺ ആയിരുന്നു. എന്നാൽ ഈ വർഷം മഞ്ഞുപാളികൾ അതിവേഗം അപ്രത്യക്ഷമാവാനുള്ള കാരണമെന്ത് എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം തേടുകയാണ് ഗവേഷകർ. പസിഫിക് സമുദ്രത്തിൽ ശക്തിയാർജിക്കുന്ന എൽനിനോ എന്ന കാലാവസ്ഥാ പ്രതിഭാസത്തിന് ഇതുമായി ബന്ധമുണ്ടോ എന്ന ആശങ്കയും ഉയരുന്നുണ്ട്. ആർട്ടിക് സമുദ്ര ഐസിനെ എൽനിനോ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നുണ്ടോ എന്നറിയാൻ ഇനിയും കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. എന്നാൽ അന്റാർട്ടിക് സമുദ്രത്തിലെ ഹിമാനികളുടെ വിതരണത്തെയും സ്വഭാവത്തെയും എൽനിനോ സ്വാധീനിക്കുന്നതായി തെളിഞ്ഞിട്ടുണ്ട്.

ആഗോളതാപനം ആർട്ടിക്ക് സമുദ്രത്തിലെ മഞ്ഞുപാളികൾക്ക് ചരമഗീതം രചിക്കുമ്പോൾ സമുദ്ര ആവാസവ്യവസ്ഥയുടെ താളം കൂടിയാണ് തെറ്റുന്നത്. ധ്രുവക്കരടികളടക്കമുള്ള പലജീവികളും വംശനാശ ഭീഷണിയിലാണ്. ധ്രുവങ്ങളിൽ മഞ്ഞുരുകുമ്പോൾ സമുദ്രജലവിതാനം ഉയരുമെന്ന ഭീഷണി വേറെ.താഴ്ന്ന പ്രദേശങ്ങളും ചെറു ദ്വീപ് രാജ്യങ്ങളുമൊക്കെ ഭീതിയുടെ നിഴലിലാണ്.

ധ്രുവപ്രദേശത്തെ മഞ്ഞുപാളികളുടെ ഒരു ആകാശ സർവ്വേ ഉടൻ നടത്താനുള്ള ഒരുക്കത്തിലാണ് നാസ. ഓപ്പറേഷൻ ഐസ് ബ്രിഡ്ജ് എന്നാണ് ഈ സർവ്വേയ്ക്ക് നൽകിയിരിക്കുന്ന പേരു. ഏതായാലും ഒരു കാര്യം തീർച്ചയാണ്. അസ്വാഭാവികമായ പല മാറ്റങ്ങളും ധ്രുവപ്രദേശങ്ങളിൽ സംഭവിക്കുന്നുണ്ട്. ഭൂമി എന്ന ജീവഗ്രഹത്തിന്റെ ചുട്ടുപൊള്ളുന്ന ഭാവിയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ○

## കാർട്ടൂൺ




**"ക്ഷമിക്കണം പെങ്ങളെ..., ഗോമാതാവിനാണ് എന്റെ മുൻഗണന"**

കടപ്പാട്: **santabanta.com**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara